2019 ആഗസ്ത്, സെപ്റ്റംബർ, ഒക്ടോബർ
ത്രൈമാസിക
₹ 10

# നക്ഷത്രരാജ്യം

ത്രൈമാസിക

The National, State, District, Village star news Kerala & India

Cinema Sports Arts & Literature



പി.ആർ നാഥൻ (ലോകവിചാരം))
രാജൻ ചിന്നങ്ങത്ത് (കഥ)
ശ്രീധരനുണ്ണി (കവിത)
സുകുമാർ കുർക്കഞ്ചേരി (ലേഖനം)
മുണ്ട്യാടി ദാമോദരൻ (ലേഖനം)
പൂനൂർ കെ കരുണാകരൻ (ലേഖനം)
മലയാമ്പള്ളം ശങ്കരൻകുട്ടി ( കഥ )
എം.കെ രവീന്ദ്രൻ വൈദ്യർ കൊടാപ്പള്ളി (കവിത)
നക്ഷത്രരാജ്യം ഇ രാധാകൃഷ്ണൻ (നോവലറ്റ്)
മഞ്ചേരി ബാലചന്ദ്രൻ (ലേഖനം)
ചിത്രാപാട്ട് നീലകണ്ഠൻ (അഭിമുഖം )
വക്കച്ചൻ എടക്കാട്  ( കഥ )
വിനോദ് കുമാർ ദാമോദർ (ലേഖനം)
എ.കെ.എ  റഹ്മാൻ (ലേഖനം)
ബി .കെ. ഇബ്രാഹിം മുർക്കനാട് ( കഥ )



എയർഗണ്ണുകൾക്ക്
മാത്രമായുള്ള ഷോറൂം...
PRECIHOLE SPORTS
AMER SPORTS
NX 100
₹11467/-
.177
SX100 Orion
SX 100
₹8978/-
ലൈസൻസ്
ആവശ്യമില്ല
Orion | Pegasus | Club
Exclusive Dealer in Calicut:
" WE ARE SERVICING ALL TYPE OF AIR RIFLES AND AIR GUNS WITH GUARANTEE "
ഞങ്ങൾക്ക്
മറ്റു ബ്രാഞ്ചുകളില്ല
NATIONAL AIR ARMS®
ISO 9001 : 2015 (QMS)
Puthiyara, Kozhikode - 4. Ph: 2725767, Mob: 9447218956, 9387210268
e-mail: enquiry@nationalairarms.com, www.nationalairarms.com
Dealer for all kinds of: AIR GUNS, AIR PISTOLS, ACCESSORIES & SERVICING.




MS
KRISHNA
METER SERVICE
13/585 - B4, Near Apsara Theatre,
Calicut - 673 002
Ph: 2702760, Mob: 9447337908
We are undertaking Repair & Servicing of all kinds of
Speed Meter and Electronic fare Meters
Dealers in Smart Electronic fare meter for Auto & Call Taxi




മുഖചിത്രം
നസ്രിയ നസീം
(ഫിലിം സ്റ്റാർ)

Nakshatra Rajyam
TRI Monthly (QUARTERLY) Magazine
2019 Aug, Sept, Oct
RNI Title Code: KERMAL 16195 Dt: 22-06-2018
issue 5 - volume 2
Managing Editor, Publisher &
Owned by
Nakshthrarajyam E. Radhakrishnan
Edoli House, Kommeri P.O
Kozhikode- 673007, Kerala
Address
Managing Editior
NAKSHATHRA RAJYAM
P.B. No.1205
Mankavu P.O., Kozhikode - 7
Kerala, India
Mob: 98 47 64 95 67
97 44 23 39 97
e-mail: nakshathrarajyam@gmail.com
WEB
www.nakshathrarajyameradhakrishnan.in
**LAYOUT**
Nakshthrarajyam E. Radhakrishnan
**Cover**
**Color Campus - Calicut**
**Price 10.00**

## എഡിറ്റോറിയൽ



**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**

### ബക്രീദ് – സ്വാതന്ത്ര്യ ദിനം – ഓണം

കേരളത്തിലെ ജനങ്ങൾ ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലായി ബലി പെരുന്നാൾ– സ്വാതന്ത്ര്യ ദിനം– ഓണം എന്നി ദിവസങ്ങൾ വലിയ ആഘോഷമാക്കാനുള്ള ഒരുക്കത്തിലാണ്.

ബക്രീദ് :–ലോക മുസ്ലീം ജനവിഭാഗം ആഘോഷപൂർവ്വം കൊണ്ടാടുന്ന ഒരു മതപരമായ ചടങ്ങാണ് ബക്രീദ് ( ബലി പെരുന്നാൾ) മുസ്ലീം സ്ത്രീകൾ പത്ത് ദിവസം നോൽമ്പ് എടുക്കുന്ന മുഹറം പത്ത് കാലം പുണ്യദിനമായി കേരളത്തിലെ മുസ്ലീം സമുദായം ആഘോഷപൂർവ്വം കൊണ്ടാടുന്നു. നേർച്ച മൃഗങ്ങളെ ബലി കൊടുക്കുകയാണ് ബലി പെരുന്നാളിലെ വിശേഷാചാരം.

സ്വാതന്ത്ര്യ ദിനം:– ആഗസ്റ്റ് 15–ാം തിയ്യതി ഇന്ത്യൻ ജനത സ്വാതന്ത്ര്യ ദിനമായി വർഷം തോറും കൊണ്ടാടുന്നു. 1947 ആഗസ്റ്റ് 15 നാണ് ഇന്ത്യയ്ക്ക സ്വാതന്ത്ര്യം കിട്ടിയത്. ബ്രീട്ടീഷുകാരിൽനിന്ന് ഇന്ത്യയെ സ്വതന്ത്രമാക്കാൻ ജനങ്ങൾ മഹാത്മജിയുടേയും, പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റേയും, അനേകം മഹാന്മാരായ നേതാക്കളുടെയും പിന്നിൽ സഹന സമര ഭടന്മാരായി അണിനിരക്കുകയും – സുഭാഷ് ചന്ദ്രബോസിന്റെ നേതൃത്വത്തിൽ തീവ്രരാഷ്ട്രീയക്കാരായ ജനവിഭാഗവും ഇന്ത്യ സ്വതന്ത്രമാക്കുന്നതിനു വേണ്ടി സമരഭൂമിയിൽ അണിനിരക്കുകയും ബ്രിട്ടീഷുകാർ രാജ്യം വിടുവാനുള്ള സാഹചര്യം നിർമ്മിക്കുകയും ചെയ്തതിന്റെ ഫലമായി ഇന്ത്യക്ക് ബ്രിട്ടീഷുകാരിൽ നിന്ന് സ്വാതന്ത്ര്യം കിട്ടി. ഒരു ഭൂപ്രദേശത്തെ പാക്കിസ്ഥാനായും മറ്റൊരു ഭൂപ്രദേശത്തെ ഇന്ത്യയായും വിഭജിച്ചാണ് ബ്രിട്ടീഷുകാർ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നൽകിയത്. ഇന്ത്യയുടെ 73–ാം സ്വാതന്ത്ര്യദിനാചരണമാണ് 2019 ൽ നാം ആഘോഷിക്കുന്നത്.

ഓണം: മഹാബലി രാജാവ് കേരളം ഭരിച്ചിരുന്ന അല്ലലില്ലാത്ത, കള്ളപ്പറയും ചെറുനാഴിയും ഇല്ലാത്ത സുഭിക്ഷ കേരളത്തിനെ ഓർമ്മിക്കുന്ന ഒരു കേരളായാഘോഷമാണ് ഓണം. ഓണത്തിന് വീട്ടുമുറ്റത്ത് പൂക്കളം തീർത്ത് പ

(ശേഷം പേജ് 15 ൽ)

ചെറുകഥ

# സ്പന്ദനങ്ങൾ



വക്കച്ചൻ എടക്കാട്



അല്പനിമിഷങ്ങൾക്കു മുൻപ് ഭീകരമായി കോച്ചിവലിച്ച് വേദനയുടെ നരകാഗ്നി തീർത്ത ഹൃദയം ശാന്തമായി.

വെട്ടിവിയർത്ത ശരീരവും കുളിർമയുടെ തീരങ്ങളിൽ മുഴുകി.

ഹൃദയത്തിന്റെ പരിഭവവും പാരവശ്യവും ഒപ്പിയെടുത്തിരുന്ന സ്റ്റെതസ്കോപ്പ് മാറ്റിയിട്ട് "ഇപ്പോഴെങ്ങിനെയുണ്ടെന്ന ഡോക്ടറുടെ ചോദ്യം."

"കുറവുണ്ടെങ്കിലും മക്കളോട് സീരിയസ്സാണെന്നേ പറയാവൂ എന്ന എന്റെ മറുപടിയിൽ നെറ്റി ചുളിക്കുന്ന ഡോക്ടർ." എന്റെ ആത്മനൊമ്പരത്തിന്റെ നനഞ്ഞഭാണ്ഡങ്ങൾ പിഴിഞ്ഞുതീർന്നപ്പോൾ മിഴികൾ നിറച്ച് ഡോക്ടർ നടന്നു മറഞ്ഞു. ഒരൊറ്റ ഇഞ്ചക്ഷൻകൊണ്ട് ജീവനിലേക്ക് തിരിച്ചു നടത്തിയ രക്ഷകന്റെ പദവിന്യാസം അകലുന്നതോടൊപ്പം തലച്ചോറിന്നുള്ളിലേക്ക് കറുത്ത മൂടൽമഞ്ഞ് പെയ്തിറങ്ങുന്നതും മിഴികൾ താനെ അടയുന്നതും അറിഞ്ഞു.

പാതി മയക്കത്തിൽ എന്നെ ചൂഴ്ന്നു നിന്ന മൂടൽമഞ്ഞ് ഉരുകുന്നതും അവിടേയ്ക്ക് നേരിയ പ്രകാശരേണുക്കൾ കിനിഞ്ഞിറങ്ങുന്നതും കാണായി. അതാ! ആ പ്രകാശരേണുക്കളിൽനിന്നും അവാച്യമായ്, അനുഭൂതിദായകമായ വേണുഗാന വീചികൾ ഉയരുന്നു. ഹർഷാത്മകമായ സ്വരരാഗസുധയിൽ പുളകിതഗാത്രനായി കിടന്നപ്പോൾ എന്റെ കാതുകളിൽ ഒരു മൃദുമന്ത്രണം.

"മകനേ സുഖമായുറങ്ങൂ നിനക്കു ഞാനുണ്ട്."

ജ്വലിച്ച പ്രകാശബിന്ദുക്കളുടെ മധ്യേ ഓടക്കുഴൽ വായിക്കുന്ന നീലകാർവർണ്ണനെ ഒരു മാത്ര ഞാൻ കണ്ടു. എന്റെ ചുണ്ടുകളിൽ സുസ്മിതം പൂത്തു. ആ സുസ്മിതം ഒരു സരോവരമായി മാറി. അതിൽ നിറയെ ആമ്പലും താമരയും വിരിഞ്ഞ് നൃത്തം ചവുട്ടി. അതിൽ ഒരു താമര എന്റെ നേരെ തത്തിക്കളിച്ചു വരുന്നു. അടുത്തെത്തിയപ്പോൾ അതിന് എന്റെ മൂന്നു വയസ്സുകാരൻ പേരക്കുട്ടിയുടെ മുഖം. ഒരു ലഡു വായിൽ വെച്ചു തന്നിട്ട് അവൻ കൊഞ്ചി. "വല്യച്ഛാ... ഡാഡീം മമ്മിം കാണണ്ട... തിന്നോളൂ..."

ഞാനവനെ വാരിപ്പുണർന്നു. തെരുതെരെ ചുംബിച്ചു. തോളിലേറ്റി നടന്ന് പാട്ടുപാടി കേൾപ്പിച്ചു. സാരോപദേശ കഥകൾ പറഞ്ഞു കൊടുത്തു. അതിനിടയ്ക്ക് അവൻ കുതറിയോടി. പിന്നാലെ ഓടിചെചെന്ന് വാരിയണച്ച് നറുമുത്തം കൊണ്ട് അവനെ പൊതിയുമ്പോൾ പിന്നിലൊരു സ്വരം. "അച്ഛനിങ്ങനെ ഓടരുത് കേട്ടോ... വയ്യാത്തതാ... തിരിഞ്ഞു നോക്കിയപ്പോൾ പിന്നിൽ രണ്ട് ആമ്പൽപൂക്കൾ. മകനും മരുമകളും! അവരുടെ സ്നേഹാദ്ര നയനങ്ങൾ! സ്നേഹവല്ലരി പൂത്ത വിടർന്ന ചുണ്ടുകൾ! "അച്ഛൻ മറന്നിട്ടുണ്ടാകും. നാളെ അച്ഛന്റെ പിറന്നാളാ. ഞങ്ങളൊരു ഗിഫ്റ്റ് കൊണ്ടു വന്നിട്ടുണ്ട്! യു.എസ്സേന്നല്ലാട്ടോ... ഇവിടന്ന് വാങ്ങിയതാ."

പൊതി അഴിച്ചു നോക്കിയപ്പോൾ എനിക്കേറ്റവും ഇഷ്ടപ്പെട്ട ഖദർ ഷർട്ടും മുണ്ടും. നാളെ ഉടുത്താ മതിയച്ഛാ... മക്കളുടെ അപേക്ഷ കേൾക്കാതെ മുണ്ട് വാരിവലിച്ചുടുത്ത് ഷർട്ടുമിട്ട് കണ്ണാടിയുടെ മുമ്പിലെത്തി. "ഹായ് എന്താ ഒരു ഗമ." മനസ്സിലോർത്തു. പെട്ടെന്ന് ഒരു പൊട്ടിച്ചിരി കേട്ടു. ചിരിയുടെ ഉടമസ്ഥയെ ഞാൻ ഒളികണ്ണിട്ടു നോക്കി. ഒരു കൊച്ചു മാലാഖ. എന്റെ പുന്നാര മകൾ! എനിക്കു സുഖമില്ലെന്നു കേട്ടപ്പോൾ കാനഡയിൽനിന്നും പറന്നുവന്നവൾ!

"എന്താടീ ഇളിക്കുന്നേ..."

എന്റെ സ്വരത്തിൽ തെല്ലു ഗൗരവം.

"ഏയ് ഒന്നുല്യ, അച്ഛന്റെ ഗമ കണ്ടു ചിരിച്ചതാ..."

ഓടിവന്ന് കെട്ടിപ്പിടിച്ചപ്പോൾ അവളുടെ ചെവിക്ക് നല്ല കിഴുക്കു കൊടുത്തു.

അതിനിടയ്ക്ക് അവൾ പേഴ്സിൽ നിന്നും വലിയൊരു സ്വർണ്ണമാലയെടുത്ത് എന്റെ കഴുത്തിലിട്ടു.

"ഇതും കൂടി കിടക്കട്ടെ. ഗമ കുറക്കണ്ട."

എല്ലാവരും പൊട്ടിച്ചിരിച്ചു.

കൂടെ ഞാനും.

അപ്പോൾ മനസ്സ് മന്ത്രിച്ചു.

"ഇതൊന്നുമല്ല മക്കളേ വലുത്. നിങ്ങളുടെ സ്നേഹം. സാമിപ്യം. അതാ വേണ്ടത്! "

നേരിയ നടുക്കത്തോടെ സ്വപ്നം വിടപറഞ്ഞപ്പോൾ ആലസ്യത്തോടെ ഞാൻ കണ്ണു തുറന്നു. കതകു തുറന്ന് നെഞ്ചിൽ സ്റ്റെതസ്ക്കോപ്പു തൂക്കി പുഞ്ചിരിയോടെ വരുന്ന ഡോക്ടർ! പിന്നിൽ മക്കളുടെ ആകാംക്ഷ മുറ്റിയ വദനങ്ങൾ.

"ഡോക്ടർ ഇന്ന് നൈറ്റിൽ ടൊൽവ് തേർട്ടിക്കാണ് ഫ്ളൈറ്റ്. പോകാതിരിക്കാൻ പറ്റില്ല." മകന്റെ ഉറച്ച സ്വരം.

"സീരിയസ്സാണെന്നു കേട്ടതുകൊണ്ടാ ഞാൻ ലീവ് എടുത്തു വന്നത്. എനിക്കും രാവിലത്തെ ടെൻ തേർട്ടിക്കുള്ള ഫ്ളൈറ്റിനു പോകണം."

മകളുടെ പരിഭവം കലർന്ന സ്വരം.


എന്റെ ഹൃദയം സടകുടഞ്ഞെണീറ്റ് ചുരമാന്തി രക്തധമനികളിൽ പ്രകമ്പനം തീർത്തു. വൃദ്ധസദനത്തിലെ ഉളുമ്പു മണവും, ഏകാന്തതയുടെ മുൾക്കിരീടവും തൊട്ടറിഞ്ഞ് പൊട്ടിപ്പിളർന്ന ഹൃദയം എന്നോടു ചോദിച്ചു.

"ഈ സ്പന്ദനങ്ങൾ നിറുത്തി ഞാനും യാത്രയാകട്ടെ?"

ആയിരംവട്ടം സമ്മതമെന്നു പറയാൻ എനിക്കൊട്ടും സമയം കിട്ടിയില്ല.

അതിനു മുൻപ്... ■

**കഥ**



രാജൻ ചിന്നങ്ങത്ത്



# ഇതളുകൾക്കുള്ളിലെ സൗരഭ്യം

കറുത്ത പൊന്നിന്റെ നാട്ടിൽ ദീർഘമായ ഒരു കാലയളവ് കഴിച്ചുകൂട്ടി ധാരാളം പണമുണ്ടാക്കിയതിനു ശേഷമാണ് അയാൾ വീണ്ടും നാട്ടിൽ മടങ്ങിയെത്തിയത്.

വിദേശത്തിരുന്നുകൊണ്ടുതന്നെ പണികഴിച്ച മനോഹരമായ പുതിയ വീട്ടിൽ.

മഞ്ഞുമൂടികിടക്കുന്ന ആ പ്രഭാതത്തിൽ മുകളിലെ കാരിയറിൽ സൂട്ട്കേസുകളും, ബോക്സുകളും വഹിച്ചുകൊണ്ടുള്ള ടാക്സികാർ നിരത്തിൽ പൂഴിയുടെ അലകളുയർത്തികൊണ്ടു വന്നുനിന്നത് ഗ്രാമത്തിലെ സ്ത്രീകളും കുട്ടികളും കൗതുകത്തോടെയും പിന്നെ അല്പം അമ്പരപ്പോടെയും കണ്ടു.

തെക്കുപുറത്തെ കരിമ്പനയുടെ ചുവട്ടിൽ നിന്നുകൊണ്ട് ഭവാനിയും ആ കാഴ്ചകണ്ടു.

പേർഷ്യയിൽനിന്നും പതിനായിരങ്ങളും ലക്ഷങ്ങളുമായി അയാളയച്ചുകൊണ്ടിരുന്ന ബാങ്ക്ഡ്രാഫ്റ്റുകൾ സന്തോഷപൂർവ്വം കൈപ്പറ്റുകയും ആ തുകയുപയോഗിച്ച് അയാൾക്കുവേണ്ടി കെട്ടിടം പണിയുന്നതിലൂടെ സ്വയം സമ്പന്നനാകുകയും ചെയ്ത എഞ്ചിനീയർ സുകുമാരൻ വടക്കുനിന്നും പരിഭ്രമത്തോടെ ഓടിവന്നു.

“വരുന്ന വിവരത്തിന് ഒരു ഫോൺപോലുമുണ്ടായില്ലല്ലോ?”

“പെട്ടന്നാണ് പോരാൻ തീരുമാനിച്ചത്.” അയാൾ ചെറുതായി ചിരിച്ചുകൊണ്ടു പറഞ്ഞു.

സൂട്ടുകേസുകളും മറ്റും ഇറക്കിവച്ച് ടാക്സി ഡ്രൈവറെ സംപൃതനാക്കി മടക്കി അയച്ചതിനു ശേഷം അയാൾ സുകുമാരന്റെ കാലടികളിൽച്ചവിട്ടി വീടൊക്കെ ചുറ്റി നടന്നു കണ്ടു. അയാളയച്ചുകൊടുത്തിരുന്ന പ്ലാനിൽ നിന്നും തെല്ലും പിശകാതെ, ആധുനിക മാതൃകയിൽ സർവ്വസൗകര്യങ്ങളോടുംകൂടി പണി തീർത്ത വീട്.

എന്റെ വീട്- എന്റെ വീട്... മനസ്സ് തുള്ളിച്ചാടി.

താൻ കൊണ്ടുവന്നിരുന്ന ഗിൽട്ടുള്ള വാൾപേപ്പർ കൂടി പതിച്ചു കഴിയുമ്പോൾ ഈ മുറികൾ എത്ര ഭംഗിയുറ്റതായിത്തീരുമെന്നാലോചിച്ചുകൊണ്ടു നിൽക്കുമ്പോൾ, ജീവിതത്തിൽ താനെന്തൊക്കെയോ നേട്ടങ്ങളുണ്ടാക്കിയിരിക്കുന്നതായി ആദ്യമായി തോന്നി. അതിന്റെ ചാരിതാർഥ്യം ഒരു ലഹരിയായി ഉള്ളിൽ പടരുന്നതും അയാളറിഞ്ഞു.

സുകുമാരൻ, പിന്നെ, കണക്കുകൾ ബോധിപ്പിക്കാൻ തുനിയുന്നതു കണ്ടപ്പോൾ, വിദ്യാർത്ഥിയായിരിക്കുമ്പോഴേ കണക്ക് വെറുക്കപ്പെട്ട വിഷയമായനുഭവപ്പെട്ടിട്ടുള്ള അയാൾ ധൃതിപിടിച്ചു ചോദിച്ചു.

“ഞാനെന്തെങ്കിലും സുകുമാരനിനി തരേണ്ടതായുണ്ടോ?”

“എനിക്കോ!” സ്വല്പം അന്ധാളിപ്പോടെ സുകുമാരൻ അറിയിച്ചു:

“ഞാനങ്ങോട്ടാണ് തരാനുള്ളത്.”

“അത് സുകുമാരനിരിക്കട്ടെ. മടക്കിത്തരണ്ട.”

അതിരുകളില്ലാത്ത നന്ദിയും ആശ്ചര്യനിർഭരമായ ആഹ്ലാദവും സുകുമാരന്റെ ചടച്ച മുഖത്തെ പ്രകാശമാനാക്കി.

വിനയത്തിന്റേയും അനാവശ്യമായ ആദരത്തിന്റേയും മെഴുക്കുപുരണ്ട കണ്ണുകൾ വിടർത്തിക്കൊണ്ട് തന്റെ പഴയ സഹപാഠിയും ചങ്ങാതിയുമായ സുകുമാരൻ മുന്നിൽ നില്ക്കുമ്പോൾ അയാളെന്തുകൊണ്ടോ അസ്വസ്ഥനായി.

പണംകൊണ്ട് എന്താണ് നേടാൻ കഴിയാത്തത് എന്ന് കൊതിച്ചിരുന്ന

ഒരു കാലമുണ്ടായിരുന്നു.

പണ്ട്.

കറൻസി നോട്ടുകൾ നിറമുള്ള ഒരു സ്വപ്നം മാത്രമായിരുന്ന പ്രായത്തിൽ.

ഇന്നോ?

ഇന്നാ തോന്നലില്ല.

അതിനപ്പുറവും കണ്ടുകഴിഞ്ഞ കണ്ണുകളുടെ തഴക്കമാവാം കാരണം.

ഭൗതികജീവിതത്തിലെ പല ചിരകാല സങ്കല്പങ്ങളും നിഷ്പ്രയാസം യാഥാർത്ഥ്യമാക്കിത്തീർക്കാൻ സാധിച്ചു. അപ്രാപ്യമെന്നുകരുതി നിരാശപ്പെട്ടിട്ടുള്ള പല സുഖാനുഭവങ്ങളും വാരിക്കോരി നുകരുവാൻ കഴിഞ്ഞു.

ഒടുവിൽ, ജീവിതത്തിന് ഇത്രയൊക്കെ സുഖസൗകര്യങ്ങൾ ഈ ഭൂമിയിൽ ആവശ്യമാണോ എന്ന തോന്നൽ പോലുമുണ്ടായി.

എന്നിട്ടുമെന്തേ മനസ്സിലെ അറകളെല്ലാം ശൂന്യമായിത്തീർന്നത്?

വർണ്ണങ്ങളെല്ലാം മൊരിയടർന്നു നശിച്ചത്?

എല്ലാമുള്ളപ്പോഴും ഒന്നുമില്ലായ്മയുടെ ദാരിദ്ര്യം എന്നും, എപ്പോഴും അനുഭവിച്ചത്?

"എന്താ സുകുമാരൻ നിൽക്കുന്നത്? അവിടെ ഇരിക്കൂ." അയാൾ പറഞ്ഞു.

എന്നിട്ടും, എട്ടു മാസത്തിലധികം കൂടെനിന്നു പണിയിച്ച വീടിനകത്തിരിക്കാൻ സുകുമാരൻ വിഷമിക്കുന്നതു കണ്ടപ്പോൾ അത്ഭുതപ്പെടുകതന്നെ ചെയ്തു.

"വൈഫിനും കുട്ടികൾക്കുമെല്ലാം സുഖമാണല്ലോ?."

"കുട്ടികളില്ല. പ്രസവിച്ചിട്ടില്ല." സുകുമാരൻ വല്ലായ്മയോടെ തിരുത്തി.

ഒരബദ്ധം തൊടുത്തുവിട്ടതിന്റെ ജാള്യതയോടെ പറഞ്ഞു:

"ഓഹോ ഞാനതൊന്നും അറിഞ്ഞില്ല."

ചാരനിറമുള്ള ഓവർകോട്ടൂരി, സുകുമാരൻ തുറന്നുകൊടുത്ത അലമാരിക്കകത്തെ ഹാങ്ങറിൽ തൂക്കുമ്പോൾ എന്നും തോന്നുമായിരുന്ന ഒരു സത്യം വെറുതെ അയാൾ വെളിവാക്കി.

"ഒരിക്കലും എനിക്കിഷ്ടമില്ലാത്ത ഒരു വേഷമാണിത്. ഇതൊക്കെ ദേഹത്ത് വലിച്ചു കേറ്റുമ്പോൾ സത്യ പറഞ്ഞാൽ വീർപ്പുമുട്ടുകയാണ് ചെയ്യുന്നത്"

സുകുമാരൻ ഒരു കഥ കേൾക്കുന്ന കുട്ടിയുടെ ഔത്സുക്യവുമായി നിൽക്കുമ്പോൾ അയാൾ തുടർന്നു പറഞ്ഞു: "പക്ഷേ നഗരങ്ങളിലും വിദേശങ്ങളിലുമൊക്കെ ഇതില്ലാതെ പറ്റില്ലല്ലോ!"

"ആണല്ലോ.", ആ അർത്ഥത്തിൽ സുകുമാരനും തലയാട്ടി.

ബ്രീഫ്കേയ്സിൽനിന്നും ത്രിബിൾ ഫൈവിന്റെ പുതിയ സിഗരറ്റു പായ്ക്കറ്റെടുത്ത് റാപ്പർ പൊളിച്ചുകൊണ്ടിരിക്കെ അയാൾ കൂട്ടിച്ചേർത്തു: "മനുഷ്യർക്കൊക്കെ, ഐ മീൻ, നഗരങ്ങളിൽ ജീവിക്കുന്ന ഈ എലൈറ്റ് ക്ലാസ്സുണ്ടല്ലോ, അവർക്കൊക്കെ ഒരുതരം ഭ്രാന്താണ് സുകുമാരൻ എന്തെല്ലാം വേഷങ്ങളഭിനയിച്ചുകൊണ്ടാണ് ഇവരൊക്കെ കഴിയുന്നതെന്നറിയണമെങ്കിൽ കുറേക്കാലം അവരോടൊപ്പം ജീവിക്കതന്നെ വേണം."

"ഞാൻ പുകവലിക്കില്ല–" നീട്ടിയ സിഗരറ്റ് സ്നേഹപൂർവ്വം നിരസിച്ചുകൊണ്ട് സുകുമാരൻ പറഞ്ഞു: "ഭാഗ്യത്തിന് അത്തരം ദുശ്ശീലങ്ങളിലൊന്നും പെട്ടിട്ടില്ല."

സൂര്യൻ ഉദിച്ചു പൊങ്ങുന്നതേയുള്ളു.

മഞ്ഞുകൊണ്ട് വെറുങ്ങലിച്ചു നിൽക്കുന്ന വൃക്ഷശിഖരങ്ങളിലും ചെടികളിലും ആദ്യവെയിലിന്റെ കീറുകൾ മഞ്ഞപ്പക്ഷികളെപ്പോലെ പറന്നു ചെന്നിരിക്കുന്നതും, നേർത്ത കുളിരുകുത്തുന്ന കാറ്റിൽ മാഞ്ചില്ലകൾ ഇളകിയാടുന്നതും നോക്കിക്കൊണ്ട് അയാൾ പിന്നെ നിശ്ശബ്ദനായി ഇരുന്നു.കാക്കകൾ ശബ്ദിക്കുന്നു. എവിടെയോ കാമാർത്തയായ ഒരു പശു നിലവിളിക്കുന്നു. പാടത്തിന്റെ കരകളിൽ ഇടതൂർന്നു നിൽക്കുന്ന കശുമാവിൻ തോപ്പുകളിൽ കിളികൾ ചിലയ്ക്കുന്നു...

പറമ്പിലാകമാനം പടർന്നു കിടക്കുന്ന ഉണക്കം ബാധിച്ചു തുടങ്ങിയിട്ടില്ലാത്ത മുത്തങ്ങപ്പുല്ലിന്റെ പച്ചപ്പ്;

തളിർത്തു തുടങ്ങിയിരുന്ന മാവുകളുടെ ഭംഗി; വേലിയിറമ്പിൽ നിറയെ പൂത്തുനിൽക്കുന്ന കോളാമ്പിപൂക്കളുടെ നിറം– ജീവിതത്തിൽ അതിനുമുമ്പെങ്ങും കണ്ടിട്ടില്ലാത്ത കാഴ്ചപോലെ, വന്യവും അത്യാകർഷകവുമായ പുതുമയോടെ അതൊക്കെ നോക്കിക്കൊണ്ടിരിക്കെ അയാൾ സുകുമാരനെ മറന്നു; താനിരിക്കുന്ന വീടിനെ മറന്നു; ഹരമുണർത്തുന്ന ആവേശത്തിൽ ഒരു ഹിമബിന്ദുപോലെ വീണലിയുകയായിരുന്നു അയാളുടെ മനസ്സ്.

തുടർന്നെപ്പോഴോ അയാൾ സ്വന്തം ബാല്യകൗമാരങ്ങളിലേക്ക് തിരിച്ചുപോയി.

കാലത്തിനും പ്രായത്തിനുമൊക്കെ അപ്പുറത്തുനിന്നുകൊണ്ടെന്നവണ്ണം ഉള്ളിൽ മന്ത്രിച്ചു:

– കണ്ണിമാങ്ങകൾ എറിഞ്ഞുവീഴ്ത്തിയും അമ്പഴങ്ങാ പറിച്ചുമൊക്കെ വികൃതിയായി നടന്ന നാളുകൾ... മലവെള്ളം ഉയർന്നുപൊങ്ങുന്ന കോൾപ്പാടങ്ങളിൽ നീന്തിക്കുളിക്കുമായിരുന്ന വൈകുന്നേരങ്ങൾ... ഉത്സവങ്ങൾക്കും പെരുന്നാളുകൾക്കമൊക്കെ മുടങ്ങാതെ പോകുമായിരുന്ന കാലങ്ങൾ.

ഹൃദ്യമായ ആ ഓർമ്മകളെ ഛേദിച്ചുകൊണ്ട് സുകുമാരൻ അനുവാദം ചോദിച്ചു:

"എനിക്കത്യാവശ്യമായി ഒരെടത്തൊന്നും ചെല്ലാനുണ്ട്. പൊയ്ക്കോട്ടെ? ഉച്ചതിരിഞ്ഞ് വീണ്ടും വരാം. ഉച്ചയ്ക്ക് ഭക്ഷണം കൊടുത്തയക്കാം."

സൂട്ട്കെയ്സ് തുറന്ന് സുകുമാരന് ഷർട്ട് പീസുകളും ഭാര്യയ്ക്ക് ചുവപ്പും മഞ്ഞയും പ്രിന്റുകളോടുകൂടിയ ഒരു സാരിയും എടുത്തു കൊടുത്തു.

സുകുമാരൻ പോയപ്പോൾ മൂവന്തിയിലെ ഇരുട്ടുപോലെ ഏകാന്തത അയാൾക്കു ചുറ്റും പരന്നുനിറഞ്ഞു.

ഒറ്റപ്പെട്ടുപോയ നിമിഷങ്ങളിൽ അവിചാരിതമായ ഒരു ദൃശ്യം പോലെ ഓർത്തുപോയി:

–ഈ സുന്ദരമായ വീട് നിലകൊള്ളുന്ന സ്ഥാനത്ത് മുമ്പുണ്ടായിരുന്ന പഴയ ഇരുനിലക്കെട്ടിടം.

നിറം മങ്ങിയ ഓടുകൾ, ദ്രവിച്ചു തുടങ്ങിയ മര ഉരുപ്പടികൾ, വെള്ളപൂശിയകാലം മറന്നുപോയ ചുവരുകൾ...

വിഷാദം പൊടുന്നനെ പൊട്ടിയൊലിക്കാൻ തുടങ്ങി.

വെളിച്ചം കടന്നുവരാനറയ്ക്കുന്ന ആ പഴയ വീട്ടിലെ ഇരുണ്ടതും ഇടുങ്ങിയതുമായ മുറികൾക്കകത്ത് ഒരു തടവുകാരിയെപ്പോലെ ജീവിച്ചിരുന്ന അമ്മ.


എന്നോ അകാലമരണമടഞ്ഞ

**കഴിഞ്ഞലക്കം തിരുത്ത്**

# CARTOON
# C.K. RAGHAVAN

ckraghavanyz.blogspot.com






അച്ഛനെക്കുറിച്ചുള്ള ഊഷ്മളമായ ഓർമ്മകളും നിരന്തരം ഞെരുക്കിക്കൊണ്ടിരിക്കുന്ന ജീവിത വൈഷമ്യങ്ങളുമായി സ്വന്തം ദൗർഭാഗ്യങ്ങൾക്ക് കീഴടങ്ങികൊണ്ട് നാളുകൾ പോക്കിയ അമ്മ.

ആ അമ്മ ഇന്നെവിടെ?

–ആ വീടും ഇപ്പോഴെവിടെ?

ദേഹമാസകലം എണ്ണ കുളിർക്കെ തേച്ച്, മുടി മേലോട്ടാക്കി കെട്ടിവച്ച് താളിയും തോർത്തുമായി മുറ്റത്തെ മണലിൽ ആകൃതിയുള്ള കാലടിപ്പാടുകൾ പതിപ്പിച്ച് കടുപ്പശ്ശേരി ക്ഷേത്രക്കുളത്തിൽ കുളിക്കാൻ പോവുമായിരുന്ന ഭവാനി...

നഷ്ടങ്ങളുടെ ദീർഘമായ പരമ്പരയിൽ അതെല്ലാമുൾപ്പെട്ടു.

രാവിലെ എന്നും വൈകിയുണരുമായിരുന്ന അയാളുടെ കണിയായിരുന്നു യൗവനം തഴച്ചുനിന്ന ആ പെൺകുട്ടി. കണ്ണുതുറന്നു കഴിഞ്ഞാൽ അവളുടെ വരവുനോക്കിക്കോണ്ട് ജനാലയ്ക്കൽത്തന്നെയിരിക്കുമായിരുന്ന പ്രഭാതങ്ങൾ.

വാഴക്കൂട്ടങ്ങൾക്കിടയിലൂടെ, മുറ്റത്തെ മണലിലൂടെ, കണങ്കാൽവരെ പാവാടപ്പൊക്കിപ്പിടിച്ച്, ആശങ്കനിറഞ്ഞ നേത്രങ്ങളും വിറയാർന്ന പുഞ്ചിരി പരക്കുന്ന ചുണ്ടുകളുമായി അവൾ കടന്നുപോകുമ്പോൾ, നെഞ്ചിടിപ്പിന്റെ വേഗം വർദ്ധിക്കുകയും പുതിയ പുതിയ വിചാരങ്ങൾ പൊട്ടിമുളയ്ക്കുകയും ചെയ്യുമായിരുന്ന യൗവനത്തിന്റെ ബാല്യദശ.

ഒടുക്കം അത് ഹൃദയങ്ങൾ തമ്മിലുള്ള ബന്ധമായി വളരുകയും, സുദൃഢമാവുകയും ചെയ്തപ്പോൾ സ്വന്തം സ്വർഗ്ഗങ്ങളെപ്പറ്റിയും സ്വന്തമായ ഒരു കുടംബത്തെപ്പറ്റിയും, സങ്കല്പിക്കാൻ തിടുക്കം കാട്ടിയ മനസ്സ്.

–എല്ലാം എന്ത് വിഡ്ഢിത്തമായിരുന്നു...!

തുടർച്ചയായി കൈമാറിക്കൊണ്ടിരുന്ന പ്രേമലേഖനങ്ങളിലൊന്ന് എങ്ങനെയോ ഒരിക്കൽ കണ്ടുപിടിക്കപ്പെട്ടു. അവളുടെ വീട്ടിൽ അതൊരു വിപ്ലവം തന്നെ സൃഷ്ടിച്ചു. കോളിളക്കങ്ങളുണ്ടാക്കി.

അയൽപക്കത്തിരുന്നുകൊണ്ട് പ്രണയമോ?

ഭവാനിയടെ അച്ഛൻ ഗർജ്ജിച്ചുവത്രെ: "നുറുക്കും ഞാൻ നിന്നെ! അഹങ്കാരി."

നാടാകെ ആ സംഭവം അറിഞ്ഞു. പലരും ഗുണദോഷിക്കാനും ഉപദേശിക്കാനും വന്നു:

"തൊട്ടുതൊട്ടുകൊണ്ടിരുന്നു ഇതൊന്നും വേണ്ടായിരുന്നു. ആ പോട്ടെ, എല്ലാമങ്ങ് മറന്നുകളഞ്ഞേക്ക്."

മറ്റുചിലരുടെ നിർദ്ദേശവും സ്വന്തം സ്വപ്നങ്ങളുടെ പ്രേരണയുമനുസരിച്ച്, ഒരു ദിവസം നേരെ ചെന്ന് ഭവാനിയുടെ അച്ഛനെ കണ്ടു! അവളെ വിവാഹം കഴിക്കാൻ സന്നദ്ധനാണെന്നറിയിച്ചു.

"സ്വത്തോ ആഭരണമോ യാതൊന്നും വേണ്ട. ഭവാനിയെ

മാത്രം മതി."

"എന്നിട്ടോ? താനെങ്ങനെ പിന്നെ ജീവിക്കും?" സ്വല്പം പരിഹാസ ചുവകലർന്ന സ്വരത്തിൽ അവളുടെ അച്ഛൻ ചോദിച്ചു: "സുഖത്തിലും സന്തോഷത്തിലും കഴിയണ എന്റെ മോളെ ജീവിതകാലം മുഴുവൻ കണ്ണീരുകുടിപ്പിക്കാൻ ഞാൻ കൂട്ടു നില്ക്കണം അല്ലേ?"

ആത്മവിശ്വാസത്തിന്റെ ധൈര്യം ശേഖരിച്ചുകൊണ്ടു പറഞ്ഞു:

"ഭവാനിക്ക് അത്രയൊന്നും വിഷമിക്കേണ്ടി വരില്ല."

"തനിക്കെന്തുണ്ടായിട്ടാണ് ഇങ്ങനെയൊക്കെ പറയുന്നത്?

ഇവിടത്തെ വയ്ക്കോൽത്തുറുവിന്റത്ര സ്വത്തെങ്കിലുമുണ്ടെങ്കിൽ തരക്കേടില്ലായിരുന്നു."

അഭിമാനത്തിന്റെ പിടലിക്കേറ്റ കനത്ത തൊഴി.

ക്ഷോഭം പണിപ്പെട്ടടക്കി എഴുന്നേറ്റു നടക്കുമ്പോൾ ഇത്രയും കൂടി കേട്ടു.:

ആദ്യംതന്നവെ ജീവിക്കാനുള്ള കശൊണ്ടാക്ക് മോനെ! എന്നിട്ടു പോരെ സംബന്ധാലോചന?-"

അപമാനഭാരത്തോടെ, കനം തൂങ്ങിയ ഹൃദയവുമായി നടക്കുമ്പോൾ പണത്തിന്റെ പ്രശസ്തിയും പ്രാധാന്യവും പർവതങ്ങൾപോലെ ചിന്തയിൽ വളർന്നു.

അതുപിന്നെ തടഞ്ഞുനിർത്താൻ കഴിയാത്ത ഒരാവേശമായി.

ആർത്തി നിറഞ്ഞ ഒരു ലക്ഷ്യമായി.

ആ വെല്ലുവിളിയുടെ ശക്തമായ താഡനമാണ് കടലുകൾക്കും ആകാശങ്ങൽക്കുമപ്പുറത്തെ അറേബ്യൻ മണൽക്കാടുകളെക്കുറിച്ചുള്ള മോഹങ്ങളിറക്കിവിട്ടത്.

പുറത്താരോ വന്നെന്ന് തോന്നിയതുകൊണ്ടു എഴുന്നേറ്റു ചെന്നു.

വിശ്വസിക്കാൻ പ്രയാസം തോന്നി.

തണുപ്പിൽനിന്നും രക്ഷപ്പെടാൻ കീറിയകരിമ്പടം പുതച്ച്, അകത്തേക്കു കയറാൻ മടിച്ച് മുറ്റത്തുനില്ക്കുന്നതാരാണ്?

ഭവാനിയുടെ അച്ഛനല്ലേ അത്?

"വാ, അമ്മാവാ", ശബ്ദത്തിന് പതർച്ചയുണ്ടാകാതിരിക്കാൻ ശ്രദ്ധിച്ചുകൊണ്ട് വിളിച്ചു: "എന്താ അവിടെത്തന്നെ നിൽക്കുന്നത്? അകത്തേക്ക് വരൂ"

അകാലത്തിൽ പടുവാർദ്ധക്യം ബാധിച്ച ആ രൂപം ക്രൂരമായ ഒരാത്മസംതൃപ്തി ഉള്ളിൽ വിരിയിക്കേ



ണ്ടതായിരുന്നില്ലേ?

എന്നിട്ടും ദയയുടെ കതകുകളാണ് തുറക്കപ്പെട്ടത്.

"എന്താണ് അമ്മാവിനിത്ര ക്ഷീണം?"

"എല്ലാം പോയി കുഞ്ഞേ-" ഉണക്കം ശുഷ്ക്കമാക്കിയ ശബ്ദത്തിൽ ഭവാനിയുടെ അച്ഛൻ പറഞ്ഞു.

"എല്ലാം നശിച്ചു. ഒരു വ്യവഹാരത്തിൽപ്പെട്ട് കോടതി കയറിയതാ കാരണം. പണവും നിലവുമൊക്കെ നഷ്ടായി. എന്തിനാ വിസ്തരിക്കണ്, താമസിക്കണ വീടും പറമ്പുതന്നെ കടത്തിൽപെട്ടിരിക്കാ. അതിനൊക്കെ പുറമേയാണ് ഭവാനിയുടെ കാര്യം."

ഭവാനിക്കെന്തുപറ്റി? എന്ന ഉത്കണ്ഠയോടെ നോക്കിയപ്പോൾ അയാൾ വിശദീകരിച്ചു: "അവളെ കല്യാണം കഴിച്ചതും പിഴച്ചു. സ്വകാര്യായിട്ട് ഒരു പെണ്ണും കുട്ടിയുമുള്ള ഒരു തെമ്മാടിയായിപ്പോയി അത്. എന്താ ചെയ്യാ? എന്നും അടിം ഇടിം തന്നെ. സഹിക്ക വയ്യാണ്ട് അവളും രണ്ടു കുട്ടികളും ഒടുക്കം തിരിച്ചു പോരാ ചെയ്തത്."

ഉള്ളിൽ എന്തൊക്കെയോ പൊട്ടിത്തകർന്നു വീഴുന്നു.

കരുണയുടെ അണക്കെട്ട് തകരുന്നു.

ഭവാനിയുടെ ജീവിത ദുരന്തം.

ആത്മാവിൽ ആർദ്രപൂർവ്വമായ വികാരമായി വേദന നനവാളുന്നു.

പിന്നെ വൃദ്ധന്റെ വാക്കുകൾ വളരെ അകലെനിന്നെന്നവണ്ണം കേട്ടു.

"നിന്നെ ഞാൻ കുറെ വിഷമിപ്പിച്ചിട്ടുണ്ട്. അതിന് ക്ഷമ ചോദിക്കാനാ ഞാൻ വന്നത്."

"ഓ, അതൊക്കെ നിസ്സാരകാര്യമല്ലേ?" അയാൾ ആശ്വസിപ്പിച്ചു:ഞാനതൊക്കെ അപ്പഴേ മറന്നു."

പോകാൻ നേരത്ത് ഭവാനിയുടെ അച്ഛന് പുതിയ കമ്പിളിയുടുപ്പ് കൊടുത്തു. പോളിസ്റ്റർ ഷർട്ട് കൊടുത്തു. പുകയ്ക്കാൻ സിഗരറ്റും. ഭവാനിയുടെ കുട്ടികൾക്കായി മിൽക്ക് ചോക്കലേറ്റുകളും കൊടുത്തു.

തുടർന്ന് നിരന്തരം സന്ദർശകരുടെ ബഹളമായിരുന്നു.

ഗ്രാമം മുഴുവനും അയാളുടെ വീട്ടിലെത്തി.

എല്ലാ കണ്ണുകളും തന്നിൽ തങ്ങി നിൽക്കുന്നു. എല്ലാ നോട്ടങ്ങളിലും ആരാധനാ ഭാവം മുറ്റിനിൽക്കുന്നു.

ഓരോസ്വരവും ഭക്തിയും ഭയവുംകൊണ്ട് നേർത്തിരുന്നു...

താൻ ഗ്രാമത്തിലെ രാജാവായി ത്തീർന്നിരിക്കുന്നു. അയാളതോർത്ത് രസിക്കുകയും ഗൂഢമായി ചിരിക്കുകയും ചെയ്തു.

തന്നെ കാണുവാൻ വന്ന ആരേയും വെറുംകയ്യോടെ അയാൾ മടക്കിയയച്ചില്ല. സ്ത്രീകൾക്ക് തുണിത്തരങ്ങൾ നൽകി. പുരുഷന്മാർക്ക് സിഗരറ്റോ ലൈറ്ററോ പേനയോ നൽകി. കുട്ടികൾക്ക് ഡാനീഷ് ചോക്കലേറ്റുകളും ബദാമും പിസ്തയും നൽകി.

ഒരാൾ മാത്രം വന്നില്ല.

ഭവാനി.

വരുമെന്ന പ്രതീക്ഷയുണ്ടായിരുന്നുവോ?

രാത്രിയായപ്പോൾ കലശലായ ആലസ്യമനുഭവപ്പെട്ടു. ദുസ്സഹമായ ഏകാന്തതയും മൂകതയും.

അപ്പോഴാണയാൾ ആലോചിച്ചത്: ഇത്രയും വലിയൊരു വീട് അനാവശ്യമാണ്.

ഇവിടെ ഒറ്റപ്പെടലിന്റെ വ്യഥയുമായി ദിനരാത്രങ്ങൾ കഴിച്ചുകൂട്ടുന്നത് എത്ര ബോറായിരിക്കും?

സ്റ്റീരിയോ ഓൺ ചെയ്ത്, തനി

ക്കിഷ്ടപ്പെട്ട ശോകഗാനങ്ങൾ ശ്രവിച്ചുകൊണ്ടും അതിലലിഞ്ഞു കൊണ്ടും , നാഗലിംഗപുഷ്പം പോലെ പൊഴിയുന്ന നിലാവി ലേക്കു നോക്കി അയാൾ കിടന്നു.

പിന്നീടെപ്പോഴാണാവോ, മുറ്റത്ത് കരിയിലകളമരുന്ന ഒച്ച.

കരുതലോടെ പിടഞ്ഞെഴുന്നേറ്റ് സൂക്ഷിച്ചു നോക്കുമ്പോൾ, വാഴ ക്കൂട്ടങ്ങളുടെ നിഴലുകൾക്കിട യിൽ മറ്റൊരു നിഴൽ.

-ഭവാനിയാണോ അത്?

-ഭവാനിയല്ലെ അത്?

മെല്ലെ മുറ്റത്തേക്കിറങ്ങിച്ചെന്നു.

നിലാവിൽ ഒരു പ്രതിമപോലെ നിൽക്കുന്ന ഭവാനിയുടെ കവിളു കളിലൂടെ ഉരുണ്ടുരുണ്ടു വീഴുന്ന കണ്ണീർമണികൾ.

അയാളുടെ ധൈര്യം ചോർന്നു പോവുകയും കരുത്തേറിയ വികാ രത്തിന്റെ തള്ളിച്ചയാൽ മനസ്സിടറു കയും ചെയ്തു.

മുഖത്തോടുമുഖം നോക്കി, കണ്ണോടുകണ്ണു നോക്കി, ആത്മാ വിലേക്കു നോക്കി, എത്രനേരം അങ്ങനെ നിന്നു?

എത്രനേരം?

ആശ്വസിപ്പിക്കാൻ വാക്കുകൾ തിരയുകയായിരുന്നു.

"എല്ലാം ഞാനറിഞ്ഞു ഭവാനി... വളരെ ദുഃഖമുണ്ട്."

കുറേക്കഴിഞ്ഞപ്പോൾ അവൾ ചോദിച്ചു:

"എന്നോട് വിരോധം കാണും ഇല്ലേ?"

"എന്തിന്" എല്ലാം മനസ്സിലാ ക്കാൻ കഴിവുള്ളവനല്ലേ ഞാൻ?"

"എന്നാലും..."

"ഒന്നുമില്ല." അയാൾ സഹാനുഭൂ തിയോടെ പറഞ്ഞു: എങ്കിലും ഭവാനി സന്തോഷത്തോടെ കഴി യുന്നതു കാണാൻഞാനാഗ്രഹി ച്ചു. അതും നടന്നില്ലല്ലോ?

"എന്റെ വിധിയാണ്."

അതു പറഞ്ഞു കഴിഞ്ഞതോടെ അവളുടെ കണ്ണു നീർവറ്റുന്ന അത്ഭുതം അയാൾ കണ്ടു. ഈർപ്പം പുരണ്ട സ്വരം വരണ്ടു.

വിധിയെ കുറ്റപ്പെടുത്തി ഭവാനി ആശ്വസിക്കുന്നു. സ്വാതന്ത്ര്യം നേടിയിരിക്കുന്നു...

അവസാനം അയാൾ ചോദിച്ചു: "ഈ രാത്രി ഭവാനി ഒറ്റയ്ക്ക് പോന്നത് ആരെങ്കിലും കണ്ടിരു ന്നെങ്കിലോ?"

എന്നിട്ട് എന്നോ തുരുമ്പുപിടിച്ച് പൊടിഞ്ഞുപോയ ഒരു മഴവില്ലി നെക്കുറിച്ച് ഓർത്തുകൊണ്ടു നിന്നു അയാൾ.

സൂര്യോദയത്തിനുമുമ്പ് വ്യാപി ക്കുന്ന ആദ്യശോഭയുടെ തിളക്കംപോലെ മുഖം പ്രകാശിപ്പി ച്ചുകൊണ്ട് സങ്കോചത്തോടും ആശയോടുകൂടി ഭവാനി പറഞ്ഞു: "എല്ലാവർക്കും സമ്മാനങ്ങൾ കൊടുത്തെന്നറിഞ്ഞു. എനിക്കു മാത്രം ഒന്നും കിട്ടിയില്ല."

വാർദ്ധക്യത്തിലെത്തിയെന്ന് തെറ്റിദ്ധരിച്ചിരുന്ന തന്റെ മോഹം യൗവനത്തിന്റെ ബലമാർജ്ജിക്ക ന്നത് പൊടുന്നനെ അയാൾ ഗ്രഹി ച്ചു.

ഹൃദയസ്പന്ദനങ്ങൾ പരസ്പരം കേൾക്കാവുന്നത്ര അടുത്തുനിന്നു കൊണ്ട് ഓർമ്മിപ്പിച്ചു: "ഭവാനി ക്കല്ലേ ഞാനെന്റെ ആദ്യത്തെ സമ്മാനം തന്നത്?."

പരിഭ്രമത്തോടെ അവൾ ചോദിച്ചു: "എന്ത്?."

സാവകാശം അവളുടെ കൈപി ടിച്ചുയർത്തി, തണുപ്പത്തും വിയർത്തിരുന്ന ആ കൈപ്പത്തി സ്വന്തം നെഞ്ചോടു ചേർത്തു കൊണ്ട് അയാൾ ചോദിച്ചു:

"ഈ ഹൃദയം... അതിത്രവേഗം മറന്നോ?."

■

**കവിത**

# കാലമേ....



**പി.സി. മോഹനൻ**



കാലമേ, നിന്റെ യാത്രയിലൊപ്പം
കാലടി വച്ചണഞ്ഞു ഞാനെന്നോ..
ഓടിവീണു, മെണീറ്റും കരഞ്ഞും
കൂടെയൊപ്പമെത്തീടാൻ കുതിച്ചു,
പിന്നെ നിന്നെക്കടന്നല്പ ദൂരം
ചെന്നു മെല്ലെത്തിരിച്ചു നടന്നും
ഫുല്ലമേതോകനവിൻ നിറവിൽ
മെല്ലെ കണ്ണടച്ചല്പം കിടന്നും,
ഉള്ളിലൂറിയൊരാത്മ സംഗീതം
തുള്ളിയായ് വീണുണർത്തിയ നേരം,
ഞെട്ടി, നിന്നെത്തിരഞ്ഞു തിരഞ്ഞെൻ
നഗ്നനേത്രങ്ങളല്പം തളർന്നും,
ഏറെ മുന്നിൽ നിഴൽപോലെ നിന്റെ
ചാരുരൂപമവ്യക്തമായ് കാൺകെ,
ഓടിയെത്തിനിന്നൊപ്പം വിയർത്തേ
ചോടുകൾ വച്ചിടുന്നു ഞാൻ വീണ്ടും!
കാലമേ, യിനിയെത്രമേലാകും
നീയുമൊത്തുള്ള യാത്ര തുടരാൻ?
ഒപ്പമെത്തുവാനാകാതെയായി
സ്വപ്നമൊന്നും വിരിയാതെയായി
പാതയേറെപ്പരുക്കനായ് മാറി

ബോധമണ്ഡലത്തിൽ നിഴലേറി
നിന്നുപിന്നിലേയ്ക്കൊന്നു നോക്കാതെ
മന്ദമായ് നീയകന്നു പോകുമ്പോൾ
അന്നു തൊട്ടീദിവസം വരേക്കും
കുന്നുകൂട്ടിയൊരോർമ്മകളോടെ
ഒന്നിവിടെത്തളർന്നു നിന്നോട്ടെ
പിന്നെമെല്ലെക്കുഴഞ്ഞു വീണോട്ടെ...
നീയുപേക്ഷിച്ച നിശ്ശബ്ദമാമീ-
ഭൂവിലേകനായ് ഞാനുറങ്ങട്ടെ!

ലേഖനം

# ഉത്സവങ്ങളും ആനയും



എ.കെ.എ റഹ്മാൻ





തൃശ്ശൂർപൂരം

മനുഷ്യജീവിതത്തിന്റെ പരിഷ്കൃതശീലങ്ങളിലൊന്നായിത്തീർന്നിരിക്കുകയാണ് ഉത്സവങ്ങൾ. ആദിമകാലം മുതൽ ഉത്സവങ്ങൾ ആഘോഷങ്ങളായി നടത്തിയിരുന്നു. ഓരോ രാജ്യത്തിനും പ്രദേശത്തിനും അനുയോജ്യമായ വിധം സ്വാഭാവികമായി നടപ്പിലാക്കികൊണ്ടിരിക്കുന്ന ഒരു സാമൂഹ്യ ഇടപെടലാണ് ഉത്സവങ്ങൾ. ആൾക്കൂട്ടമാണ് ഉത്സവങ്ങളുടെ ജീവനാഡി. നടത്തിപ്പുകാരും ഇടപാടുകാരും പ്രേക്ഷകരും ആൾക്കൂട്ടം തന്നെ.

പണ്ടേ മുതൽക്കേ ആരാധനാലയങ്ങളുമായി ബന്ധപ്പെട്ടവരായിരുന്നു ഉത്സവങ്ങളുടെ ആരംഭം കുറിച്ചത്. കാലാകാലങ്ങളായി ആ പാരമ്പര്യം തുടർന്നു പോരുന്നു. ഭാരതത്തെ സംബന്ധിച്ചിടത്തോളം ഹൈന്ദവ, ബുദ്ധ ക്ഷേത്ര നാനാമതസ്ഥരുടെ അമ്പലങ്ങളും, സത്രങ്ങളും, ക്രൈസ്തവരുടെ ആരാധനാലയങ്ങളോടു സംബന്ധിച്ചും അല്ലാതെയും ഉത്സവാഘോഷങ്ങൾ അരങ്ങേറിക്കൊണ്ടിരിക്കുന്നു. പള്ളിപ്പെരുന്നാൾ എന്ന വിശേഷാഘോഷം അങ്ങനെയാണ് അറിയപ്പെട്ടത്. ഇതരമതസ്ഥരേക്കാൾ കൂടുതൽ ഹൈന്ദവർക്കാണ് ഉത്സവങ്ങളും ആഘോഷങ്ങളും പ്രചാരത്തിലുള്ളതായി അറിയപ്പെടുന്നത്. അതും ആരാധനാലയങ്ങളോട് പ്രത്യക്ഷമായും പരോക്ഷമായും ബന്ധപ്പെട്ടുമാണ് കാണപ്പെടുന്നത്.

മുൻപ്രസ്താവിച്ച ആഘോഷ ഉത്സവവേളകളിൽ മോടി കൂട്ടാനായി ആനകളെ പങ്കെടുപ്പിക്കാറുണ്ട്. ആനയുടെ പ്രയാണത്തെ ആനയാറാട്ടെന്ന് പറയുന്നു. ഒരു പക്ഷേ, മനുഷ്യൻ ആദ്യമായി മെരുക്കി വളർത്തിയ മൃഗം ആനയായിരിക്കും. മരത്തടികൾ തുടങ്ങി കനമേറിയ വസ്തുക്കൾ ആനയെ കൊണ്ട് വലിപ്പിച്ചും, പുറത്ത് കയറ്റിയും അദ്ധ്വാനഭാരം മനുഷ്യൻ കുറക്കുന്നു.. ആനയെ ഉത്സവാഘോഷങ്ങൾക്കാണ് മുഖ്യമായും ഉപയോഗിക്കുന്നത്. രാജാക്കന്മാർ നാട് ഭരിക്കുന്ന കാലത്ത് യുദ്ധങ്ങളിലെല്ലാം മനുഷ്യരോടൊപ്പം ആനയും പങ്കാളികളായിരുന്നു.

ഉത്സവങ്ങളും, ആഘോഷങ്ങളും, പൂരങ്ങളും, പെരുന്നാളുകളും നിറഞ്ഞ സംസ്കാരമാണ് കേരള സംസ്കാരം. ഒപ്പം മരവ്യവസായത്തിന്റേയും വ്യാപാരത്തിന്റേയും നാടായ കേരളത്തിൽ ആനയുടെ സാന്നിദ്ധ്യവും പങ്കും പ്രത്യേകം പറഞ്ഞറിയിക്കേണ്ടതില്ല. ആനയുമായി വിശേഷിപ്പിച്ചുള്ള പേരുകൾ കേട്ടോളൂ- ആനമതിൽ, ആനമുഖം, ആനപൃഷ്ടം എന്നിങ്ങനെ ഗളരൂപം വിവിധതരം കലാ-വാസ്തുവിദ്യയെ സ്വാധീനിച്ചും - കൊച്ചി, തിരുവിതാംകൂർ, തിരുക്കൊച്ചി, കേരള സർക്കാർ ഔദ്യോഗികചിഹ്നമായി ആന ശോഭിക്കുന്നു. ട്രാൻസ്പോർട്ട് ബസുകൾക്ക് ആനവണ്ടികൾ എന്ന പേരും വിശ്രുതമാണ്. ആനവിളക്ക്, ആനചന്തം, ആനനട, ആനച്ചമയം, ആനപ്രേമം, ആനക്കാര്യം, ആനകോപം അങ്ങനെ എത്രയെത്ര ശൈലികൾ, അതോടൊപ്പം ആനക്കഥകളും, ആനപ്പഴഞ്ചൊല്ലുകളുമുണ്ട്. അങ്ങനെ കേരള സംസ്കാരത്തിന്റെ കേരള തനിമയുടെ പ്രതീകമായി ആന എന്ന പ്രതിഭാസം അർത്ഥവത്തുതന്നെ. ■

ലോകവിചാരം



പി.ആർ നാഥൻ

# എപ്പോഴാണ് ഉണരുക



ഏറ്റവുമധികം മാനസിക സംഘർഷം അനുഭവിക്കുന്ന ചില വ്യക്തികൾ എന്നെ കാണാനായി വരാറുണ്ട്. അവർക്ക് പ്രഷർ ജാസ്തിയാണ്. ചിലർക്ക് ഹൃദ്രോഗമുണ്ട്. മാനസിക സമ്മർദ്ദത്തിന് ഗുളിക കഴിക്കുന്നവരുണ്ട്. ജീവിതം ആകപ്പോടെ അലങ്കോലമാക്കിയവരും ധാരാളമുണ്ട്. പ്രതിവിധിയായി പറയുന്നതൊന്നും ചെവിയിൽ കയറാത്തതുകൊണ്ട് അവരിൽ ചിലർ അകാലത്തിൽ മൃതിയടയുകയോ രോഗഗ്രസ്തരാകുകയോ ചെയ്യാറുണ്ട്. ആത്മഹത്യചെയ്ത സംഭവങ്ങളുമുണ്ട്. ഒരു ജന്മം മുഴുവൻ ട്രാക്ക് തെറ്റിയ ജീവിതമാണെങ്കിൽ അതിൽനിന്നും കരകയറുക എളുപ്പമല്ല. ഇത്തരം വ്യക്തികളുമായി സൗഹൃദത്തിൽ സംസാരിക്കുമ്പോൾ ഞാൻ പതിവായി ചോദിക്കുന്ന ഒരു കാര്യമുണ്ട്. ആരാധ്യരായ വായനക്കാർക്ക് ഉപകരക്കപ്പെടട്ടെ എന്നു കരുതിയാണ് ഇവിടെ അത് വെളിപ്പെടുത്തുന്നത്.

"നിങ്ങൾ രാവിലെ എത്ര മണിക്കാണ് ഉറക്കമുണരുക?."

ഈ ചോദ്യം ഞാൻ വായനക്കാരോട് ചോദിക്കുന്നു. എന്നോടു തന്നെ സ്വയം ചോദിക്കുന്നു. ഈ ചോദ്യത്തിന് സംഘർഷമനുഭവിക്കുന്നവർ പതിവായി പറയാറുള്ള മറുപടി ഇങ്ങനെ – "കൃത്യമായി ഒരു സമയം പറയാൻ പറ്റില്ല. ഏഴര മണി... എട്ടു മണി. ഒൻപതുവരെ കിടന്നുറങ്ങുന്നവരുണ്ട്." ഒരു കാര്യം തുടക്കത്തിലെ വ്യക്തമാക്കട്ടെ. ഉറക്കമുണരുന്ന സമയം ഒരു നിർണ്ണായക ഘടകമാണ്. പ്രഭാതത്തിൽ ഉറക്കമുണരാത്ത ഒരാൾ ജീവിതത്തിൽ വിജയം വരിച്ചതായി കേട്ടിട്ടില്ല. ഏതെങ്കിലുമൊരു വ്യക്തി ഈ ഗുണമില്ലാതെ ഉന്നതസ്ഥാനത്ത് എത്തിയിട്ടുണ്ടെങ്കിൽ അത് ഒറ്റപ്പെട്ട ഒരു അനുഭവമായിരിക്കും. വൈകിയുണരുന്ന ഒരു സ്ത്രീയോ പുരുഷനോ ശാന്തിയുടെ തീരങ്ങളിൽ എത്തുകയില്ല. അവർ പരീക്ഷ പാസ്സായി എന്നു വരാം. പക്ഷെ ജീവിതത്തിൽ അവർ പരാജയമായിരിക്കും. നല്ല കുടുംബ ജീവിതം അവർക്ക് കിട്ടുകയോ ഇല്ല. വിവാഹമോചനത്തിന് ശ്രമിക്കുന്ന ദമ്പതിമാരിൽ ഭൂരിപക്ഷം പേരും വൈകി ഉണരുന്നവരാണ്. രാത്രിയിൽ ഏറെ നേരം ഉറക്കമിളച്ച് അവർ സമയം കളയുകയോ വഴക്കിടുകയോ ചെയ്യും. ഉണരുമ്പോൾ സൂര്യപ്രകാശം മുറിയിൽ എത്തിയിട്ടുണ്ടാകും. മിക്ക വ്യക്തകളുടേയും പരാജയം ആരംഭിക്കുന്നത് അവിടെനിന്നായിരിക്കും. വൈകിയുണരുന്ന ഭാര്യയ്ക്ക് കുടുംബാംഗങ്ങളുടെ കാര്യം ശ്രദ്ധിക്കാൻ കഴിയില്ല. ഭർത്താവിന് ആദ്യ ബസ്സിൽ ജോലിസ്ഥലത്തേക്ക് പോകാൻ സാധിക്കുകയില്ല. എല്ലാ യാത്രക്കാർക്കും നല്ല സമയം പ്രഭാതമാണ്. പ്രഭാത ബസ്സുകളിൽ പൊതുവെ തിരക്കു കുറവായിരിക്കും. ലക്ഷ്യസ്ഥാനത്ത് പെട്ടെന്ന് എത്താൻ കഴിയും. നിരത്തിൽ ബഹളം കുറവായതിനാൽ ഡ്രൈവ് ചെയ്യുന്നവർക്ക് അത് ഗുണപ്രദമായി മാറും. വെയിലുദിക്കുവോളം കിടന്നുറങ്ങുന്നവർ സ്വൽപ്പം സുഖം അനുഭവിക്കുന്നുണ്ടാകും. പക്ഷേ, അത് കനത്ത ദുഃഖമായി മാറുന്നു. അവരുടെ ആലസ്യം വൈകുന്നേരം

വരേയും നിലനിൽക്കും. മുഖം ഞെണുങ്ങിയ അലൂമിനിയപാത്രം മാതിരിയാണ് ഉണ്ടാകുക. അവർ പഠിക്കുന്ന കാര്യത്തിൽ പിറകിലായിരിക്കും. വൈകിയുണരുന്നവരുടെ ഗൃഹത്തിലേക്ക് മഹാലഷ്മി കയറുകയേ ഇല്ല. കുട്ടിക്കാലത്ത് ഈ ശീലം തുടങ്ങിവെക്കാത്തവർ പൊതുവെ പരാജിതരാകുന്നു. തോൽവികൾ അവരെ കാത്തിരിക്കുന്നു. "ഉണരാൻ വൈകാറുണ്ട്." എന്ന് എന്നോട് പറഞ്ഞ എല്ലാ വ്യക്തികളുടേയും കുടുംബജീവിതവും പരാജയമായിരുന്നു.

രാത്രിയിൽ ഏറെ നേരം എഴുതുകയും വായിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയാണ് ഈ ലേഖകൻ. അൻപത്തിയഞ്ചോളം വലിയ പുസ്തകങ്ങൾ എഴുതി. രാത്രി രണ്ടുമണി വരേയും ഉറക്കമിളച്ചാണ് നോവലുകൾ എഴുതിയത്. അതിനാൽ പ്രഭാതങ്ങളിൽ ഉറക്കമുണരാൻ കഴിയാറില്ല. എങ്കിലും ആറ് മണിക്ക് ഉണരും. ആകാശവാണിയുടെ വചനാമൃതം കേൾക്കും. ബാല്യത്തിൽ കുട്ടികളെ ഉണർത്തുന്ന കാര്യത്തിൽ ചില അമ്മമാർ വിമുഖരായിരിക്കും. ഉണർന്നാൽ ബഹളമുണ്ടാക്കും. അതിനാൽ, പരമാവധി കിടന്നുറങ്ങട്ടെ എന്ന് ചില അമ്മമാർ വിചാരിക്കും. അവർ കുട്ടികളെ സ്നേഹിക്കുകയല്ല ചെയ്യുന്നത്. അമേരിക്കയിൽ നല്ല ഉദ്യോഗത്തിലിരുന്ന് ഭംഗിയായി മക്കളെ വളർത്തുന്ന മഞ്ജു എന്ന യുവതിയുടെ ജീവിതം ഇതിന് ഉദാഹരണമാണ്. അവളെ പ്രഭാതത്തിൽ അമ്മ വിളിച്ചുണർത്തുമായിരുന്നു. വെയിലുദിക്കുവോളം ഉറങ്ങാൻ അമ്മ അനുവദിക്കാതെ പരിശീലിപ്പിച്ചതുകൊണ്ട് മഞ്ജു ഇപ്പോൾ ഭംഗിയായി കുടുംബം നോക്കുന്നു. എന്നാൽ, ജയലക്ഷ്മിയുടെ കാര്യം അങ്ങനെയല്ല. അവൾ ചെറുപ്പം മുതലേ വൈകിയുണരുന്ന കാര്യത്തിൽ സമർത്ഥയായിരുന്നു. ജീവിതത്തിൽ ഇന്നേവരെ അവൾ പ്രഭാതം കണ്ടിട്ടില്ല. പഠിക്കുന്ന കാലത്ത് എന്നും വൈകിയാണ് ജയലക്ഷ്മി കോളേജിൽ എത്തുക. വിവാഹിതയായി രണ്ടു മക്കളുടെ അമ്മയായി. ഇപ്പോഴും ആ സ്വഭാവത്തെ തിരുത്താൻ അവൾക്ക് കഴിയുന്നില്ല. ദിവസേന വൈകിയാണ് ജോലിസമയത്ത് എത്തുക. വൈകിയുണരൽ ജീവിതത്തെ ബാധിച്ചു. കുടുംബജീവിതം താറുമാറായി. വൈകിയുണരുക എന്ന പ്രക്രിയ ഇത്രയേറെ ദോഷം ചെയ്യുമെന്ന് പലരും ചിന്തിക്കാറില്ല.

ധന്യയുടെ കാര്യം അതിലേറെ സഹതാപമർഹിക്കുന്നു. അവൾ പ്രഭാതത്തിൽ ഉറക്കമുണരുകയില്ല. അച്ഛനമ്മമാർക്ക് അവളെ ഭയമാണ്. തോന്നുമ്പോൾ ഉണരും. അടുക്കളയിൽ കയറി അവൾ എന്തെങ്കിലും ജോലി ചെയ്യുന്നതായി കണ്ടവരില്ല. അവൾ ഭർതൃഗൃഹത്തിലെത്തിയെങ്കിലും സ്വഭാവത്തിന് പരിവർത്തനം ഒന്നുമുണ്ടായില്ല. ഭർത്താവ് പ്രഭാതത്തിൽ ജോലി സ്ഥലത്തേക്ക് പോകും. ഭർതൃമാതാവ് നേരത്തെ ഉണർന്ന് വീട്ടുജോലികൾ ചെയ്യും. സ്വന്തം ഗൃഹത്തിലെ ജോലികൾ അവനവൻ ചെയ്തു ശീലിക്കണമെന്ന അഭിപ്രായക്കാരിയാണ് ഭർതൃമാതാവ്. ധന്യയ്ക്ക് ഒരു പെൺകുഞ്ഞ് ജനിച്ചതോടെ സ്ഥിതി ഒന്നുകൂടി വഷളായി. അവളുടെ ആലസ്യത്തിനു ന്യായീകരണമായി. വീട്ടിൽ ഒരു ജോലിക്കാരിയെ നിയമിച്ചുകൂടെ എന്ന് ഭർതൃമാതാവിനോട് ചോദിക്കുന്ന ധന്യ ഒരു കാര്യം ചിന്തിക്കുന്നില്ല. പ്രഭാതത്തിൽ ഉറക്കമുണരുന്ന സ്വഭാവക്കാരിയാണ് ധന്യ എങ്കിൽ ഇത്തരം പ്രശ്നങ്ങൾ ഒന്നും ഉണ്ടാകുമായിരുന്നില്ല. ധന്യ അവളുടെ കുഞ്ഞിനേയും എടുത്ത് സ്വന്തം വീട്ടിൽ എത്തി. അവിടെ അവൾക്ക് സുഖമാണ്. തോന്നുമ്പോൾ മാത്രം ഉറക്കമുണർന്നാൽ മതി. മക്കളുടെ സ്വഭാവത്തിൽ അസംതൃപ്തിയുണ്ടെങ്കിലും അമ്മ എന്തു ചെയ്യാനാണ്? അമ്മയായിപ്പോയില്ലേ?

ചെറിയത് എന്ന് നമുക്ക് തോന്നാവുന്ന കാര്യം വളരെ വലിയതു തന്നെയാണ്. പ്രഭാതത്തിൽ ഉണരാത്തവർ മടിയന്മാരായിരിക്കും. അലസതയും മാന്ദ്യവും അവരുടെ മുഖമുദ്രയായിരിക്കും. കുടുംബ കലഹങ്ങളെക്കുറിച്ച് വിസ്തരിക്കുന്ന യുവതികളായ വീട്ടമ്മമാരോട് സാന്ത്വനഭാവത്തിൽ ഉണരുന്ന സമയത്തെക്കുറിച്ച് അന്വേഷിക്കുമ്പോൾ ചിലർ കോട്ടുവായിടും.

അപൂർവ്വം ചില വ്യക്തികൾ സന്തുഷ്ടരായിരിക്കും. അവർക്കു ചുറ്റും സാത്വികമായ പ്രകാശം നിറയുന്നതായി നമുക്ക് തോന്നും. സദാ പുഞ്ചിരിച്ചുകൊണ്ടിരിക്കുന്ന മാലിനിയെ കാണുമ്പോൾ ആർക്കും ആഹ്ലാദം തോന്നും. അൻപതു കഴിഞ്ഞ ഒരു വീട്ടമ്മയാണവർ. മകനും മകളും കോളേജിൽ പഠിക്കുന്നു. മാനസിക പ്രശ്നങ്ങൾ ഒന്നും തന്നെ അവർക്കില്ല. എപ്പോഴാണ് ഉണരുക എന്ന ചോദ്യത്തിന് മാലിനി പറഞ്ഞ മറുപടി എനിക്കിഷ്ടമായി. എത്രവൈകി കിടന്നാലും അഞ്ചു മണിക്ക് ഉറക്കമുണരും. വളരെ സാവകാശത്തിൽ തിരക്കില്ലാതെ പല്ലുതേക്കും, കുളിക്കും, ലളിതാസഹസ്രനാമം വായിക്കും. ഭർത്താവിനേയും മക്കളേയും ഉറക്കമുണർത്തും. വീട്ടുജോലികളെല്ലാം എല്ലാവരുകൂടി ചെയ്യും. ജോലിസ്ഥലത്തേക്ക ഓടേണ്ടി വരാറില്ല. വീട്ടിൽ ആരും വഴക്കുകൂടാറുമില്ല. നേരം പുലർന്നാൽ ഒരു കാരണവശാലും കുട്ടികളെ ഉറങ്ങാൻ അനുവദിക്കരുത്. നല്ല അച്ഛനമ്മമാർ അങ്ങനെയാണ് മാതൃക കാണിക്കേണ്ടത്. കുട്ടികളെകൊണ്ട് അടുക്കളയിൽ ജോലി ചെയ്യിപ്പിക്കണം.

കെട്ടഴിഞ്ഞ ചൂല് പോലെ ജീവിതമാകെ താറുമാറായ എല്ലാ വ്യക്തികളും സ്വയംകൃതാർത്ഥനങ്ങളുടെ ഇരകളാണ്. സ്വന്തം ജീവിതത്തെ അവർ തന്നെയാണ് നശിപ്പിക്കുന്നത്. പ്രഭാതത്തിൽ ധൃതിപ്പെട്ട് ഒന്നും ചെയ്യരുത്. വളരെ സാവകാശത്തിൽ വേണം കാര്യങ്ങൾ നിർവ്വഹിക്കാൻ. എടുത്തുചാട്ടം അരുത്. ജോലിസ്ഥലത്തേക്ക് ഓടരുത്. ഒരു വാഹനം സ്റ്റാർട്ടു ചെയ്ത ഉടനെ ആറുനാഴിക വേഗത്തിൽ ഓടരുത്. ജീവിതത്തെ വിലയിരുത്തുമ്പോൾ സർട്ടിഫിക്കറ്റ് ബുക്കുകൾ പരിശോധിക്കാൻ വരട്ടെ. ഈ ചോദ്യത്തിനാണ് ആദ്യം ഉത്തരം കിട്ടേണ്ടത്.

"എപ്പോഴാണ് ഉണരുക" ■

**ചെറുകഥ**

# മഹാമുനിയും മാന്യജനങ്ങളും.



**മലയാമ്പള്ളം ശങ്കരൻകുട്ടി.**



മകരസംക്രാന്തിയോടെ സൂര്യൻ ഉത്തരായനത്തിലേക്കു നീങ്ങുന്ന പുണ്യദിനത്തിലാണ് വ്യാസൻ ജംഗ്ഷനിൽ ബസ്സിറങ്ങിയത്. കാശ്മീർ താഴ്വരയിലെ "ലേ."യിൽ നിന്നു അവധിക്കു തിരിച്ച ഹെഡ്കോൺസ്റ്റബിൾ വ്യാസൻ നാലാം ദിവസം നാട്ടിലെത്തുന്നു. സമയം പകൽ പതിനൊന്ന്. തോളിൽ എയർ ബാഗ്. കൈയിലൊരു സൂട്ട്കേസ്. ഒരു കാരിബാഗും. പാലക്കാട് റെയിൽവേ സ്റ്റേഷനിൽ നിന്നു പകർന്നു വാങ്ങിയ സ്നാക്സ്.

ടിയാൻ ഗമയിൽ സ്ഥല നിരീക്ഷണ പടുവായി അവതരിക്കവെ,

"വന്നേടാ, നമ്മടെ വ്യാസമുനി."

ബസ് സ്റ്റാൻഡിലെ തൊരമില്ലാത്ത വായ്നോക്കികൾക്ക് വസന്തോത്സവമായി. നാലഞ്ചുപേർ കുറ്റിബീഢിയും പുകച്ച് ചുറ്റും കൂടി.

തിണ്ണ നിരങ്ങി നിരങ്ങി മടുത്താശാനെ.

ആറുമാസത്തിനുശേഷം അവധിക്കു വരുന്ന ആഗതന് അഭിനിവേശം ഭാദ്വകളത്രാദികളെ ആശ്ലേഷിക്കുവാനാണ്.

"എടാ, എനിക്കു എയ്ഡ്സാണെന്ന്"പറഞ്ഞാലും പിടിവിടാത്ത പിണിയാളുകളിൽനിന്നു രക്ഷപ്പെടാൻ അയാൾ വേഗം നടന്നു.

വസന്തനൃത്താനന്തരം സൂട്ട്കേസും എയർബാഗും പിടിച്ചുവാങ്ങി.

"അടിച്ചു പൊളിക്കണം. മുനീ!..."

ഒരു കോടാലി തുറന്നു പറഞ്ഞു.

സൂട്ട്കേസിനകത്ത് "ക്വാട്ട" യുണ്ടോന്നായി മറ്റൊരു മടവാള്.

"എടാ, പരമദ്രോഹികളെ ഞാനെന്റെ മുനികുമാരി മലരേയും മക്കളേയും ഒന്നു കാണട്ടെ. കൊതി മൂത്ത് പറയുകയാ.."

നാട്ടാര്, അവരാരാ?

പോലീസ് വീട്ടിനകത്തേക്കു കടന്നാൽ തിരിച്ചു വരില്ലെന്നറിയാം... ഭാര്യയും മക്കളും അയക്കില്ല.

നീതിയും നെറുകേടും തിരിച്ചറിയുവാനുള്ള ക്ഷമ നാട്ടാർക്കില്ല.

കുടുംബനാഥൻ മുറ്റത്തുതന്നെ!

തുറന്നു കിടന്ന വാതിലിനു മുന്നിൽ നിറഞ്ഞു നിന്നിരുന്ന ഭാര്യയേയും മക്കളേയും അനുകമ്പാപൂർവ്വം ദർശിക്കുന്നതിനിടെ സൂട്ട്കേസും എയർബാഗും ക്വാരിബാഗും അവരുടെ കാൽ ചുവട്ടിലെത്തി.

"ചേച്ചിയേ, സാറ് പ്പം വരും. എല്ലാ- റെഡിയാക്ക്."

ചേച്ചി പിരാകിയ തെറികളൊന്നും നിവാസികൾ ശ്രദ്ധിച്ചില്ല.

തിരിച്ചു നടക്കുമ്പോഴും പടിക്കൽ വെച്ച് അയാൾ തിരിഞ്ഞു നോക്കി. പ്രളയമുഖം കണ്ടു നടുങ്ങി. തീരം തകർക്കുന്ന കുത്തിയൊഴുക്ക്.

ബാറിനകത്ത് ചില്ലിചിക്കൻ. ബീഫ് ഫ്രൈ. സാലഡ്, ചപ്പാത്തി, ബിരിയാണിയടക്കം ജലമഹോത്സവം. കാറും കോളും കൊടും കാറ്റും വിസ്മരിച്ച്. വാഴിച്ച ട്രഷർ തന്നെ കാശുമുടക്കി.

നട്ടുച്ച. പൊരിവെയിൽ തിരിച്ചു വന്ന ഓട്ടോ വീട്ടിലേക്കു കയറാനാവാതെ വഴിമദ്ധ്യേഓട്ടം അവസാനിപ്പിച്ചു. ടാറിംഗ് നടക്കുകയാണ്.

വേച്ചു വേച്ചു നടക്കുകയല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. അതിഥിയുടെ സ്ലീപ്പർ ചെരുപ്പ്. റോഡിലെ തിളച്ചുരുകുന്ന ടാറിൽ കുരുങ്ങി. അതെടുക്കാനായി കാലൊന്നമർത്തി, മുന്നോട്ടാഞ്ഞു. ആ പാദവും തെന്നി. കൈകുത്തി മുന്നോട്ടു വീണു കഴിഞ്ഞു. ധരിച്ചിരുന്ന മുണ്ടും ഷർട്ടും ടാറിലൊട്ടി കീറി.

സുഹൃത്തുക്കളും അതിൽ വീഴുമെന്നോർത്തിട്ടാവണം ടാറിംഗ് തൊഴിലാളികൾക്ക് സഹകരിക്കേണ്ടിവന്നു.

ചൂടേറ്റിട്ടാവണം അടി വസ്ത്രങ്ങളും വലിച്ചുകീറി ഇപ്പോൾ പരിപൂർണ്ണ നഗ്നൻ

തൊഴിലാളികൾ ചിരിച്ചെങ്കിലും നാട്ടാര് പിൻവലിഞ്ഞില്ല. നാടിന്റെ നന്മ. നഗ്നനായി റോഡിലൂടെ നടത്തി വീട്ടിലെത്തിച്ചു.

പരിസരവാസികൾ പൊട്ടിച്ചിരിച്ചാലെന്താ?

മലരിന്ന് മണ്ണെണ്ണ ചെലവ് അഞ്ചുലിറ്റർ.

എന്നിട്ടും ഒട്ടലും നീറ്റലും വിടാൻ ഒരാഴ്ച്ചയെടുത്തു.

ഇത്തരം സുഹൃദ് ബന്ധങ്ങളിൽ നിന്നൊരു കാതം അകന്നു നടന്നാൽ മാനഹാനിയെങ്കിലും ഒഴിവാക്കാമായിരുന്നു.

ഒരു മറുപടി ഭാര്യയും പ്രതീക്ഷിച്ചില്ല.

-മഹാമുനിയല്ലേ! ■


കവിത




രവീന്ദ്രൻ വൈദ്യർ
കൊടാപ്പള്ളി

# ഓണമേ, വന്നാലും.

ഓണത്തിൻ സന്ദേശം പാടുവാനായ്
ചിങ്ങപ്പുലരി തുടുത്തുവന്നു
കർക്കിടകത്തിന്റെ കാറൊഴിഞ്ഞു
കുഞ്ഞു തരുക്കൾ വിടർന്നു നിന്നു
എല്ലാരുമാമോദ ചിത്തമോടെ
ചിങ്ങത്തെ സ്വാഗതം ചെയ്തു നില്പർ
എല്ലാവഴിയിലും പൂക്കൾ പൂത്തു
ഓടപ്പൂ മഞ്ഞപ്പൂ തുമ്പപ്പൂക്കൾ
ആവണി മാസം കുണുങ്ങിനിന്നു
കർക്കിടകം പോയി കാറൊഴിഞ്ഞു
അത്തലൊഴിഞ്ഞു മനം കുളിർത്തു
അത്തച്ചമയമരങ്ങുണർത്തി
മുക്കുറ്റി ദശപുഷ്പമെല്ലാംതന്നെ
നാട്ടുവഴികളിൽ പൂത്തുനിന്നു
എല്ലാം വിരളമായ് കണ്ടെന്നാലും
മുറ്റത്തു പൂക്കളം തന്നെ വേണം
അത്തം പത്തോണം നടപ്പുതന്നെ
അത്തലൊഴിഞ്ഞു മനം കുളിർക്കും
മാവേലി മന്നന്റെ സങ്കല്പത്തി
ലുള്ളൊരു നാടായ് പുലർന്നിടാനായ്
ഒത്തൊരുമിച്ചു നാം മുന്നേറിയാൽ
ഓണത്തിൻ ദർശനമർത്ഥമാവും
എല്ലാരും തുല്യരായ് മാറീടുന്ന-
രോണമേ വന്നാലും കേരളത്തിൽ.



സി.കെ. രാഘവൻ

സാഹിത്യകാരനും, ചിത്രകാരനുമായ ശ്രീ. സി.കെ. രാഘവൻ സ്വവസതിയിൽ വെച്ചു അന്തരിച്ചു. 73 വയസ്സായിരുന്നു. ആമാശയം സംബന്ധിച്ച രോഗത്താലാണ് അദ്ദേഹം മരണപ്പെട്ടത്. അദ്ദേഹത്തിന് അപ്രതീക്ഷിത അന്ത്യമായിരുന്നു സംഭവിച്ചത്.

നക്ഷത്രരാജ്യം മാസിക, ധാർമ്മികത, സ്പുലിംഗം തുടങ്ങിയ മാസികളിൽ സ്ഥിരം രചനകൾ നിർവ്വഹിച്ചിരുന്നു. ഇംഗ്ലീഷിലും മലയാളത്തിലും പാണ്ഡിത്യമുണ്ടായിരുന്ന ശ്രീമാൻ സി.കെ. രാഘവന്റേതായി നക്ഷത്രരാജ്യം മാസികയിൽ മാത്രം 20 ഓളം കഥകൾ മലയാളത്തിലും ഇംഗ്ലീഷിലുമായി അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ട്. നക്ഷത്രരാജ്യം പ്രസിദ്ധീകരിച്ച 24 സാഹിത്യ കാരന്മാരുടെ 36 കഥകളുടെ സമാഹാരമായ "ആയില്യം നക്ഷത്രം" എന്ന കഥാ സമാഹാരത്തിലും 20 സാഹിത്യകാരന്മാരുടെ രചനകളായ"കൂട്ടുകൃതി ആഖ്യാനങ്ങൾ" എന്ന ലേഖന സമാഹാരത്തിലും രചനകൾ നിർവ്വഹിച്ചിട്ടുണ്ട്.പരേതന് എന്നെന്നേക്കുമായി നിത്യശാന്തി നേരുന്നു.

മാനേജിംഗ് എഡിറ്റർ


# ചോഴക്കാട് ഫാർമസി

Dr. രവീന്ദ്രൻ (ആയുർവ്വേദ കൺസൽട്ടന്റ്)

(കടലുണ്ടി റെയിൽവേ ഗേറ്റിന് സമീപം)

കടലുണ്ടി, –
കോഴിക്കോട്



Reg : No. 4162

Mob: 9895997475

25 വർഷത്തെ ചികിത്സാ പാരമ്പര്യം

ചാലിയം - കടുക്ക ബസാർ, കോഴിക്കോട്

കവിത



ശോഭ മക്കട

# വേനൽമഴ

പൊള്ളുന്ന വേനലിൽ-
ദാഹിച്ചു കേഴുന്ന ഭൂമി-
ഭൂമിയിൽ സർവ്വരും
സർവ്വ ജീവജാലങ്ങളും.
മായമില്ലാത്ത തെളിനീരുമായ്
വിണ്ണിലുലാത്തുന്നു മേഘം
ഗഗനച്ചെരിവിലൊരോമൽ
വർണ്ണവിസ്മയ മഴവില്ലുദിച്ചു.
മഴമേഘത്തിന്റെയോമനക്കാതിൽ
ഏതോ സ്വകാര്യംമൊഴിഞ്ഞു.
മാനത്ത്കനലായ് ജ്വലിക്കുന്ന സൂര്യനെ
മാലിന്യമേൽക്കാത്ത മേഘം
ഒരാലിംഗനത്തിൽ പൊതിഞ്ഞു
ഒരു പെരുമഴ ഭൂമിയിൽ പെയ്തിറങ്ങി.

കവിത

# അഗ്നിവിശുദ്ധിയിൽ



പ്രഭാകരൻ നറുകര

ചൊല്ലും പ്രതിജ്ഞതന്നർത്ഥങ്ങളറിയാതെ
ചെന്നെത്തി നില്ക്കാതെ നാമേകാന്തതീരത്തു
ശത്രുക്കളില്ലാതെ സാന്ത്വനചിന്തകൾ
എത്രയും വെച്ചുപുലർത്തുവാൻ സാരഥി-
മിത്രഭാവങ്ങൾക്കു ഭാവന തീർക്കണം
ബന്ധനമില്ലാതെ ബന്ധുരസേവന-
ഭാണ്ഡങ്ങളെന്നുമഴിക്കണം പിന്നെ-
ഭാരിച്ചവേദന തിന്നുന്ന രോഗികൾ-
ക്കാശ്വാസ തെന്നലായ് പനിനീരുതീർക്കണം.
സേവനം പൂർണ്ണമനസ്സായ് വിടർത്തണം
നന്മതൻ ദീപങ്ങളെന്നും തെളിയണം
സത്യമേ ജയതേ നിത്യവും നമതേ
എത്രപതിരില്ലാ വാക്കുകൾ ഭാഷയിൽ
വാചകരേഖകൾ സത്യപ്രതിജ്ഞതൻ
വാതായനങ്ങൾ തുറന്നിട്ട നിമിഷമേ...
കർമ്മമായ് ധർമ്മമായ് ഹൃദയം തുറക്കുവിൻ
സ്നേഹത്തിൻ നാളമായാഗ്നി വിശുദ്ധിയിൽ
സാകൂതം ജ്വലിക്കട്ടെയന്തരംഗങ്ങളിൽ.

## എഡിറ്റോറിയൽ (ബാക്കി)

ത്ത് ദിവസം പൂവിടുകയും പത്താം ദിവസത്തെ വലിയ ഓണത്തിന് ഓണ സദ്യ ഒരുക്കുകയുംചെയ്യുന്ന കീഴ്‌വഴക്കം മലയാളികൾ വർഷാവർഷം ആചരിച്ചു വരുന്നു. ഭൂമിയിലെ ഭരണകർത്താക്കൾക്കുംജനനായകന്മാർക്കും പാതാളവാസനായ മഹാബലി രാജവാഴ്ച ഓർമ്മപ്പെടുത്തുവാനും അനുകരിക്കുവാനും വർഷത്തിൽ ഒരിക്കൽ ഭൂമിയിലേക്ക് എഴുന്നള്ളുന്ന മഹാബലി ഭരണകാലത്തിലേക്ക് (സുഭിക്ഷമായ ആഹാരവും, വസ്ത്രവും, ജീവിതസാഹചര്യവും, വീടും, ഭൂമിയും)മലയാളികൾക്ക് ഏവർക്കും നൽകുന്ന ഓണക്കാലത്തിലേക്ക് ജനങ്ങളെ കൈപിടിച്ചുയർത്തുവാനുള്ള നല്ല മനസ്സ് സർവ്വേശ്വരൻ ഭരണകർത്താക്കൾക്ക് നൽകട്ടെയെന്നും എല്ലാവർക്കും ബക്രീദ്-സ്വാതന്ത്ര്യദിനം-ഓണം ആശംസകളും നേരുന്നു.

മാനേജിംഗ് എഡിറ്റർ

■

നക്ഷത്രരാജ്യം
ത്രൈ
മാസിക
മാങ്കാവ്, കോഴിക്കോട്
ഫോൺ: 9847649567

ലേഖനം





മുണ്ട്യാടി ദാമോദരൻ



# ഓണം: സമാധാനത്തിന്റെ ഉത്സവം

ഓണം മലയാളിയുടെ ദേശീയ ഉത്സവമാണെന്ന് പണ്ടു മുതൽ പറയുകയും പഠിപ്പിക്കുകയും ചെയ്തു വരുന്ന ഒരാചാരമാണ്. ആഘോഷമായും ആഢംബരമായും കേരളത്തിന്റെ പുറത്തേയ്ക്കും കടന്ന് ലോകം മുഴുവൻ വ്യാപരിച്ചു കഴിഞ്ഞ ഒരു ശാലീനമായ കൂട്ടായ്മയായി ഈ ആചാരം വികസിച്ചു കഴിഞ്ഞിരിക്കുന്നു. അങ്ങനെ മലയാളികളുടെ ഈ ദേശീയ ഉത്സവം ലോകമെമ്പാടുമുള്ള സമസ്ത ജനങ്ങളുടേയും ഒരു പാരസ്പര്യമായി പരിണമിച്ചു കഴിഞ്ഞിരിക്കുന്നു. എവിടെയൊക്കെ മനുഷ്യക്കൂട്ടായ്മയുണ്ടോ, അവിടെയൊക്കെ മലയാളിയും ഉണ്ട് എന്നതുകൊണ്ട് അവരുടെ പരിചയത്തിലും സൗഹൃദത്തിലുമുള്ള സർവ്വമാനജനങ്ങളും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഓണാഘോഷങ്ങളുടെയോ ഓണാചാരങ്ങളുടെയോ പരിധിയിൽ വരികയും ഒരു അളവുവരെയെങ്കിലും ഓണത്തിന്റെ മാസ്മരിക മണ്ഡലത്തിൽ ആവാഹിതരാവുകയും ഭാഗഭാക്കാവുകയും ചെയ്യുന്ന അളവറ്റ കാഴ്ചകളുടെ വാർത്തകളാണ് ലോകത്തെമ്പാടുനിന്നും തിരകെയെത്തിക്കൊണ്ടിരിക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ, മലയാളിയുടെ ദേശീയോത്സവമായ ഓണം മനുഷ്യകുലത്തിന്റെ പൊതു അറിവിൽ നിറഞ്ഞുകൊണ്ടിരിക്കുന്നു.

ഇത് മലയാളിയുടെ മാത്രം ഒരു നേട്ടമായിട്ടല്ല നാം കാണേണ്ടത്. മനുഷ്യകുലത്തിന്റെ പാരസ്പര്യത്തിന്റേയും അവന്റെ സമാധാനപരമായ നിലനിൽപ്പിന്റേയും സൗഹൃദത്തിന്റേയും കണ്ണിയായി ഓണം ഒരു ശാലീന ഉത്സവമായി പടരുമ്പോൾ, ഭയപ്പെടുത്തലിന്റേയും ഉന്മൂലത്തിന്റേയും വികലബുദ്ധിയിൽ ഒരിടനിലക്കാരനായിട്ടുവരെ ഓണം സമാധാനക്കണ്ണിയായി വർത്തിക്കുവെന്നത് ഒരു ചെറിയകാര്യമല്ല. സമാധാനവും സാന്ത്വനവും ആവശ്യപ്പെടുന്ന മനുഷ്യ കുലത്തിന് നമ്മുടെ ഈ ചെറിയ കേരളനാടിന്റെ ഉദാത്ത സംഭാവനയായി, ഒരിടനിലക്കാരനായി, ഓണം വളർന്നു കഴിഞ്ഞിരിക്കുന്നു.

ഓണത്തിന്റെ ഉത്ഭവത്തെക്കുറിച്ച് ഒരുപാട് ഐതീഹ്യങ്ങളുണ്ട്. അവയിൽ ഏറെ പ്രശക്തമായതും ജനങ്ങളുടെ അംഗീകാരം നേടിയതുമായ ഐതീഹ്യം മഹാബലിയെ സംബന്ധിച്ചുള്ളതാണ്. അതാണ് ഏറെയും പറഞ്ഞു വരുന്നതും. അസുര രാജാവായിരുന്ന പ്രഹളാദന്റെ പേരക്കുട്ടിയായിരുന്നു മഹാബലി. പേരുസൂചിപ്പിക്കുന്നതുപോലെത്തന്നെ സ്വയം ബലികഴിച്ചുവരെ ദാനധർമ്മങ്ങൾ അനുഷ്ഠിച്ചുവന്ന രാജാവായിരുന്നു മഹാബലി. ഇതുകണ്ട് ദേവകുലത്തിലുള്ളവർ അസൂയയാൽ പൊറുതിമുട്ടി. ദേവന്മാർ മഹാവിഷ്ണുവിനെ സമീപിച്ചു. മഹാബലിയെ കുറിച്ച് തെറ്റായധാരണയിൽ കേട്ടറിഞ്ഞ മഹാവിഷ്ണു മഹാബലിയെ ഒരു പാഠം പഠിപ്പിക്കണമെന്ന് തീരുമാനിച്ചു. മഹാവിഷ്ണു വാമനൻ എന്ന ഉണ്ണിക്കു



ട്ടനായി അവതാരമെടുത്ത് മഹാബലിയെ സമീപിച്ചു. അന്വേഷിച്ചു വരുന്നവർക്ക് വാരിക്കോരി കോടുക്കുന്ന മഹാബലി, വാമനന് എന്തുസഹായമാണ് വേണ്ടതെന്ന് ചോദിച്ചു വിനയാന്വിതനായ വാമനൻ തനിക്കു മൂന്നടി മണ്ണു മാത്രംമതി എന്ന് ഉണർത്തിച്ചു. മൂന്നടി മണ്ണ് അളന്നെടുത്തുകൊള്ളുവാൻ രാജാവ് കൽപ്പിച്ചു. വേഷപ്രച്ഛന്നനായി വന്ന മഹാവിഷ്ണു സ്വന്തം രൂപത്തിലേക്ക് മാറി. രണ്ടടി അളന്നപ്പോഴേക്കും ഭൂമിയും സ്വർഗ്ഗവും പാതാളവും തീർന്നുപോയി. മൂന്നാമത്തെകാലടി എവിടെവയ്ക്കും എന്ന മഹാവിഷ്ണുവിന്റെ ചോദ്യത്തിനുമുന്നിൽ സ്വന്തം തല താഴ്ത്തിക്കാണിച്ച് കൊടുക്കുകയാണ് മഹാബലിചെയ്തത്. പ്രജാക്ഷേമതൽപ്പരനായ രാജാവിന്റെ തലയിൽ ചവിട്ടി വിഷ്ണു മഹാബലിയെ പാതാളത്തിലേയ്ക്കു താഴ്ത്തി. വർഷത്തിലൊരിക്കൽ രാജാവിന് തന്റെ പ്രജകളെ വന്നു കാണുവാനുള്ള അനുവാദം മഹാവിഷ്ണു നല്കിയിരുന്നു. അങ്ങനെ കേരളജനതയെ, പ്രജാതല്പരനായ രാജാവ് കാണാൻ വരുന്നു എന്നു സംങ്കൽപ്പിക്കപ്പെടുന്ന ദിവസമാണ് ഓണമായി, തിരുവോണമായി ആഘോഷിച്ചും ആചരിച്ചും വരുന്നത്. അതു സാധാരണയായി മലയാളം കൊല്ലവർഷാരംഭമായ ചിങ്ങമാസം ഒന്നാം തിയ്യതിആയിരിക്കും.

ഓണാഘോഷം തമിഴ് നാട്ടിൽ നിന്ന് സംക്രമിച്ചെത്തിയാതാണെന്ന ഒരു പണ്ഡിത മതമുണ്ട്. കേരളീയർക്ക് ഭാഷപോലും തമിഴിൽനിന്ന് ഉരുത്തിരിഞ്ഞ് വന്നതാണെന്നിരിക്കെ അങ്ങനെയുള്ള ഒരു അഭിമതം ഏറെപ്രസക്തമാണ്. ക്ഷേത്രോത്സവാഘോഷമായി ആരംഭിച്ച ഓണം, കാലാന്തരത്തിൽ ഗാർഹികോത്സവമായി പരിണതിപൂണ്ടു വരികയാണുണ്ടായത്.

ആദ്യമായി തൃക്കാക്കരയിലാണ് ഓണം ആഘോഷിച്ചതെന്നും തൃക്കാക്കരയിലാണ് ഓണത്തപ്പന്റെ ആസ്ഥാനമെന്നും മലയാളികൾ വിശ്വസിച്ചു വരുന്നു.

അത്തം നാളിൽ പൂക്കളമിട്ടുതുടങ്ങി, അവിടെ നീന്നും പത്താം ദിവസം തിരുവോണം നാളിലാണ് ഓണം ആഘോഷിക്കുന്നത്. ചതയം നാൾ വരെ നീണ്ടു നിൽക്കുന്ന ഒരാചാരമാണ് ഓണത്തിനോടനുബന്ധിച്ചുള്ള പൂക്കള നിർമ്മാണം. പൂക്കള നിർമ്മാണം ഒരു കലായാണെന്നും അത് ഇനീയുമിനിയും നവീകരിച്ചും പരിഷ്കരിച്ചും വരേണ്ടതാണെന്നും വിശ്വസിക്കപ്പെടുന്നതുകൊണ്ടാണ് പൂക്കളമത്സരം വർഷാവർഷം സുവിദിതമായി നടത്തിവരുന്നത്. എത്രദരിദ്രനായാലും താലിമാലന വിറ്റായാലും ഓണം ആഘോഷിക്കണം എന്നാണ് പരമ്പരാഗതമായി പറഞ്ഞും വിശ്വസിച്ചും ആചരിച്ചും വരുന്നത്. കാണം വിറ്റും ഓണം ഉണ്ണണം എന്ന ചൊല്ല് കേൾക്കാത്തവരായി ആരും ഉണ്ടാവുകയില്ലല്ലോ.

കാലവർഷത്തിന്റെ കെടുതികളും ഭീകരതകളും കഴിഞ്ഞ് ആകാശം തെളിഞ്ഞു വരുന്ന നാളുകളിലായിന്നുവത്രെ വിദേശ കപ്പലുകൾ പൊന്നും പുടവകളുമായി കേരളതീരത്ത് അടുത്തത്. അങ്ങനെയൊക്കെയാണ് പൊന്നു കിട്ടുന്ന ചിങ്ങമാസത്തിൽ ബന്ധിച്ചുള്ള പൂക്കള നിർമ്മാണം. പൊന്നോണം യുഗയുഗാന്തരങ്ങളായി മലയാളികൾ ആഘോഷിച്ചുവരുന്നത്.

ലോകത്തെമ്പാടുമുള്ള മനുഷ്യസഞ്ചയങ്ങളുമായി സാമിപ്യവും സൗഹൃദവും ചങ്ങാത്തവും സ്ഥാപിച്ചുകഴിഞ്ഞിട്ടുള്ള മലയാളി, അവന്റെ ദേശിയോത്സവം സൗഹാർദത്തിന്റേയും സമാധാനത്തിന്റേയും ശാലീനോത്സവമായി കൊണ്ടാടുമ്പോൾ, മനുഷ്യകുലം എന്നും മനസാ ആഗ്രഹിച്ചും കൊതിച്ചും കൊണ്ടിരിക്കുന്ന സർവ്വസമാധാനമാണ് മലയാളിയിൽ നിന്ന് മനുഷ്യവംശങ്ങളിലേക്ക് പ്രസരിച്ചുകൊണ്ടിരിക്കുന്നത്. ■

കവിത

# സാക്ഷികൾ




രജികുമാർ പുലാക്കാട്

**തോട്ടുവക്കിലെ കൂടിച്ചേരലിനു**
**കൈതപ്പൂവും കരിമൂർഖനും**
**പരൽമീനും പൊൻമാനും**
**തോട്ടുവെള്ളവും തവളക്കരച്ചിലും**
**സാക്ഷി.**
**കോടതി മുറിയിലെ വേർപിരിയലിന്**
**കറുത്തരൂപങ്ങളും ഒരുകുരുടിയും**
**വെന്തുചത്ത പങ്കയും**
**പുളിച്ച വാക്കുകൾ ഛർദ്ദിക്കുന്ന**
**ടൈപ്റൈറ്ററും**
**സാക്ഷി.**
**തോട്ടുവക്കിനും കോടതിമുറിക്കും**
**സാക്ഷിയായി മഹാകാലം.**



**തിരുത്ത്: കഴിഞ്ഞ ലക്കം, സാക്ഷികൾ എന്ന കവിതയിൽ ഇമെയിൽ കംപ്ളയിന്റ് കാരണം മേറ്ററിൽ അവസാന രണ്ടു വരി അച്ചടിച്ചിട്ടില്ല. ക്ഷമാപണം ചെയ്യുന്നു. (തിരുത്തി വായിക്കുക )**

ലേഖനം



സുകുമാർ കൂർക്കഞ്ചേരി

# ദുഃഖിപ്പിക്കുന്നവർക്കിടയിലും നുറുങ്ങു വെട്ടങ്ങൾ



കേവല മനുഷ്യന് വിധിയോടു പൊരുതി നോക്കാമെങ്കിലും അവസാനം അതിനു കീഴടങ്ങുക മാത്രമേ നിവൃത്തിയുള്ളുവല്ലോ. ഓരോ സമയത്തും ശരിയെന്നു തോന്നുന്നത് ചെയ്യുകയും പിന്നീടതിന്റെ ഫലം നന്നായാലും ചീത്തയായാലും അനുഭവിക്കുകയുമാണ് മനുഷ്യന് ചെയ്യാനുള്ളതെന്നും പുരാണങ്ങൾ പറയുന്നുണ്ട്.

രാമയണത്തിലെ സീതാപഹരണം ഓർക്കുമല്ലോ. ദേഹബലവും തത്തുല്യമായ മനോബലവുമുള്ള രാമന് തന്റെ ആലോചനക്കുറവു മൂലം സീതയെ രാക്ഷസന്മാർ കൊണ്ടുപോയി കൊന്നു ഭക്ഷിച്ചിരിക്കുമോ എന്ന ഭയമുണ്ടായിരുന്നു. സീതയുടെ വിരഹത്തേക്കാൾ രാമനെ കൂടുതൽ അസ്വസ്ഥനാക്കിയതും പ്രസ്തുത ചിന്തയായിരുന്നു. വിധിയെ തടുക്കാൻ ദേവന്മാർ പോലും ശക്തരല്ലെന്നു സൂചിപ്പിക്കയാവാം വാത്മീകി ഉദ്ദേശിച്ചത്. കേവല മനുഷ്യന് വിധിയോടു പൊരുതി നോക്കാമെങ്കിലും അവസാനം അതിനു കീഴടങ്ങുക മാത്രമേ നിവൃത്തിയുള്ളുവല്ലോ. ഓരോ സമയത്തും ശരിയെന്നു തോന്നുന്നത് ചെയ്യുകയും പിന്നീടതിന്റെ ഫലം നന്നായാലും ചീത്തയായാലും അനുഭവിക്കുകയുമാണ് മനുഷ്യന് ചെയ്യാനുള്ളതെന്നും പുരാണങ്ങൾ പറയുന്നുണ്ട്.

ചില മനുഷ്യർ ശരിയെന്നു തോന്നുന്നത് അഥവാ തെറ്റെന്നു തോന്നുന്നതായാലും വീണ്ടുവിചാരമില്ലാതെ ചെയ്യുന്നതും അതിന്റെ തിക്തഫലം മറ്റുള്ളവരെക്കൊണ്ട് അനുഭവിപ്പിക്കുന്നതും നമ്മുടെ നാട്ടിൽ അപൂർവ്വമല്ല. സംസ്ഥാന ഹൈവേയിൽ മോട്ടോർസൈക്കിൾ ഇടിച്ച് ഒരു കാട്ടു മുയൽ ചത്തതിന് വനംവകുപ്പുദ്യോഗസ്ഥർ യാത്രക്കാരനായ വൈദികന് 25,000 രൂപ പിഴ ശിക്ഷ വിധിച്ചതും 20,000 രൂപയുടെ ബോണ്ട് ഹാജരാക്കുന്നതുവരെ ബൈക്ക് കസ്റ്റഡിയിൽ പിടിച്ചുവെച്ചതും മലയാളികളായ വായനക്കാർക്ക് മറക്കാൻ സമയമായിട്ടില്ല. പൊതുജനത്തെ ഈ വിധം വേദനിപ്പിക്കുന്ന പീഠനമുറകളുമായി കാത്തിരിക്കുന്ന സർക്കാർ നിയമങ്ങൾ മാത്രമല്ല ഉദാഹരണമായി ചൂണ്ടിക്കാട്ടാനുള്ളത്. ഇരുൾമൂടിയ ഹൃദയങ്ങളും നമുക്കിടയിൽ സുലഭമാണെന്നു കാണാം. തന്റെ രണ്ടു കണ്ണുകളും പൊട്ടിപ്പോയാലും അപരന്റെ ഒരു കണ്ണിന്റെ കാഴ്ചയെങ്കിലും നഷ്ടമാവണേ എന്ന ചിന്ത മനുഷ്യകുലത്തിന്റെ ആദിമ ദശയിലേ പിറവികൊണ്ടതാവാം. ഇക്കാര്യത്തിൽ ഏറ്റവും പുതിയ ഉദാഹരണം ഇതാണ്.

“പൊതു സ്ഥലങ്ങളിലേയും ഓഫിസുകളിലേയും ഇരിപ്പിടങ്ങളിൽ ഇരിക്കും മുമ്പേ സൂക്ഷിക്കുക” എന്നൊരു ഇ-മെയിൽ സന്ദേശം ഈയ്യിടെ ഇന്റർനെറ്റുവഴി പ്രചരിക്കുകയുണ്ടായി. “എച്ച്.ഐ.വി.” രോഗാണു വാഹിയായി സൂചിയും സിറിഞ്ചും നിങ്ങളെ കാത്ത് ഇരിപ്പിടത്തിലുണ്ടാകുമെന്നായിരുന്നു അറിയിപ്പിന്റെ പൂർണ്ണരൂപം. ഇതിൽ പ്രയോജനകരമായ ഒരു മുന്നറിയിപ്പിന്റെ നന്മയുൾകൊള്ളുന്നുണ്ട് എന്ന് പറയായാതെ വയ്യ. പാരീസിലെ സിനിമാ തിയ്യറ്ററിൽ ശരിക്കും സംഭവിച്ചതത്രെ സമാനമായ ദുഷ്ടത. അവിടെ സിനിമ കാണാനെത്തിയ യുവതിയുടെ ശരീരത്തിൽ ഇരിപ്പിടത്തിൽ നിന്നും തുളച്ചുകയറിയ സൂചിയോ

ടൊപ്പം ഇങ്ങനെ ഒരു കുറിപ്പും ഉണ്ടായിരുന്നു. "ഇപ്പോൾ നിങ്ങൾക്കും എച്ച്.ഐ.വി. ബാധിച്ചിരിക്കുന്നു." പിന്നീട് പരിശോധനയിൽ അത് സത്യമാണെന്ന് വ്യക്തമാകുകയും ചെയ്തു. പാരീസിലെ പ്രധാന നഗരങ്ങളിലെല്ലാം പിന്നീടത് തുടർക്കഥയായി സംഭവിച്ചുവെന്നുമാണ് വാർത്ത.

എന്തായാലും "വിധി വിഹിതമേവനും ലംഘിച്ചുകൂടോലോ" എന്ന വിശ്വാസപ്രമാണത്തെ മുറുകെ പിടിച്ചിരിക്കുകയല്ല നമ്മുടെ സർക്കാറുകൾ എന്നു കാണുന്നത് അത്രയെങ്കിലും ആശ്വാസകരമല്ലോ. സംസ്ഥാനത്തെ എച്ച്.ഐ.വി. ബാധിതരായ കുട്ടികൾക്കു വേണ്ടി തൃശൂരിൽ എയ്ഡ്സ് സ്ക്കൂൾ സ്ഥാപിക്കുകയാണെന്ന് മുഖ്യമന്ത്രി പറഞ്ഞിരുന്നു. ഒരു വയസ്സുള്ള ഒരു കുട്ടിക്ക് എച്ച്.ഐ.വി. വൈറസ്സ് എങ്ങനെ കിട്ടിയെന്നതിനെക്കുറിച്ച് വൈദ്യശാസ്ത്രം തീരുമാനത്തിലെത്തിയില്ലപോലും. രക്തത്തിൽ നിന്നാണെന്ന് പരിശോധനയിൽ തെളിഞ്ഞതുമില്ല. ആ നിരപരാധിയായ കുട്ടി എങ്ങനെ സമൂഹത്തിൽ കുറ്റക്കാരിയാകും എന്നത് ഉത്തരമില്ലാത്ത ചോദ്യം തന്നെ. രോഗബാധിതരെ മൂന്നുതലത്തിൽ സഹായിക്കാനാണ് സർക്കാർ തീരുമാനമെന്നറിയുന്നു. രോഗം കൂടുതൽ പടരാതിരിക്കാനായി ഫലപ്രദമായ ബോധവത്ക്കരണം, രോഗികൾക്കുവേണ്ട മികച്ച ചികിത്സാ സൗകര്യങ്ങൾ. രോഗികൾ-അവരുടെ കുട്ടികൾ, കുടുബാംഗങ്ങൾ എന്നിവരെ പുനരധിവസിപ്പിക്കൽ എന്നിവയൊക്കെ ആ പദ്ധതിയിൽപ്പെടും.

സഹകരണ ബാങ്കിൽനിന്നും ഭവന വായ്പയെടുത്ത ഒരാളിൽ നിന്നും ബ്ലേഡുമാഫിയകളെ വെല്ലുന്നതരത്തിൽ കൊള്ളപ്പലിശ ഈടാക്കിയ ഒരു സംഭവം നേരത്തെ വാർത്തകളിൽ സ്ഥാനം പിടിച്ചിരുന്നു. അനധികൃതമായി ഈടാക്കിയ സംഖ്യ തിരിച്ചു നൽകാൻ സഹകരണ ജോയന്റ് രജിസ്ട്രാർ പുറപ്പെടുവിച്ച ഉത്തരവു പോലും അവഗണിച്ച് ധാർഷ്ട്യം കാണിക്കുകയായിരുന്നു ബാങ്കുദ്യോഗസ്ഥർ. ആരിൽ നിന്നാണ് താൻ നീതി പ്രതീക്ഷിക്കേണ്ടതെന്ന ചോദ്യവുമായി വേവലാതി പൂണ്ടിരിക്കുകയായിരുന്നു ഉപഭോക്താവ്. ഈ സാഹചര്യത്തിലാണ് പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ഉപലോകായുക്ത ജഡ്ജി ബാങ്കിനെതിരെ സ്വമേധയാ കേസ്സെടുത്തത്. ആരും ചോദിക്കാനില്ലെന്നു കണ്ട് എന്തും ചെയ്യാമെന്നു വിചാരിക്കുന്ന കൊടും കുറ്റവാളിയുടെ മുഖത്ത് ഒരടിയെങ്കിലും കൊടുക്കാനായതുപോലെ ചെറിയ ആശ്വാസം തരുന്ന വിവരമാണിത്. കൂട്ടത്തിൽ രാജ്യത്തെ ബാങ്കിങ്ങ് ഉപഭോക്താക്കൾക്ക് മികച്ച സേവനം ഉറപ്പുവരുത്തുന്നതിനായി റിസർവ്വ് ബാങ്ക് ഒരു നിരീക്ഷണ സമിതിയുണ്ടാക്കുന്നതായും കേട്ടിരുന്നു. എന്തായാലും മുഷിഞ്ഞ വേഷം ധരിച്ചവനെ അകറ്റി നിർത്തുകയും കാറിൽ വന്നിറങ്ങുന്ന സമ്പന്നനെ ആദരിച്ചിരുത്തുകയും ചെയ്യുന്ന ബാങ്ക് മാനേജർമാരുടെ സ്വഭാവ രീതിയിൽ കാതലായ മാറ്റം വരുത്തുന്നതിനുള്ള നടപടികളുണ്ടാകുന്നത് വൈകിവന്ന സുകൃതം.

കേരളത്തിൽനിന്നുള്ള എം.പി. യായ എൻ.കെ. പ്രേമചന്ദ്രൻ രാജ്യസഭയിൽ ചെറുതല്ലാത്തൊരു വാക്‌യുദ്ധം നടത്തി നേടിയെടുത്ത കാര്യത്തെ ചെറുതായി കാണാൻ പാടില്ലാത്തതാണ്. നഴ്സിങ്ങ് കോഴ്സുകളിലെ പ്രവേശനത്തിന് കാലഹരണപ്പെട്ട മാനദണ്ഡങ്ങൾ ഏർപ്പെടുത്തുന്നത് ഒഴിവാക്കണമെന്ന് അദ്ദേഹം ഒരു സബ്മിഷനിലൂടെ പണ്ട് സഭയിൽ ആവശ്യപ്പെട്ടിരുന്നു. അവിവാഹിതകളും വിവാഹബന്ധം വേർപ്പെടുത്തിയവരും വിധവകളും മാത്രമേ ഇതുവരെ ഈ കോഴ്സുകൾക്ക് അപേക്ഷിക്കാൻ അർഹരായിരുന്നുള്ളു. ഈ വ്യവസ്ഥകൾ സാമൂഹ്യനീതിക്ക് നിരക്കാത്തതാണെന്നാണ് പ്രേമചന്ദ്രൻ വാദിച്ചത്. വിവാഹിതയായ സ്ത്രീ ഗർഭം ധരിച്ചാൽ കോഴ്സ് പൂർത്തിയാക്കാനാകില്ല എന്ന കാരണം പറഞ്ഞായിരുന്നു നിബന്ധന. എന്നാൽ ആൺകുട്ടികൾക്കു കൂടി നഴ്സിങ്ങ് കോഴ്സിന് പ്രവേശനം അനുവദിച്ചതോടെ പെൺകുട്ടികൾക്കു മാത്രമായി ഈ വ്യവസ്ഥ ഏർപ്പെടുത്തുന്നതുവിവേചനമായി. പ്രേമചന്ദ്രന്റെ പരിശ്രമം വഴി അവിവാഹിതകൾക്കു മാത്രമേ രാജ്യത്തെ നഴ്സിങ്ങ് കോഴ്സുകൾക്കു പ്രവേശനം നൽകാവൂ എന്നതുൾപ്പെടെയുള്ള അപരിഷ്കൃത മാനദണ്ഡങ്ങൾ എടുത്തുകളഞ്ഞുകൊണ്ട് ഇന്ത്യൻ നഴ്സിങ്ങ് കൗൺസിൽ ഉത്തരവായി. സ്ത്രീപക്ഷവാദത്തിന് വില കൂടിവരുന്ന കാലഘട്ടത്തിൽ ഈയൊരു എം.പി. മുൻകയ്യെടുത്തു നേടിയ നീതിയുടെ വിജയം കാണാതിരുന്നുകൂടാ.

തൃശൂർ നഗരത്തിൽ നിന്നും 12 കിലോമീറ്റർ അകലെയുള്ള മുളങ്കുന്നത്തുകാവിൽ പണിത പുതിയ കെട്ടിട സമുച്ചയത്തിലേക്ക് തൃശൂരിലെ സർക്കാർ ആശുപത്രി മാറ്റുന്നതിന് പ്രതിബന്ധങ്ങൾ ഏറെയായിരുന്നു. സാധനങ്ങൾ കൊണ്ടുപോകുന്നതിന് കരാറുകാരൻ 15 ലക്ഷം രൂപയുടെ ടെണ്ടർ പ്രകാരം സമ്മതിച്ചെങ്കിലും അത്രയും പണം ചെലവാക്കാനില്ലാത്ത അവസ്ഥയിലായിരുന്നു അധികൃതർ. അപ്പോഴാണ് പ്രൊഫഷണൽ വിദ്യാർത്ഥികളിൽ ഒരു വിഭാഗം വൈദ്യവഴിയിൽ വെളിച്ചവുമായി വന്നത്. സാധനങ്ങളെല്ലാം യാതൊരു പ്രതിഫലവും കൂടാതെ തങ്ങൾ മാറ്റികൊണ്ടുപോകാമെന്ന് അവർ പ്രിൻസിപ്പലിനെ അറിയിച്ചു. പാരാമെഡിക്കൽ വിദ്യാർത്ഥികളടക്കം 200 ഓളം പേരാണ് ഇങ്ങനെ സന്നദ്ധപ്രവർത്തനത്തിന് തയ്യാറായി വന്നത്. 2005 ഡിസംബർ പകുതിവരെ നീളുന്ന ഭഗീരഥ പ്രയത്നമാണ് ഇവർ ഏറ്റെടുത്തിരുന്നത്. ഈ വിദ്യാർത്ഥികൾക്ക് പതിവുപോലെ ഹാജർ ലഭിക്കുമെങ്കിലും കോഴ്സുകൾ അരമാസമെങ്കിലും നീണ്ടുപോകുമായിരുന്നു. എന്നാൽകൂടി സാധാരണക്കാരായ രോഗികൾക്കുവേണ്ടി ചെയ്യുന്ന സേവനം ഒരു നഷ്ടമല്ലെന്ന് ഇവരുടെ സംഘടനാ നേതാക്കൾ നല്ല മനസ്സോടെ വിചാരിച്ചു. ■

ലേഖനം



വിനോദ്കുമാർ ദാമോദർ

# പച്ചത്തുരുത്ത്



കൊച്ചി കോർപ്പറേഷൻ ബയോഡയ്‌വേഴ്സിറ്റി യോഗം ആദ്യ രണ്ടിലും പാളി

ഈ കഴിഞ്ഞ ലോക പരിസ്ഥിതി ദിനം തികച്ചും വ്യത്യസ്ഥമായ നിലയിലാണ് തുടക്കം കുറിച്ചത്.

സാധാരണയിൽ നിന്നും വ്യത്യസ്ഥമായി ഈ വർഷം പുതിയ ഒരു പദ്ധതിയുമായാണ് സംസ്ഥന സർക്കാർ പരിസ്ഥിതി ദിന പരിപാടികൾക്ക് തുടക്കം കുറിച്ചത്.

"പച്ചത്തുരുത്ത് " എന്നാണ് ഈ പദ്ധതിയുടെ പേര്. ജനങ്ങൾക്ക് കഴിയുമെങ്കിൽ ചുരുങ്ങിയത് ഒരു സെന്റ് ഭൂമി മുതൽ മേലോട്ട് എത്ര സെന്റും ഒരു ചെറിയ തുരുത്താക്കി മാറ്റിയെടുക്കാം. ഇതിനാവശ്യമായവയെല്ലാംതന്നെ വനം പകുപ്പും തദ്ദേശസ്വയംഭരണവകുപ്പും ചേർന്ന് നൽകും.

പച്ചത്തുരുത്തിന് ആവശ്യമായ സഹായം ഹരിതമിഷൻ വഴി തൊഴിലുറപ്പ് പദ്ധതിയിൽ നിന്നാണ് ലഭിക്കുന്നത്.

ഒരു കാലത്ത് നമ്മുടെ നാട്ടിൽ പ്രകൃതദത്തമായ പച്ചത്തുരുത്ത് ധാരാളമുണ്ടായിരുന്നു. അവയൊക്കെത്തന്നെ ഇന്ന് പല ആവശ്യങ്ങൾക്കും നശിപ്പിയ്ക്കപ്പെട്ടു. ജനങ്ങൾക്കിപ്പോഴാണ് അവയുടെ ഗുണങ്ങൾ കുറേശ്ശേതിരിച്ചറിയാൻ തുടങ്ങിയത്.

അത്യുന്നത സാങ്കേതിക വീദ്യ ഉപയോഗിച്ച് കൊച്ചു വനങ്ങളായി വികസിപ്പിക്കാനാണ് ഹരിതമിഷൻ പദ്ധതിയിട്ടത്.

23 ഗ്രാമ പഞ്ചായത്തുകൾക്ക് പച്ചത്തുരുത്ത് നടപ്പാക്കൽ പദ്ധതിതിയുടെ ഭാഗമായി ആദ്യപടി ട്രെയിനിങ്ങ് അനുബന്ധ വകുപ്പുകളെല്ലാം ചേർന്ന് കഴിഞ്ഞ ദിവസം കോഴിക്കോട്‌വച്ച് നൽകുകയുണ്ടായി.

കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) മുൻകൈയ്യെടുത്ത് നടപ്പാക്കിയ പരിപാടിയിൽ ഇപ്പോൾ ജനങ്ങൾക്ക് പച്ചപ്പിനെപ്പറ്റി ബോധം വന്നിട്ടുണ്ടെന്നുള്ളതാണ്, പൊതുവെ പൊന്തി വന്നിട്ടുള്ള അഭിപ്രായം. പ്രത്യേകിച്ച് കഴിഞ്ഞ പ്രളയവും അതിനുശേഷമുണ്ടായ വൻ ചൂടും അതിനൊപ്പം വന്ന ജലക്ഷാമവും ജനങ്ങൾക്ക് ഈ വഴിക്കുള്ള ചിന്തയ്ക്ക് വഴിവെച്ചിട്ടുണ്ട്.

എന്നാൽ പരിസ്ഥിതി പ്രവർത്തകർ പറയുന്നത്



**മൂന്നാറിലെ നീലകുറിഞ്ഞിയടയ്ക്കമുള്ളവ അവിടത്തെ പഞ്ചായത്ത് ബയോഡയ്വേഴ്സിറ്റി രജിസ്ട്രറിൽ രേഖപ്പെടുത്തും.**

മറ്റൊരുസംഗതിയാണ്.

വർഷങ്ങൾക്ക് മുമ്പ് രൂപികൃതമായ ബയോഡയ്വേഴ്സിറ്റി ആക്ട് 2002 പ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് നിയന്ത്രണത്തിലുള്ള എല്ലാ കോർപ്പറേഷൻ. മുൻസിപാലിറ്റി, പഞ്ചായത്തുകളുടെ കീഴിലും ഒരു പീപ്പിൾസ് ബയോഡയവേഴ്സിറ്റി രജിസ്ട്രർ വെക്കണമെന്നു അനുശാസിക്കുന്ന ഒരു നിയമം നിലവിൽ വന്നിരുന്നു. വളരെ ഊർജ്ജത്തോടെയാണ് പദ്ധതി തുടങ്ങിയതെങ്കിലും പലയിടങ്ങളിലും ഇതു ചുരുങ്ങിയകാലംകൊണ്ട് തണുപ്പൻ പ്രതികരണമാണുളവാക്കാൻ തുടങ്ങിയത്.

വൻ പരിസ്ഥിതി നാശം കണ്ടിട്ടുള്ള കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ 2018 സെപ്റ്റംബറിൽ തുടങ്ങിയ ഈ രജിസ്ട്രറിന്റെ കഥയെടുത്താൽ തന്നെ കാര്യങ്ങൾ വ്യക്തമാകും.

വളരെ പ്രാധാന്യമർഹിക്കുന്ന ഈ കാര്യം ചർച്ചചെയ്യുവാൻ കൂടിയ കോർപ്പറേഷന്റെ ബയോഡയ്വേഴ്സിറ്റി രജിസ്റ്റർ രൂപികരണ മീറ്റിംഗിന്റെ ആദ്യ രണ്ടു യോഗത്തിൽ തന്നെ കോർപ്പറേഷൻ സെക്രട്ടറി എത്തിയില്ല.

ഇത് ഒരു ഉദാഹരണം മാത്രം. ഇതേപോലെതന്നെ പച്ചത്തുരുത്ത് പദ്ധതിയും ആവാതിരിയ്ക്കുമെന്നാണ് കേരളത്തിലെ ജനങ്ങൾ പ്രത്യാശ പ്രകടിപ്പിക്കുന്നത്.■



**പച്ചത്തുരുത്ത് പദ്ധതി പ്രതീക്ഷയ്ക്കത് വക നൽകുമോ?**

നോവലറ്റ്





നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ

2

# നിലാവ് പൂക്കും താഴ്‌വാരം

ഘോഷിന്റെ ചുണ്ടുകൾ എന്തോ പറയാനുള്ള ശ്രമത്തിലാണ്. വാക്കുകൾ പുറത്തേക്കു വരാത്തതുപോലെ. എങ്കിലും മനസ്സ് ദീർഘദൂരം പിറകോട്ട് സഞ്ചരിക്കുകയാണ്. വായുവേഗം ഓടിക്കൊണ്ടിരുന്ന മനസ്സപ്പോൾ വിക്ടോറിയായിലെ സെന്റ് സ്പോൾ ആർട്സ് ആന്റ് സയൻൻസ് കോളേജിലെ പഠനകാലം അയവിറക്കുകയാണ്.

തള്ള പശുവിന്റെ നാവിന്റെ തലോടലേറ്റ് മേലാസകലം മാതൃസ്നേഹം നുണയുന്നതിന്റെ കുളിരു കോരിയിടുന്ന കുട്ടി പശുവിന്റെ മാനസിക അനുഭൂതിയിൽ ഘോഷ് നിൽക്കുന്നതു കണ്ടപ്പോൾ രൂപാസെന്നിന് എന്തോ ഒരു സംപൃപ്തി മനസ്സിൽ നിന്നും ആവിയായി പുറത്തേക്കു വന്നു.

വിക്ടോറിയായിലെ കോളേജ് ഇലക്ഷൻ കാലം.

അന്ന് വിക്ടോറിയായിൽ എം.എസ്.സി. വിദ്യാർത്ഥിയായ ഘോഷാണ് കോളേജ് യൂണിയൻ ചെയർമാൻ സ്ഥാനത്തിന് മത്സരിച്ചത്.

വാശിയേറിയ ഇലക്ഷൻ.

സ്പോർട്സിലും, ആർട്സിലും, പ്രസംഗത്തിലും, സൗന്ദര്യത്തിലും കോളേജിൽ ഹീറോയായി വിലസിയിരുന്ന ഘോഷിനെ കോളേജിലെ പെൺകുട്ടികൾക്ക് എല്ലാം ആരാധനയായിരുന്നു. കോളേജ് യൂണിയൻ ചെയർമാൻ സ്ഥാനം ഉൾപ്പെടെ എല്ലാ സീറ്റിലും ഡി. എസ്. ഒ. സ്ഥാനാർത്ഥികൾ വിജയിക്കുമെന്നുറപ്പായിരുന്നു. പെൺകുട്ടികളുടെ വോട്ടുകളുൾപ്പെടെ കോളേജിലെ ബഹുഭൂരിപക്ഷം വോട്ടുകളും ഘോഷിനും ഡി. എസ്.ഒ. ക്കും ഉറപ്പാണെന്ന് മനസ്സിലാക്കിയ എൻ. സി. യു. പ്രവർത്തകർ എൻ.. സി. യു സ്ഥാനാർത്ഥിയും കരാട്ടെ ഫൈറ്റിംങ്ങിൽ ബ്ളാക്ക്ബൽറ്റുമായ ആനന്ദ് ബോസിന്റെ നേതൃത്വത്തിൽ ഡി.എസ്.ഒ. സ്ഥാനാർത്ഥിയായി മത്സരിച്ച ഘോഷിന്റെ സംഘടനയുടെ മറ്റു സ്ഥാനാർത്ഥികളായ ആകാശിനേയും, രവീന്ദ്രയേയും, രൂപാസെന്നിനേയും വളഞ്ഞിട്ടു പൊതിരെ തല്ലി.

പ്രകോപിതരായ ഡി.എസ്.ഒ. ക്കാർ ജാഥയായി വന്നു.

ഘോഷാണ് ലീഡർ.

എല്ലാ ക്ലാസുകളിലും കയറിയിറങ്ങി, ആകാശിനെ തല്ലിയ ഓരോരുത്തരെയായി ക്ലാസിൽനിന്നും പിടിച്ചിറക്കി കൊണ്ടുവന്നു പ്രിൻസിപ്പാളിന്റെ റൂം തുറന്ന് അതിൽ പൂട്ടിയിട്ടു.

കോളേജ് സംഘർഷ ഭരിയമായി. ഇരു സംഘടനയിലേയും പ്രവർത്തകർ തമ്മിൽ നേർക്കുനേർ യുദ്ധം പ്രഖ്യാപിച്ചു. കല്ലേറിലും പരസ്പരമുള്ള ആക്രമണത്തിലും വിദ്യാർഥികളിൽ പലരും ആശുപത്രിയിലായി.

പ്രിൻസിപ്പാൾ ഫാദർ സെബാസ്റ്റ്യൻ മെൽബൊണ്ട് സ്റ്റാഫുമായി ആലോചിച്ച് പോലീസിനെ വിളിച്ചു.

കേന്ദ്ര റിസർവ്വ് പോലീസ് കോളേജ് കോമ്പൗട്ടിനു ചുറ്റും നിലയുറപ്പിച്ചു.

കോളേജിനകത്തേക്ക് കയറാൻ പോലീസിന് പ്രിൻസിപ്പാൾ അനുവാദം കൊടുത്തിട്ടില്ല.

അവർ അകത്തു നടക്കുന്നതിന്റെ കേൾവിക്കാരായി മാത്രം കോളേജ് കോമ്പൗണ്ട് വോളിനു ചുറ്റും നിലയുറപ്പിച്ചിരിക്കുകയാണ്.

പല ഭാഷയിലും സ്റ്റേറ്റിലും ഉള്ള പോലീസുകാർ കോമ്പൗണ്ടിൽ കയറിയാലുള്ള അപകടം പ്രിൻസിക്ക് ആദ്യമേ ബോധ്യമുണ്ടായിരുന്നു.

കോളേജിനകത്ത് വിദ്യാർത്ഥി സംഘടനകൾ തമ്മിലുള്ള സംഘർഷം തുടർന്നു കൊണ്ടിരുന്നു.

അധികം വൈകിയില്ല. പിന്നീടെപ്പോഴോ ആക്രമത്തിനു മറ്റൊരു മാനം കൈവന്നു.

എൻ.എസ്. ഒ യും എതിർ സംഘടന എൻ.സി.യു വും തമ്മിലുള്ള സംഘട്ടനം വഴിമാറി.

പുറത്ത് കോമ്പൗണ്ട് വളഞ്ഞു നിൽക്കുന്ന പോലീസുകാരായി വിദ്യാർത്ഥികളുടെ ശത്രുക്കൾ.

വിദ്യർത്ഥികൾ പോലീസിനെ കല്ലെറിയാൻ തുടങ്ങി.

ഇത്തരത്തിലുള്ള ഒരപകടം ഘോഷിന്റെ മനസ്സിലും ഉദിച്ചിരുന്നില്ല.

പോലീസുമായുള്ള ഏറ്റുമുട്ടൽ തുടർന്നാൽ പോലീസ് ബലം പ്രയോഗിച്ച് അകത്തുകയറും. അതിന് പ്രിൻസിപ്പാളിന്റെ അനുവാദത്തിനു അവർ കാത്തുനിൽക്കില്ല.

ഘോഷ് കോളേജ് ഗ്രൗണ്ടിനടുത്തു റോഡിനോടു ചേർന്ന ടൈൽട് ഷെഡിൽ നിന്ന് മതിലിനു പുറത്തേക്ക് തലയിട്ട് വിദ്യാർത്ഥികളുടെ കല്ലേറിൽ പുളയുന്ന പോലീസുകാരെയും ശ്രദ്ധിച്ചു നിന്നു.

തൊട്ടകലെ കരാട്ടെ ബോസ്

പമ്മി പമ്മി നിൽക്കുന്നുണ്ട്.

പോലീസുകാർ റോഡിൽ മതിലിനടിയിലെ ഭാഗത്താണ് നിലയുറച്ചിരിക്കുന്നത്.

ഏത് നിമിഷവും അനുവാദം കിട്ടിയാൽ അവർ അകത്തു കയറാൻ തയ്യാറെടുത്തു നിൽക്കുകയാണ്.

ബോസ് മതിലിൽ നിന്നും വലിയൊരു കല്ലിളക്കി മതിലിനടിയിൽ റോഡിൽ കാവൽ നില്ക്കുന്ന ഒരു പോലീസുകാരന്റെ തലയിലേയ്ക്കിട്ടു. നാലു വശവും വീക്ഷിച്ച് പിന്നീടവൻ ആരും കാണാതെ അരികിലുള്ള ക്ലാസ്സ് റൂമിലേക്ക് വലിഞ്ഞു.

കല്ലുതലയിൽ വീണ് തലപൊട്ടിയ പോലീസുകാരന്റെ രോദനവും പിടച്ചിലും കണ്ട് പോലീസുകാർ മുകളിലേക്ക് നോക്കി. രംഗം വീക്ഷിച്ചു കൊണ്ടിരുന്ന ഘോഷ് മെല്ലെ തലവലിച്ചു.

പോലീസുകാർ ഘോഷ് തലവലിക്കുന്നതുകണ്ടു. കല്ലിളക്കിയിട്ടതും ഘോഷ് ആണ് എന്നനിലയിൽ അവനെ അവർ ശത്രുവായി മനസ്സിൽ കുറിച്ചിട്ടു

ഒരു പോലീസ് വാൻ പരിക്കുപറ്റിയ പോലീസുകാരനെയുമായി ആശുപത്രിയിലേക്ക് കുതിച്ചു.

പോലീസുകാർ പിന്നെ അടങ്ങിയിരുന്നില്ല.

അവരിൽ ഒരാൾ കോളേജ് കോമ്പൗണ്ടിന്റെ മുൻ വശത്തെ ഗൈറ്റ് ചാടി സാക്ഷ നീക്കി മറ്റുള്ളവർക്ക് അകത്ത് കടക്കാനുള്ള സൗകര്യം ഒരുക്കി.

പോലീസുകാർ കോളേജ് കോമ്പൗണ്ടിൽ കയറി.

വിദ്യാർത്ഥികളെ തല്ലിച്ചതച്ചു. കണ്ണിൽ കണ്ടവരേയും, ക്ലാസ്സ് റൂമിൽ കയറിയും അവർ മർദ്ദനം തുടർന്നു.

ഘോഷും പ്രവർത്തകരും അപ്പോഴും ക്ലാസ്സ് റൂമിന്ന് പുറത്ത് കോളേജ് കോമ്പൗണ്ടിന്റെ പടിഞ്ഞാറെ ഗൈറ്റിനടുത്തു തന്നെയാണ്. മുൻ വശത്തെ ഗൈറ്റിൽകൂടി പോലീസ് കോളേജ് കോമ്പൗണ്ടിൽ കയറിയത് അവരാരും അറിഞ്ഞിരുന്നില്ല.

ഘോഷിനെ ശത്രുവായും അവസരം കിട്ടിയാൽ മർദ്ദിക്കാനും മനസ്സിൽ കുറിച്ചിട്ട പോലീസുകാർ ഘോഷിനെ ലക്ഷ്യമാക്കി പാഞ്ഞടുത്തു.



**കഥ ഇതുവരെ**

ഒരു പത്രപ്രവർത്തകയാണ് രൂപാസെൻ. തന്റെ കോളേജ് സഹപാഠിയും സുഹൃത്തും ഭാവിവരനായി സ്വപ്നത്തിൽ കുറിച്ചിട്ട തന്റെ എല്ലാമായ, നക്സൽ തടവുകാരൻ ഘോഷിനെ കാണാൻ രൂപാസെൻ ജെയിലിലെത്തി. ജെയിലറുടെ അനുവാദം വാങ്ങി രൂപ ഘോഷിന്റെ മുറിയിലെത്തി. ഘോഷ് രൂപയെ കണ്ടു.

അവരുടെ ചേതോവികാരത്തിൽ പ്രതികാരം ആളിക്കത്തി. തങ്ങളുടെ സഹപ്രവർത്തകന്റെ തലയിൽ കല്ല് ഉരുട്ടിയിട്ട് പരുക്കേൽപ്പിച്ച് അബോധാവസ്ഥയിലാക്കിയ ശത്രുവായിരുന്നു ഘോഷ്.

കൂട്ടുകാർ ചിതറി ഓടി.

പാഞ്ഞടുത്ത ഒരു കൂട്ടം പോലീസുകാരിൽ നിന്ന് അടിയേൽക്കാതെയും പരിക്കേൽക്കാതെയും ഘോഷ് ക്ലാസ്സ് റൂമിന്റെ വാതിലിനടുത്തെത്തി.

പോലീസുകാർ ലാത്തിയും ബയണറ്റുമായി പുറകേയും.

അകത്തു കയറാൻ സാധിക്കുന്നില്ല. മുന്നേ രക്ഷപ്പെട്ടവരെല്ലാം ക്ലാസ്സ് റൂമിൽകയറി വാതിലടച്ച് പോലീസുകാർ അകത്തു കടക്കാതിരിക്കാൻ ഡെസ്ക്കും ബെഞ്ചും വെച്ച് തടസ്ഥം സൃഷ്ടിച്ചിരിക്കുകയാണ്.

പോലീസ് പിന്നാലെയുണ്ട്. ഏതെങ്കിലും ക്ലാസ്സിൽ കയറി വാതിലടച്ചില്ലെങ്കിൽ പോലീസുകാരുടെ മർദ്ദനമേറ്റ് മരിക്കും.

രണ്ടും കൽപ്പിച്ച് ഓടി ഘോഷ് മറ്റു ക്ലാസ്സ് മുറികളുടെ വാതിലു തള്ളി നോക്കി. ഒടുവിൽ ഒരു വാതിൽ തുറന്നു കിട്ടി.

ഘോഷ് പെട്ടെന്ന് അകത്ത് കയറി. വാതിലടഞ്ഞു.

വിദ്യാർത്ഥികൾ മുഴുവൻ ക്ലാസ്സ് മുറിക്കുള്ളിലായതിനാൽ താൽക്കാലികമായി പോലീസ് മർദ്ദനം അവസാനിപ്പിച്ചു.

പോലീസ് കോമ്പൗണ്ടിനു വെളിയിൽ കടന്നു പഴയ പോലെ നിലയുറച്ചു.

വിദ്യാർത്ഥികൾക്ക് കോളേജ് കോമ്പൗണ്ട് വിട്ടുപോവാൻ സാധിക്കാത്ത അവസ്ഥ. പുറത്തിറങ്ങിയാൽ പോലീസ് മർദ്ദിക്കും.

ഘോഷും, രവീന്ദ്രയും, രൂപയും വീണ്ടും ഒത്തുചേർന്നു.

അവർ തീരുമാനിച്ചു. പ്രിൻസിയെ കാണുകതന്നെ.

സഹപ്രവർത്തകരോടൊന്നിച്ച് പ്രിൻസിക്കു മുമ്പിൽ കാര്യങ്ങൾ അവതരിപ്പിച്ചു.

പോലീസുകാർ കോളേജ് കോമ്പൗണ്ടിനു മുന്നിൽ വലയം സൃഷ്ടിച്ചിരിക്കുന്നതു അവസാനിപ്പിക്കണം. അവർ തീർത്തും പറഞ്ഞു.

പ്രിൻസിപ്പാൾ വിദ്യാഭ്യാസ വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥരേയും, തന്റെ പൂർവ്വ വിദ്യാർത്ഥികൂടിയായ ജില്ലാകളക്ടറേയും ഫോണിൽ വിളിച്ചു.

പോലീസുകാർ പിൻവാങ്ങി.

വിദ്യാർത്ഥികൾ കോളേജ് കോമ്പൗണ്ടിനു പുറത്തേക്കും.

**(തുടരും)**

ലേഖനം



മഞ്ചേരി ബാലചന്ദ്രൻ

# കുടുംബശ്രീ?

അധ്യായം 1

## കുടുംബശ്രീ :

"കുടുംബശ്രീ" -യെന്ന വാക്ക്കൊണ്ട് അന്വർത്ഥമാക്കുന്നത് ഒരു കുടുംബത്തിന് ഐശ്വര്യമായിട്ടുള്ളതാണെന്നാണ്. 1990 ൽ കേന്ദ്ര സർക്കാറിന്റെ ഗ്രാമവികസന വകുപ്പിന്റെ കീഴിലുള്ള പദ്ധതിയാണിത്. 1995-ൽ സംസ്ഥാനത്ത് കുടുംബശ്രീ പദ്ധതി ആരംഭിച്ചു. സമൂഹത്തിലെ സ്ത്രീകളുടെ സ്വയം സഹായസംഘം എന്ന പരിഗണന കുടുംബശ്രീ പദ്ധതിക്ക് മാത്രമായി അവകാശപ്പെടാൻ കഴിയും. 20 അംഗങ്ങളുള്ള ഒരു യൂണിറ്റാണ് കുടുംബശ്രീ പദ്ധതി നടത്തുന്നത്. കുടുംബശ്രീ പദ്ധതി മുഖ്യമായും തൊഴിൽപരമായി ബന്ധപ്പെട്ടതാണ്. ഉദാഹരണം- ടൈലർ പ്രവർത്തി, പശുവളർത്തൽ, മത്സ്യം വളർത്തൽ, കൂൺകൃഷി നടത്തൽ, ബേക്കറിക്ക് വേണ്ട സാധനങ്ങൾ നിർമ്മിക്കൽ, സോപ്പ് നിർമ്മാണം, തുടങ്ങിയവ വിവിധ സ്വയം തൊഴിൽ മേഖലകളിൽപെടുന്നു. ഗുണഭോക്താക്കൾ തെരഞ്ഞെടുക്കുന്ന മറ്റു തൊഴിൽ മേഖലകളും, കുടുംബശ്രീയുടെ പരിധിയിൽപെടുന്നു.

കുടുംബശ്രീയെന്ന പദ്ധതി പ്രധാനമായും ലക്ഷ്യമിടുന്നത് "സ്ത്രീശാക്തീകരണ" (Empowerment) മാണ്. ഒരു രാജ്യത്ത് പ്രത്യേകിച്ചും ഒരു രാഷ്ട്രത്തിൽ സ്ത്രീ സമൂഹം നിരക്ഷരരായി അവഗണിക്കപ്പെട്ട് അന്തകാരത്തിൽ കഴിയുമ്പോൾ സ്ത്രീകളെ സമൂഹത്തിന്റെ മുന്നിൽ കൊണ്ട് വന്ന് ഒരു രാഷ്ട്രത്തിന്റെ പുരോഗതിയിൽ ഭാഗമാക്കുകയാണ് ലക്ഷ്യമിടുന്നത്. എല്ലാ രംഗത്തും സ്ത്രീകളുടെ പങ്ക് ഉറപ്പുവരുത്തുകയും സമൂഹത്തിൽ സ്ത്രീകളുടെ സ്ഥാനം എടുത്ത് കാട്ടുകയുമാണ് ചെയ്യുന്നത്. ഒരു കുടുംബശ്രീ യൂണിറ്റിന്റെ പ്രവർത്തന കാലാവധി 5 വർഷമാണ്.

അധ്യായം 2

## "ശാക്തീകരണം" പുരാണത്തിൽ :

പ്രപഞ്ചം നിലനിൽക്കുന്നത് തന്നെ ശക്തിയിൽ (ഊർജ്ജം) അധിഷ്ഠിതമായത് കൊണ്ടാണ് സ്ത്രീ ശാക്തീകരണത്തെക്കുറിച്ച് വേദവ്യാസ വിരചിതമായ "ശ്രീമദ് ദേവി ഭാഗവതത്തിൽ" പ്രതിപാദിക്കുന്നത് പരാശക്തിയെയാണ്. ജഗദാംബികയുടെ അനുഗ്രഹമില്ലെങ്കിൽ സൃഷ്ടി, സ്ഥിതി, സംഹാരം എന്നീ ത്രികാല അവസ്ഥകൾ സംഭവിക്കുമെന്ന് തൃമൂർത്തികളോട് അരുളി ചെയ്തിട്ടുണ്ട്.

ശാക്തീകരണം സ്ത്രീത്വത്തിന്റെ മുഖമുദ്രയാണ്. അതിലുപരി പ്രതിരോധിക്കാനുള്ള കഴിവ് നേരിടലും.

(അവലംബം- സൗപർണികം- മാതൃഭൂമി 2013)

അധ്യായം 3

## സ്ത്രീകൾക്കുള്ള നിയമപരിരക്ഷകൾ

ഭാരത സർക്കാറിന്റെ സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള മന്ത്രാലയം സ്ത്രീകൾക്ക് എന്തെല്ലാം നിയമ പരിരക്ഷകളുണ്ടെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. സ്വാതന്ത്ര്യ ലബ്ദിക്ക് ശേഷം സുപ്രധാന 6 നിയമങ്ങൾ സ്ത്രീകളുടെയും കുട്ടികളുടേയും രക്ഷക്കുണ്ട്.

**1. അത്യാസാസ്യ പ്രവർത്തനം (തടയൽ) നിയമം- 1958**

പ്രസ്തുത നിയമം അനാശാസ്യത്തിനായി സ്ത്രീകളേയും കുട്ടികളേയും കടത്തികൊണ്ട് പോകുന്നവർക്ക് കടുത്ത ശിക്ഷ നിയമത്തിൽ വ്യവസ്ഥചെയ്യുന്നു.

**2. സ്ത്രീധന നിരോധന നിയമം- 1961**

1961ലെ സ്ത്രീധന നിരോധന നിയമപ്രകാരം സ്ത്രീധനം കൊടുക്കുന്നതും, വാങ്ങുന്നതും ശിക്ഷാർഹമാണ്. 5 വർഷം വരെ മിനിമം ശിക്ഷ കുറ്റക്കാർക്കെതിരെ നടപ്പിലാക്കാവുന്നതാണ്.

**3. സ്ത്രീകളെ സഭ്യേതരമായി ചിത്രീകരിക്കൽ (തടയൽ) നിയമം 1986**

സ്ത്രീകളെ സംഭ്യേതരമായി ചിത്രീകരിക്കുന്ന പ്രിന്റ്, പരസ്യം പ്രസിദ്ധീകരണം എന്നിവയിൽ അവകീർത്തിപ്പെടുത്തി ചിത്രീകരിക്കുന്നത് തടയുന്നതിനുള്ള നിയമമാണിത്. ഇത്തരം കുറ്റകൃത്യം ചെയ്യുന്നവർക്കെതിരെ 2 വർഷംവരെ തടവ് ശിക്ഷ നൽകുന്നതാണ്.

**4. കുടുബത്തിനുള്ളിലെ അതിക്രമത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കാനുള്ള നിയമം- 2005**

2005 ലെ പ്രസ്തുത നിയമത്തിലൂടെ കുടുംബത്തിനുള്ളിലെ ഗാർഹികപീഡനത്തിൽ നിന്ന് സ്ത്രീകൾക്ക് രക്ഷകിട്ടുകയും നിയമ പരിരക്ഷ

യിലൂടെ ആശ്വാസവും ലഭിക്കുന്നു. 1. പ്രസ്തുത സംരക്ഷണ നിയമപ്രകാരം ഒരു സ്ത്രീക്ക് താമസിക്കാനുള്ള ഉത്തരവ്. 2. ധനപരമായ ഉത്തരവ്. 3.നഷ്ടപരിഹാരത്തിനുള്ള ഉത്തരവ്. 4. താലക്കാലിക കസ്റ്റഡി ഉത്തരവ് എന്നീ പരിരക്ഷകൾ ലഭിക്കുന്നു.

**5. ശൈശവ വിവാഹ നിരോധന നിയമം 2006**

18 വയസ്സിന് താഴെയുള്ള ശൈശവ പ്രയത്തിലുള്ള കുട്ടികളെ വിവാഹം ചെയ്ത് കൊടുക്കുകയോ, പ്രേരിപ്പിക്കുകയോ, അനുവദിക്കുകയോ ചെയ്യുന്നവർക്കെതിരെ ശിക്ഷണനടപടികൾ എടുക്കുന്നു. ഇത്തരം ശൈശവ വിവാഹം എവിടെയെങ്കിലും നടക്കുകയാണെങ്കിൽ ഏതൊരാൾക്കും പോലീസിലോ, CMPO (ശൈശവ വിവാഹ നിരോധന ഓഫീസർ) മജിസ്ട്രേറ്റിനോ ചൈൽഡ് ക്ഷേമ കമ്മറ്റിക്കോ വിവരം അറിയിക്കുവാനും അവർക്കെതിരെ നടപടിയെടുക്കുവാനും പരാതിപ്പെടാവുന്നതുമാണ്.

(അവലംബം- മാതൃഭൂമി 26-1-2013)

**6. കുട്ടികളെ ലൈഗിക അത്രിക്രമത്തിൽ നിന്നും രക്ഷിക്കുന്ന നിയമം- 2012**

2012 ൽ നിലവിൽ വന്ന സുപ്രധാന നിയമമാണിത്. ബലാൽസംഗ കേസുകളിലധികവും ഈ നിയമത്തിന്റെ പ്രത്യേക വകുപ്പികളിലൂടെയണ് ചാർജ് ചെയ്യുന്നത്. പ്രയപൂർത്തിയാവാത്ത എല്ലാ കുട്ടികൾക്കുമെതിരെ ലൈഗിംകചൂഷണം, ലൈഗിക അതിക്രമം, പോണോഗ്രാഫി എന്നിവയിൽ നിന്നും നിയമത്തിന്റെ പരിരക്ഷ ലഭിക്കുന്നു.

**അധ്യായം.4**

## ഗുഡ്‌വിൽ അബാസിഡർ - മജ്ഞുവാരിയർ

"കുടുംബശ്രീ" യുടെ ജൈവകൃഷി ഗുഡ്‌വിൽ അംബാസിഡറായി പ്രശസ്ത സിനിമാനടി മജ്ഞുവാരിയരെ തെരഞ്ഞെടുത്തിരിക്കുന്നു. (ടി.വി ചാനൽവാർത്ത 04-07-14)

സ്ത്രീകളുടെ "ശ്രീ" യായി മജ്ഞു തിരുവനന്തപുരത്തെ മസ്ക്കറ്റ് ഹോട്ടലിൽ കുടുംബശ്രീ അംഗങ്ങളുമായി മുഖാമുഖം പരിപാടിയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു.

സ്ത്രീകളുടെ ശക്തി ഒരിക്കലും നശിക്കില്ല. കുട്ടികൾക്കും കുടുംബത്തിനും വേണ്ടി സ്വയം സമർപ്പിക്കുന്നതുകൊണ്ടാണ് പല കഴിവുകളും സ്ത്രീക്ക് പ്രകടിപ്പിക്കുവാൻ കഴിയാതെ പോകുന്നത്. How old are you യെന്ന സിനിമയിലെ നിരുപമരാജിയും മജ്ഞുവും ഒരു പരിധിവരെ ഈ അഭിപ്രായമുള്ളവരാണ്. കുടുംബശ്രീയുടെ മുഖമാവാൻ കഴിഞ്ഞത് ദൈവാനുഗ്രഹമാണെന്ന് പറഞ്ഞു. പച്ചക്കറി കൃഷിയെപ്പറ്റി കുടുംബശ്രീ അംഗങ്ങളോട് മജ്ഞു സംസാരിച്ചു. കേരളത്തിൽ 25 ലക്ഷം ടൺ പച്ചക്കറി ഉപഭോഗത്തിൽ 7 ലക്ഷം ടൺ പച്ചക്കറി ഇവിടെ ഉല്പാദിപ്പിക്കുന്നു. ബാക്കി 18 ലക്ഷം തമിഴ്നാട്, മൈസൂർ എന്നീ അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. കുടുംബശ്രീ അംഗങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മട്ടുപ്പാവ്, കൃഷിയിലൂടെ പച്ചക്കറി വിപണിയിൽ ഇറക്കുമെന്ന് മന്ത്രി എം.കെ മുനീർ ഉറപ്പ് നൽകി.

(അവലംബം. മാതൃഭൂമി 05-07-14)

**അധ്യായം 5**

## "സുതികാശ്രീ" - പുതിയ പദ്ധതി

പ്രസവശുശ്രൂഷയായി സംസ്ഥാന കുടുംബശ്രീ മിഷ്യന്റെ കീഴിൽ കുടുംബശ്രീ അംഗങ്ങൾക്ക് പുതിയ മറ്റൊരു പദ്ധതി സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് നടപ്പിൽ വരുന്നു.-"സുതികാശ്രീ" യെന്ന പദ്ധതിയുടെ ലക്ഷ്യം, പ്രസവാനന്തരം ശുശ്രൂഷ ലഭിക്കാത്ത അമ്മമാർക്കും അവരുടെ കുട്ടികൾക്കുമുള്ള ആരോഗ്യ പരിപാലന പദ്ധതിയാണിത്.

പ്രസവം കഴിഞ്ഞുള്ള എണ്ണ തേച്ചുകുളി, വേത് പിടിപ്പിക്കൽ കുഞ്ഞിനെ കുളിപ്പിക്കൽ എന്നീ പരിചരണങ്ങൾ ഇവർ ചെയ്യുന്നു. ഇതിന് വേണ്ടി ഒരു കിറ്റ് നൽകുന്നു. പ്രസ്തുത കിറ്റിൽ എണ്ണ, കുഴമ്പ്, വേതിനുള്ള ഒഷധങ്ങൾ, തുടങ്ങിയ ഉണ്ടായിരിക്കും. ഓരോ ആഴ്ചയും കുഞ്ഞിന് ഉപയോഗിക്കാനുള്ള ഔഷധങ്ങൾ വെവ്വേറെ കിറ്റിലുണ്ടാവും.

പരിചരണരീതി: ഒരു മാസത്തിൽ 28 ദിവസം ശിശുവിന് ശുശ്രൂഷയാണ്. ഒരു ദിവസവും 2 മണിക്കൂർ സമയമാണ് ജോലി സമയം

പരിശീലനം: കൊച്ചിയിലെ "സൂതിക പ്രഗ്നൻസികെയറി" ലാണ് പരിശീലനം നൽകുന്നത്. ഇവിടെ നിന്ന് പരിശീലനം കഴഞ്ഞ 12 പേരിൽ 6 പേരെ തിരുവനന്തപുരം ജില്ലയിലും 6 പേരെ എറണാകുളം ജില്ലയിലും നിയമിക്കും. തുടക്കത്തിൽ 55 പേരെ തെരഞ്ഞെടുത്ത് കഴിഞ്ഞു. സൂതിക സ്ത്രീകളെ തെരഞ്ഞെടുക്കുന്നത് ഇത്തരക്കാരുടെ ആരോഗ്യം, പ്രായം എന്നിവ പരിഗണിച്ചാണ് പരിശീലനത്തിൽ വാഹനമോടിക്കുവാനും, സ്മാർട്ട് ഫോൺ ഉപയോഗിക്കുവാനും പഠിപ്പിച്ച് കഴിഞ്ഞു.

**ശുശ്രൂഷയുടെ പ്രത്യേകതകൾ**

01. പ്രവസശുശ്രൂഷ ചെയ്യുന്ന വീട്ടുകാരുടെ അഭിപ്രായങ്ങൾ മൊബൈൽ ഫോണിൽ രേഖപ്പെടുത്തുവാനുള്ള ആപ്ലിക്കേഷൻ സംവിധാനവുമുണ്ട്.

02. വീട്ടുകാർക്ക് ആവശ്യമെങ്കിൽ സൈക്കോളജിസ്റ്റുമായി സംവേദിക്കാനോ ഉപദേശം തേടാനോ കഴിയും.

03. പ്രസവാനന്തരം സ്ത്രീകൾക്കുണ്ടാകുന്ന മെന്റൽ പ്രഷർ ഇല്ലാതാക്കാൻ അമ്മക്കും കുഞ്ഞിനും വേണ്ടി മൂസിക്ക് മസാജ് തെറാപ്പിയുമുണ്ട്. പ്രശസ്ത സംഗീതസംവിധായകനായ മനു രമേഷിന്റെ ചികിത്സ- മൊബൈൽ ഫോണിലാണ്.

04. സൂതികസ്ത്രീ നേരിട്ടും ശുശ്രൂഷ ആവശ്യമുള്ളവരെ കണ്ടെത്താനും ഇത്തരം കാര്യങ്ങൾ മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ള വീട്ടുകാർക്ക് ഫോണിൽ ബ്രോഷറും വീഡിയോയും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

05. സൂതികശ്രീകൾക്ക് പരിചരണാവശ്യം

India's No - 1

AKSHAYA WATER PROOFING

29 - 851, Kottooli,Mavoor Road, Kozhikode - 673016
Mob : P.P. PRADEEP - 9447312616, 9037940457
E-Mail : aakshayawaterproof@gmail.com



ചോർച്ചയിൽ നിന്നും എന്നന്നേക്കും മോചനം ഗ്യാരിയോടുകൂടി ചെയ്തുകൊടുക്കുന്നു.

Dinesh K.T.
Ph: 9946309061, 9387425579

NEELGIRI POOJA STORES & AVS POOJASTORE
Thali, Calicut

ഭക്ത ജനങ്ങളുടെ വിശ്വസ്ത സ്ഥാപനം

നിർമ്മാല്യം ശ്രീ ധർമ്മശാസ്ത ട്രാവൽസ്
Mob: കെ. പുരുഷു, – 9387500618, 9539036575
നജീഷ് പുരുഷു – 9961100702
ഉല്ലാസ യാത്രയ്ക്കും തീർത്ഥാടന യാത്രയ്ക്കും
മാങ്കാവ്, കോഴിക്കോട് – 673 007
ഫോൺ : 0495 2331828





എല്ലാതരം ടൂറിസ്റ്റ് ബസ്സുകളും മിനി ബസ്സുകളും

ന്യൂ കാലിക്കറ്റ് ഓട്ടോ മൊബൈൽ വർക്ക് ഷോപ്പ്



മൂരിയാട് റോഡ്
പുതിയപാലം
കോഴിക്കോട്



ഫോൺ : മണി 9400741434

കാർ സ്പ്രേപെയിന്റിങ്ങ്,
ബോഡി വർക്സ്,എഞ്ചിനിയറിംഗ് വർക്സ്

GLAMOUR GENTS WEAR




Whole Sale & Retail
Mankave,
Calicut - 7
Mob: 9847756569
8891901404




Pants, Jeans, Shirt, T. Shirts etc...



മഹാത്മാ കോളേജ്
ചെറുവണ്ണൂർ, കോഴിക്കോട്
ഫോൺ: 9388968863, 2483500, 2487724
+1 & +2 (Com, Hum), B.com, BA




നടരാജ നൃത്ത സംഗീത വിദ്യാലയം
മഹാത്മാ കോളേജ് ബിൽഡിംഗ്,
മൊബൈൽ: 9388968863, 0495 2483500, 2487724



ഭരതനാട്യം, മോഹിനിയാട്ടം, കുച്ചുപ്പുടി, കേരളനടനം, നാടോടി നൃത്തം,
ശാസ്ത്രീയ സംഗീതം, വയലിൻ, കീബോർഡ്, ഗിറ്റാർ, ജാസ് ഡ്രംസ്,
തബല, ഫലൂട്ട്, പിയാനോ, ഇടക്ക, മൃദംഗം, ഹാർമോണിയം, ചിത്രരചന

പോകുമ്പോഴുള്ള ഉറപ്പും ഈ പദ്ധതിയുൾപ്പെടുത്തിയിട്ടുണ്ട്. അത്യാവശ്യ ഘട്ടത്തിൽ 5 നമ്പറുകളിലേക്ക് അവരുടെ ഫോണിൽ നിന്നും SOS വിളികൾ പോകാനും കഴിയുന്നതാണ്.

സമൂഹത്തിൽ സുതികശ്രീ പദ്ധതി വരുന്നതോടെ ശുശ്രൂഷ രംഗത്ത് പുതിയ മാനങ്ങൾ കണ്ടെത്താൻ കഴിയുന്നതാണ്.

(അവലംബം- മാതൃഭൂമി 19-07-2014)

**അധ്യായം 6**

## എന്റെ ഹോട്ടൽ പദ്ധതി

**മ**ലപ്പുറം നഗരസഭയുടെ പുതിയ പദ്ധതിയാണ് "എന്റെ ഹോട്ടൽ പദ്ധതി" പ്രസ്തുത പദ്ധതിയിൽ 10 രൂപയ്ക്ക് രാവിലേയും ഉച്ചക്കും ഭക്ഷണം രാവിലെ 5 ഇഡ്ഡലിയും 2 നാല് കറികളുമുള്ള ഊണ്. കഴിഞ്ഞ ബഡ്ജറ്റിൽ 30 ലക്ഷം രൂപ മാറ്റി വെച്ച ഈ പദ്ധതിയുടെ പ്രഥമ ഹോട്ടൽ ഓണം(സെപ്തംബർ 2014) കഴിയുന്നതോടെ കോട്ടപ്പടി ബസ് സ്റ്റാന്റിൽ ആരംഭിക്കുവാൻ പോകുന്നു. സാധാരണ ഭക്ഷണത്തിന് 35 രൂപയും 45 രൂപയും ഉള്ളപ്പോൾ കുറഞ്ഞ ചെലവിൽ സാധാരണക്കാരുടെ ആവശ്യം നിറവേറ്റുന്നതോടെ ഹോട്ടൽ ഭക്ഷണത്തെ ആശ്രയിക്കുന്നവർക്ക് കൂടുതൽ ആശ്വാസമാകും.

കുടുംബശ്രീ സാമൂഹ്യ സുരക്ഷ മിഷൻ എന്നിവയുടെ സഹായവും തേടിയിട്ടുണ്ട്. സാമൂഹ്യ സുരക്ഷ മിഷൻ ധനസഹായം ചെയ്യാമെന്ന് ഉറപ്പു നൽകിയിട്ടുണ്ട്. കുടുംബശ്രീയുടെ കീഴിൽ രജിസ്റ്റർ ചെയ്താൽ ഈ സംരംഭത്തിന് 60 ശതമാനം സബ്സിഡി കിട്ടുന്ന സാധ്യതയും ഉപയോഗിക്കും.

എന്റെ ഹോട്ടൽ പദ്ധതിക്ക് പ്രചോദനം നൽകിയത് തമിഴ്നാട്ടിൽ പരീക്ഷിച്ചറിഞ്ഞ "അമ്മ ഹോട്ടൽ" മാതൃകയാണ്. വിലവർദ്ധനയിൽ മാറി വരുന്ന ചെലവുകളും സാഹചര്യങ്ങളും കണക്കിലെടുത്ത് ഓണത്തിന് 15 രൂപ വരെയാക്കാനുള്ള സാധ്യതയും തള്ളി കളയുന്നില്ല.

(അവലംബം. മാതൃഭൂമി 22-07-14)

**അധ്യായം 7**

## സുരക്ഷിതമല്ലാത്ത സ്ഥലങ്ങൾക്കായി ക്രൈം മാപ്പിങ്ങ്)

"**കു**ടുംബശ്രീ നിർഭയ പദ്ധതി" പ്രകാരം ക്രൈം മാപ്പിങ്ങ് പദ്ധതി ഉടനെ നടപ്പിൽ വരുന്നു. സംസ്ഥാനത്ത് പല സ്ഥലങ്ങളിലും സ്ത്രീകൾക്ക് സുരക്ഷിതമാണോ എന്നറിയാനാണ് ഈ പുതിയ ഭൂപടപദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സ്ത്രീകൾക്ക് എതിരെയുള്ള അതിക്രമങ്ങളുടെ കാഠിന്യം നോക്കി ഭൂപടം തയ്യാറാക്കുന്നു. ചുവപ്പ്, നീല, മഞ്ഞ എന്നീ മൂന്ന് നിറങ്ങളാണ് ഭൂപടത്തിൽ അടയാളപ്പെടുത്തുന്നത്.

**1. ചുവപ്പ് : ശാരീരിക അതിക്രമങ്ങളും ആക്രമണങ്ങളും കൂടുതൽ നടന്നിട്ടുള്ള സ്ഥലം ഏറ്റവും ശ്രദ്ധിക്കേണ്ട സ്ഥലങ്ങളാണുള്ളത്.**

**2. നീല : വാക്കുകളിലൂടെയുള്ള അതിക്രമങ്ങൾ.**

**3. മഞ്ഞ : ശരീരചേഷ്ട, ഭാവപ്രകടനം എന്നിവയിലൂടെ മോശം പെരുമാറ്റം നടക്കുന്ന സ്ഥലം.**

മൂന്ന് നിറത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി അവിടയുള്ളഅതിക്രമങ്ങൾക്ക് പ്രത്യേക സുരക്ഷ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതാണ്.

ഭൂപടത്തിൽ എളുപ്പം മനസ്സിലാക്കുന്ന രീതിയിലാണ് സ്ഥലങ്ങൾ ചിത്രീകരിക്കുക.

**1. വാർഡുകളെ വിഭജിക്കുന്ന രേഖ**
**2. പ്രധാന റോഡുകൾ**
**3. ഇട റോഡുകൾ**
**4. നടപ്പാതകൾ**
**5. പഞ്ചായത്ത്**
**6. സ്കൂളുകൾ**
**7. അംഗൻവാടികൾ**
**8. പൊതു സ്ഥാപനങ്ങൾ**
**9. മൈതാനം**
**10. ആരാധനാലയങ്ങൾ**
**11. തീര പ്രദേശങ്ങൾ**

ക്രൈം മാപ്പിങ്ങ് പ്രവർത്തനങ്ങളോടൊപ്പം അതിക്രമങ്ങളുടെ പ്രതിരോധത്തിന് പ്രത്യേക ബോധവൽക്കരണക്ലാസ്സുകളും പ്രായോഗിക നിർദ്ദേശങ്ങളും നൽകുന്നതാണ്.

(അവലംബം. മാതൃഭൂമി 23-07-14)

**അധ്യായം 8**

### കാർഷികോത്സവം - എങ്ങിനെ

**കേ**രളം ഉത്സവങ്ങളുടെ നാടാണല്ലോ, പല വിധത്തിലുള്ള ഉത്സവങ്ങൾ ഓരോ സമയത്തും നടക്കുന്നുണ്ട്. കാലഭേദമില്ലാതെ ജനങ്ങൾ ഉത്സവങ്ങൾ സംഘടിപ്പിക്കുകയും വിവിധ ജനങ്ങളെ ആകർഷിപ്പിക്കുകയും ചെയ്യുന്നു.

കാർഷികവൃത്തി കേരളത്തിലെ തനിമയാണ്. ഗവൺമെന്റിന്റെ കൃഷിവകുപ്പ്, ക്ഷീരവികസന വകുപ്പ്, ഫാം ഇൻഫർമേഷൻ ബ്യൂറോ, സ്റ്റാളുകൾ, വെജിറ്റബിൾ & ഫ്രൂട്ട്സ് പ്രമോഷൻ കൗൺസിൽ, കാർഷിക ഗവേഷണ കേന്ദ്രങ്ങൾ( മണ്ണുത്തി, വെള്ളായണി, ആനക്കയം), വിവിധ യൂണിവേഴ്സിറ്റികൾ എന്നി സ്ഥാപനങ്ങൾ ജനശ്രദ്ധ ആകർഷിക്കുന്ന കേന്ദ്രങ്ങളാണ്. കേരളത്തിലെ കൃഷിഭവനുകളുടെ പ്രവർത്തനം കാർഷിക മേഖലയ്ക്ക് ഒരു മുതൽകൂട്ടാണ്. ഒഴിഞ്ഞു കിടക്കുന്ന പാടങ്ങളുംസ്ഥലങ്ങളും കണ്ടെത്തി കാർഷിക പുരോഗതിക്ക് ഫലപ്രദമായ പരിവർത്തനം നടത്തുകയാണെങ്കിൽ, കാർഷിക ഉത്സവം സംസ്ഥാനത്തിന് ഒരു മുതൽകൂട്ടാവും അതിലുപരി കുറെ തൊഴിലില്ലാത്ത ജനങ്ങൾക്ക് ഒരു ജീവനോപാധിയുമാകും.

**അധ്യായം 9.**


## "കഫേശ്രീ..." വരുന്നു

**മ**ലപ്പുറം, പൊന്നാനി എന്നി പട്ടണങ്ങളിൽ കുടുബശ്രീയുടെ കീഴിൽ കഫേശ്രീ അടുത്തു

**(ശേഷം പേജ് 35ൽ)**

കവിത

# പാട്ടുകാരൻ



ശ്രീധരനുണ്ണി

ആരായിരുന്നു കടുംതുടിപ്പാട്ടുമായ്
ആശ്രമ മുറ്റത്തു വന്നു ?
ഏതോപഴംപാട്ടുപാടിയനാദിതൻ
വാതിലിൽ മുട്ടി വിളിച്ചു ?
ഉള്ളിലുറങ്ങിയ നാരായണക്കിളി
മന്ദമുണരുകയായി.
പിൻപാട്ടുപാടാൻ ശ്രുതി തിരഞ്ഞാഴിത
ന്നക്കരെയക്കരെ പോയി.
കാലവും ദൂരവും പിന്നിട്ട പക്ഷിയെ
കാണാക്കിളയായി വാഴ്ത്തി.
കാടും കടലും കടന്നതാം പക്ഷിയായ്
മാനസക്കൂട്ടിലുറങ്ങി.
ആയിരത്തൊന്നു കിനാവുകൾ കാണുവാൻ
ആകാശ പുഷ്പം വിടർത്തി.
ആ മണി മെത്തയിൽ മാറുന്നോരോർമ്മയായ്
രാജകുമാരിയെ കണ്ടു.
ആരായിരുന്നു കടുംതുടിപ്പാട്ടുമായ്
ആവഴിയീവഴി വന്നു ?






KALATHIL MOTORS

TWO WHEELER REPAIRING CENTERE



Vrindavan Colony, Chevayur
Kozhikode








Mob: RAJEESH - 9447480240

ശ്രീ ഭദ്ര ജ്യോതിഷം

ശില്പങ്ങളോടുകൂടി
റെഡിമെയ്ഡ്
പൂജാമുറികൾ
തയ്യാറാക്കി
കൊടുക്കും

കർമ്മം, വിദ്യ, വിവാഹം, ശത്രുദോഷം, മാനസിക പിരിമുറുക്കം,
ധനം എന്നിവക്ക് രേഖാ ജ്യോതിഷത്തിലൂടെ ഉത്തമ പരിഹാരം

തച്ചുശാസ്ത്ര വിധിപ്രകാരം മര സംബന്ധമായ
എല്ലാ ജോലികളും ചെയ്തുകൊടുക്കുന്നു.





വാസ്തു പൂജ ചെയ്തുകൊടുക്കുന്നു

ഫോണിൽ ബന്ധപ്പെട്ടശേഷം മാത്രം വരിക.
സുഷാന്ത് എം.പി.
ഫോൺ : 9207943125
തയ്യിൽതാഴം



**ലേഖനം**



പൂനൂർ കെ. കരുണാകരൻ

# കാരുണ്യം മറക്കുന്ന കേരളം



നഗര, ഗ്രാമ വ്യത്യാസങ്ങളില്ലാതെ കോൺക്രീറ്റ് കാടുകളായി മാറിക്കൊണ്ടിരിക്കുന്ന മലയാള നാടിന്റെ തെരുവോരങ്ങളിൽ ഒരു തിരുവോണത്തിന്റെ കേളികെട്ടു കൂടി ഉയരാൻ തുടങ്ങുന്നു. മലയാളിയുടെ ഭൌതിക ജീവിത തൃഷ്ണയെ പ്രചോദിപ്പിക്കുന്ന വിധത്തിൽ മാർക്കറ്റിംഗ് തന്ത്രങ്ങളും അരങ്ങുവാഴാൻ ആരംഭിച്ചു കഴിഞ്ഞു. നിർഭാഗ്യകരമെന്നു പറയട്ടെ ഐതിഹ്യത്തിലെ മഹാബലിയുടെ സമത്വസുന്ദരമായ ഭരണക്രമത്തെ, ഗൃഹാതുരയോടെ കൊണ്ടാടിയവർ അവയെയൊക്കെ പാടെ മറന്നിരിയ്ക്കുന്ന ദുരവസ്ഥയാണ് നാട്ടിലുടനീളം കാണുന്നത്. എങ്ങിനേയും ജീവിതത്തെ തെറ്റായ വിധത്തിൽ ആസ്വദിക്കാൻ സാഹസപ്പെടുന്ന ലജ്ജാകരമായ ചെയ്തികളിൽ കേരളം അമ്പരന്നു നില്ക്കുന്നു. നിത്യവും കാലത്ത് നമ്മുടെ പോർട്ടിക്കോവിലെത്തുന്ന പത്രങ്ങളിലെ, മനുഷ്യമനസ്സാക്ഷിയെ മരവിപ്പിക്കുന്ന വാർത്തകൾ മാത്രം മതി ഇതിനെ സാധൂകരിയ്ക്കുവാൻ. പല വാർത്തകളിലൂടെയും കടന്നു പോവുമ്പോൾ, കേരളീയ മനസ്സിലെ സാന്മാർഗ്ഗിക ബോധത്തിനു എന്തുപറ്റി എന്ന ദുഃഖവും അമർഷവുമാണ് അനുഭവപ്പെടുന്നത്. മനഃശാസ്ത്ര വിദഗ്ദർപോലും തിന്മയുടെ ഈ അതിരുവിട്ട കുതിപ്പിൽ ആശങ്കാകുലാണ്. ഇതിൽ ഏറ്റവും ഹീനമായത് കൊച്ചുകുട്ടികളോടു കാണിയ്ക്കുന്ന ലൈംഗിക അതിക്രമങ്ങളാണ്. അടുത്തകാലത്തായി നമ്മുടെ നാട്ടിൽ ഈ കൊടും പാതകത്തിന്റെ എണ്ണത്തിലുണ്ടായ വർദ്ധന, നമ്മൾ ആർജ്ജിച്ചുവെന്നു നമ്മൾ തന്നെ അഭിമാനിയ്ക്കുന്ന സംസ്ക്കാരത്തേയും വിദ്യാഭ്യാസ മൂല്യങ്ങളേയും നാണംകെടുത്തുന്ന വിധത്തിലുള്ളതത്രെ.

“ബാല്യം പ്രകൃതിയുടെ വരദാനവും അനുഗ്രഹവുമാണ്” . മൂന്നു വയസ്സും നാലു വയസ്സും മുതലുള്ള പിഞ്ചു കുഞ്ഞുങ്ങളെ ക്രൂരമായി പീഡിപ്പിക്കുന്നവർ നിഷ്കളങ്കതയുടെ ഈ പവിത്രതയെയാണ് എറിഞ്ഞുടയ്ക്കുന്നത്. ഈ കുട്ടികളുടെ തുടർ ജീവിതം തന്നെ അതോടെ ഇരുൾക്കയത്തിൽ മുങ്ങി നശിച്ചു പോകുന്നു. അടുത്തകാലത്ത് പുറത്തു വന്ന ഒരു കണക്കു പ്രകാരം, ഇക്കഴിഞ്ഞ ജൂൺ 30 വരെ ഇത്തരത്തിലുള്ള ഇരുപത്തി നാലായിരത്തി ഇര



Yes Key Electricals & Engineering Works

Puthiyapalam, Calicut

Repair of: Motor Rewinding, Welding Set, Step-Up, Battery Charges, Mixie, Fan, Cikreema Rectifiers etc

കൂടാതെ എല്ലാവിധ ഇലക്ട്രിക്ക് ഉപകരണങ്ങളും റിപ്പയർ ചെയ്തുകൊടുക്കുന്നു.

NB: വെൽഡിംഗ് മെഷീൻ വാടകയ്ക്ക് കൊടുക്കുന്നതാണ്.

K.P. Sunil Kumar Mob:9847390950

Ph:04952702073,Resi:9048594525

HASBI

TOURS & TRAVELS



Meenchanda

Areekad

Calicut-27

Mob: SAHIR

9895 999 100

9349 666 100




ന്നൂറ്റി പന്ത്രണ്ടു കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. എത്ര ഭീതിജനകമായ അവസ്ഥയാണ് എന്നോർത്തു നോക്കുക. കുട്ടികൾക്കെതിരായ ഇത്തരം കേസുകളെ "പോക്സോ" നിയമപ്രകാരമാണ് കൈകാര്യം ചെയ്യുക. പോക്സോ നിയമപ്രകാരം എടുക്കുന്ന കേസുകളിൽ കർശനമായ നടപടികൾ വേണമെന്നു ഈയടുത്ത കാലത്താണ് സുപ്രീം കോടതി വിധിച്ചിട്ടുള്ളത്. സാക്ഷരതയുടെ സൗഭാഗ്യ പട്ടം അണിഞ്ഞവരെന്നു ഊറ്റം കൊള്ളുന്ന നമ്മുടെ തലമുറ തലകുനിയ്ക്കേണ്ട മറ്റൊന്നു കൂടി ഈ കോടതി വിധിയിലുണ്ട്. ഒരു ജില്ലയിൽ നൂറിലധികം പോക്സോ കേസുകളുണ്ടെങ്കിൽ അവിടെ പ്രത്യേകം പോക്സോ കോടതികൾ സ്ഥാപിക്കണമെന്നാണ് ഈ വിധി. ഈ വിധി നടപ്പാക്കുമ്പോൾ ഇവിടെ എല്ലാ ജില്ലകളിലും ഇത്തരം കോടതികൾ സ്ഥാപിക്കേണ്ടിവരും. കാരണം എല്ലാ ജില്ലകളിലും ഇത്തരം കേസുകളുടെ എണ്ണം നൂറും അതിലേറെയുമാണ്. ഇതിനെതിരെ വിധിക്കപ്പെടുന്ന വലിയ ശിക്ഷകൾ പോലും ഇവയുടെ ബാഹുല്യത്തെ തടയാൻ പര്യാപ്തവുമാവുന്നില്ല.

കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളിൽ മാത്രം ഇവയൊന്നും ഒതുങ്ങുന്നില്ല. ഈ ഗണത്തിൽ പെടുന്നവതന്നെയാണ് സ്ത്രീകൾക്കെതിരെ വർദ്ധിച്ചു വരുന്ന കുറ്റകൃത്യങ്ങളും. പ്രണയവും, കുടുംബ കലഹങ്ങളും, സാമ്പത്തിക കാര്യങ്ങളും, ദുരഭിമാനവുമൊക്കെയായി കാരണങ്ങൾ പലതും പറഞ്ഞു കേൾക്കാറുണ്ട്. പക്ഷേ പുരുഷന്റെ സ്വാർത്ഥതയ്ക്കപ്പുറം, മറ്റു ന്യായ വാദങ്ങളൊന്നും ഇതിന്റെ പിന്നിലുണ്ടാവാറില്ല എന്നവതാണ് സത്യം. പല കേസുകളിലും കേൾക്കാറുള്ളത് ബാലിശവും ദുർബ്ബലവുമായ എതിർ വാദങ്ങളത്രെ. മലയാളിയെ ബാധിച്ചിരിക്കുന്ന ഈ സ്വഭാവ വൈകൃതത്തെ ദൂരികരക്കുവാൻ ഒരു പുനർ വിചിന്തനം നടത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.സാമൂഹ്യ ശാസ്ത്രജ്ഞരും , സാസ്ക്കാരിക പ്രവർത്തകരും, ഭരണകർത്താക്കളുമാണ് ഇതിനു മുൻകയ്യെടുക്കേണ്ടത്. ഇതിനായി വ്യാപകമായ ബോധവൽക്കരണം നടത്തേണ്ടതുണ്ട്. സാംസ്ക്കാരിക സ്ഥാപനങ്ങളും വായനശാലകളും കേന്ദ്രീകരിച്ച് ഇത് നടത്താവുന്നതാണ്. പിടിവിട്ടു പോയേക്കാവുന്ന ഒരു സാമൂഹ്യ വിപത്ത് എന്ന തിരിച്ചറിവിൽ നിന്നാണ് ഇതിനു പ്രതിരോധം തീർക്കേണ്ടത്. വർത്തമാന കാല ജീവിത സാഹചര്യങ്ങൾ നിരീക്ഷിക്കുമ്പോൾ, ഇപ്പറഞ്ഞ കള്ളികളിലൊന്നും ഒതുങ്ങാത്ത വിധത്തിലുള്ള മറ്റു കുറ്റകൃത്യങ്ങളുടെ വാർത്തകളും ഓരോ ദിവസവും നാം വായിക്കേണ്ടി വരുന്നു. കൊലയുടേയും ബലാത്സംഗങ്ങളുടേയും നാനാതരത്തിലുള്ള കൊടും ചെയ്തികളുടേയും പറുദീസയായി "ദൈവത്തിന്റെ നാട്" വേഷം മാറുന്നുവോ എന്നു സംശയിച്ചാൽ, ആ സംശയം ഒട്ടും അസ്ഥാനത്തല്ലതന്നെ. കഥയിലാണെങ്കിലും, സ്നേഹസാന്ദ്രവും സമത്വ സുന്ദരവുമായ ഒരു ഭരണസംവിധാനത്തെ സാക്ഷാൽക്കരിച്ച മഹാബലിയുടെ ഇഷ്ട ഭൂമി, കാരുണ്യം മറക്കുന്നസമൂഹത്തിന്റെ കളിക്കളമായി മാറിക്കൊണ്ടിരിയ്ക്കുന്നു, എന്നത് വിധിയുടെ വൈപരീത്യം തന്നെ.

■

# ആത്മപ്രഭാലയ ഗുരുദേവ ദർശനങ്ങൾ

**സത്യം എന്നാൽ എന്ത്?**

സത്യത്തിന് രൂപമില്ല. ഭാവമില്ല. സ്വാർത്ഥതാല്പര്യവുമില്ല. ഇങ്ങിനെയുള്ള ശക്തിയെ എങ്ങിനെ തിരിച്ചറിയും? ഇത് മനസ്സിലാക്കിയ ഗുരുദേവന്മാർ സത്യത്തെ തിരിച്ചറിയണമെങ്കിൽ വ്യക്തിക്ക് മനോനിയന്ത്രണം ആവശ്യമാണ് എന്ന് ബോധവൽക്കരിച്ചു. ഗുരുദേവന്മാരാണ് സത്യത്തിന്റേയും ധർമ്മത്തിന്റേയും നീതിയുടേയും ആചാരങ്ങൾക്കും അനുഷ്ടാനങ്ങൾക്കും രൂപം കൊടുത്തത്.

**ആചാര്യന്മാർ നിഷ്ക്കർഷിച്ച ഒരു രാജ്യ ഭരണ സംവിധാനം :-**

ശക്തനായ ഒരാളുടെ ഭരണ നിയന്ത്രണത്തിൽ സത്യവും ധർമ്മവും നീതിയും നിലനിർത്തുകയായിരുന്നു മുൻകാലങ്ങളിലെ ഭരണസംവിധാനം. ജനാധിപത്യപ്രക്രിയയിൽ സത്യവും ധർമ്മവും നീതിബോധവുമില്ലാത്തവർ ഭരണമേറ്റെടുത്താൽ എങ്ങിനെ രാജ്യത്തെ നിയന്ത്രിക്കണമെന്നറിയാതെ ജനാധിപത്യത്തേയും ജനങ്ങളേയും അടിച്ചമർത്താൻ പരിശ്രമിക്കും. ജനാധിപത്യമെന്നാൽ ഭരണത്തെ ഭയപ്പെട്ടു ജീവിക്കുകയെന്നല്ല. ജനങ്ങൾ ഭയമില്ലാതെ ജീവിക്കുകയെന്നതാണ്. ജനങ്ങൾ ഭരണകർത്താക്കളെ തെരഞ്ഞെടുക്കുന്നത് ജനങ്ങൾക്ക് ജീവിക്കാനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനാണ്. നന്മയുള്ള സമൂഹത്തെ വാർത്തെടുക്കുന്നതിനുമാണ്.

**രാജ്യത്തെ സ്വതന്ത്രമാക്കിയത് എന്തിനുവേണ്ടി- ആത്മീയവും ഭൗതികവുമായ ഒരു വശം:-**

ബ്രിട്ടീഷ് പാരമ്പര്യം നിലനിർത്തുവാനായല്ല ആചാര്യന്മാർ ആഹ്വാനം ചെയ്തത്. സത്യവും നീതിയുക്തവുമായ ഒരു സാമ്രാജ്യം കെട്ടിപ്പടുക്കുക എന്നതായിരുന്നു അവരുടെ സങ്കൽപ്പം. എന്നാൽ സത്യവും നീതിബോധവും നഷ്ടപ്പെട്ട സ്വാർത്ഥതാല്പര്യക്കാർ വ്യവസായികളും കുത്തകകളുമായ ധനവാന്മാരെ മാത്രം പ്രീതിപ്പെടുത്തുന്ന തരം ഭരണസംവിധാനം തുടർന്നു. ഭാരതത്തിലും വിശേഷിച്ച് മലയാളനാട്ടിലും കർഷകരെ കാർഷികപ്രവർത്തിയിൽ നിന്ന് അകറ്റാനുള്ള തന്ത്രങ്ങൾ ഭരണകൂടത്തിലെ ചില തല്പരകക്ഷികൾതന്നെ ധനവാന്മാരുമായി ചേർന്ന് രാജ്യത്ത് നടപ്പാക്കികൊണ്ടിരുന്നു. തൽഫലമായി രാജ്യത്ത് നിലനിന്നിരുന്ന ജനങ്ങളുടെ സംസ്ക്കാരത്തേയും ഇല്ലാതാക്കി. മുൻകാലങ്ങളിൽ നാടുവാഴിത്തത്തിനെതിരായി പ്രവർത്തിച്ചവർ നാടുവാഴികളായി അധഃപതിച്ചു. സത്യവും അസത്യവും തിരിച്ചറിയാൻ കഴിയാത്ത വിധം അറിവും ബോധവുമില്ലാത്തവരായി. ധർമ്മവും അധർമ്മും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് ചിന്തിക്കാത്തവരുമായി. തിരഞ്ഞെടുപ്പുകാലങ്ങളിൽ സത്യത്തിനും ധർമ്മത്തിനും നിരക്കാത്ത പലവിധ പ്രസ്താവനകൾ ഇറക്കി ജനങ്ങളെ തെറ്റിൽനിന്നു തെറ്റിലേക്കു നയിച്ചു. രാജ്യപുരോഗതി തടസ്സപ്പെടുത്തി.

**പ്രണാമങ്ങളോടെ**
**എം. മോഹൻദാസ്, സൂക്തനിലയം**
**അരീക്കോട്ട് പറമ്പ്, പി.ഒ. കോട്ടൂളി,**
**കോഴിക്കോട്, ഫോൺ : 9744960052**


ഗുരുദേവ സ്മൃതിയിൽ
സഹകരിക്കുവാനും
സംഘടിക്കുവാനും
താല്പര്യമുള്ളവർ
ബന്ധപ്പെടുക







ആശംസകളോടെ...
**ആത്മപ്രഭാലയ**
**ബനാന ചിപ്സ് സെന്റർ**
**കളിപൊയ്ക**
**പി.ഒ. കോട്ടൂളി**
**കോഴിക്കോട്-16**
**ഫോൺ: 9744960052**





# നക്ഷത്രരാജ്യം ത്രൈമാസിക മാനേജ്മെന്റ് "ത്രൈമാസിക" നേരിട്ട് സപ്ലൈ ചെയ്യുന്ന കോഴിക്കോട് സിറ്റി, കൊയിലാണ്ടി, മഞ്ചേരിയിലെ പ്രധാനപ്പെട്ട കടകൾ

***ശാസ്താസ്***
(Near K.S.R.C stand)
സിറ്റി ടവറിന് എതിർവശം
മാവൂർറോഡ്, കോഴിക്കോട്.

***കോളിറ്റി സ്റ്റേഷനറി***
7/940,കോർട്ട് റോഡ്
രണ്ടാം റെയിൽവേ ഗേറ്റിന് സമീപം
കോഴിക്കോട്- 673001
ഫോൺ: 2721358

***കെ.ആർ. ബ്രദേഴ്സ്***
എസ്.എം. സ്ട്രീറ്റ്
കോഴിക്കോട്- 673001, ഫോൺ: 2720565

***അളകാപുരി സ്റ്റേഷനറി,***
പാളയം, കോഴിക്കോട്, ഫോൺ: 9946267474

***മലബാർ സ്റ്റേഷനറി,***
(മിംസ് ആശുപത്രിയ്ക്ക് എതിർവശം)
കോഴിക്കോട്

***ലക്കിബുക്ക്സ്***
ന്യൂബസ്സ്റ്റാന്റ്, കൊയിലാണ്ടി
ഫോൺ: 9846544326.

***അസീസ് സ്റ്റേഷനറി***
*കൊയിലാണ്ടി ബസ്സ്റ്റാന്റ്. കോഴിക്കോട്,*

***നെല്ലിക്കുത്ത് ബുക്ക് സ്റ്റാൾ***
(Op) ന്യൂ ബസ്സ് സ്റ്റാന്റ്, മഞ്ചേരി,
ഫോൺ: 9946628758

***വി.എം. സ്റ്റേഷനറി***
ശ്രീകൃഷ്ണ തിയേറ്റർ ഗെയ്റ്റ്
മഞ്ചേരി. ഫോൺ: 9995337568

***ശ്രീദേവി ബുക്ക്സ & പേപ്പേഴ്സ്,***
(കോടതിക്കടുത്ത്), കച്ചേരിപ്പടി
മഞ്ചേരി, ഫോൺ:

***കെ. ആർ. കൂൾബാർ***
(കരിമ്പ് ജ്യൂസ് കട), പഴയ ബസ്സ് സ്റ്റാന്റ്
മഞ്ചേരി ഫോൺ: 9946999413

***യൂണിക്ക് ബുക്ക് സ്റ്റാൾ***
(കോടതിക്കടുത്ത്), മഞ്ചേരി
ഫോൺ: 8281019502

***അപെക്സ് ബുക്ക് സ്റ്റാൾ,***
ബസ്സ് സ്റ്റാന്റ് , രാമനാട്ടുകര
ഫോൺ: ........................

***ഗുഡ്ലൈൻ ബേക്കറി***
(കോയാസ് പോസ്പിറ്റലിനു മുൻവശം) (കോഴിക്കോടചെറുവണ്ണൂർ)

***അക്ഷര ബുക്ക്സ്*** (രാമനാട്ടുകര)
***എം. കെ. ബുക്ക്സ്*** (രാമനാട്ടുകര)
***ബുക്ക് ലാന്റ്*** (രാമനാട്ടുകര)
***കുട്ടിയാപ്പു സ്റ്റേഷനറി*** (രാമനാട്ടുകര)
***മലയാളി ഫാൻസി*** (ഫറോക്ക്)
***ചന്ദ്രൻ സ്റ്റേഷനറി*** (ഫറോക്ക്)
***രാജൻ സ്റ്റേഷനറി,*** (പൊയിൽകാവ്)
***വിജയൻ, ജനറൽമർച്ചന്റ് & സ്റ്റേഷനറി*** (പൊയിൽകാവ്)
***അബുബക്കർ സ്റ്റേഷനറി*** (പൂക്കാട്)
***ശ്രീൻ സ്റ്റോർ*** (അത്താണിക്കൽ)
***പ്രതീത സ്റ്റോർ (മിൽമ)*** (പന്തീരാങ്കാവ്)
***ഇ.എൻ. ജി. സ്റ്റോർ*** (പന്തീരാങ്കാവ്)
***ടി.കെ. ഗോപാലൻ സ്റ്റേഷനറി*** (പൊറ്റമ്മൽ)
***കൃഷ്ണൻക്കുട്ടി സ്റ്റേഷനറി*** (പൊറ്റമ്മൽ)
***വാസു സ്റ്റേഷനറി*** (മാങ്കാവ്)
***കെ. ജയരാജൻ സ്റ്റേഷനറി*** (കാളൂർറോഡ്)
***ഫ്രണ്ട്സ് സ്റ്റേഷനറി*** (കാളൂർറോഡ്)
***പ്രമീള സ്റ്റോർ*** (കോന്തനാരി)
***കേരളാ സ്റ്റോർ,*** 6-ാം മൈൽ, (വെള്ളിപറമ്പ്)
***കൃഷ്ണൻക്കുട്ടി സ്റ്റേഷനറി,*** (അത്താണിക്കൽ)
***ജയചന്ദ്രൻ(കുട്ടൻ)സ്റ്റേഷനറി*** (വെസ്റ്റ്ഹിൽചുങ്കം)
***വി.കെ.ബി. സ്റ്റോർ*** (വെസ്റ്റ്ഹിൽ ചുങ്കം)
***ചുങ്കം സ്റ്റേഷനറി*** (വെസ്റ്റ്ഹിൽ ചുങ്കം)
***രാമചന്ദ്രൻ സ്റ്റേഷനറി*** (പുതിയപാലം)
***ധർമ്മരാജ് സ്റ്റേഷനറി*** (പുതിയപാലം)
***അനിൽ കുമാർ(ബാബു)സ്റ്റേഷനറി*** (പുതിയപാലം)
***സുരഭി സ്റ്റേഷനറി*** *(ഒളവണ്ണ ബസാർ)*
***രാമകൃഷ്ണൻ സ്റ്റേഷനറി*** (നിയർ അപ്സര തിയേറ്റർ ടിക്കറ്റ് കൗണ്ടർ), (കോഴിക്കോട്)
***രാമദാസ് സ്റ്റോർ,*** കല്ലയി റോഡ്, (നിയർകല്ലിക്കോട്ടെ ഫണ്ട്സ്, (കോഴിക്കോട്)
***ടി.പി സ്റ്റോർ,*** (ശാരദമന്ദിരം)
***കെ.എസ്. സ്റ്റേഷനറി& കൂൾബാർ*** (കൈമ്പാലം)
***സാഗരൻ സ്റ്റേഷനറി,*** (ഈസ്റ്റ് നടക്കാവ്)
***കവിത സ്റ്റോർസ്,*** ദേവഗിരി ബിൽഡിംഗ്,ഫോൺ: 04952355921 (കാലിക്കറ്റ്മെഡിക്കൽകോളേജ)
***എം.സി. ആലിക്കോയ,*** വ്യാപാരഭവൻ, (മാങ്കാവ്)
***നാരായണൻ ബുക്ക് സ്റ്റാൾ,*** (ഇംഗ്ലീഷ് പള്ളി)
***ബേബി സ്റ്റേഷനറി*** (കാരന്തൂർ)

കഥ



# പുതുക്കി പണിത ജീവിതം

**സബീന സുനിൽ**



അങ്ങ് ദൂരെ ഒരു പോസ്റ്റിൽ ആടിയാടി നിൽക്കുന്നു അതാണ് നമ്മുടെ കഥാനായകൻ പേര് രാഹുൽ കാണാൻ സുന്ദരൻ പക്ഷേ ഒരു മെനകെട്ട രൂപം താടിയും മുടിയും നീട്ടി വളർത്തി ഒരു ലുങ്കിയും ഷർട്ടും വേഷം. കുളിച്ചിട്ട് രണ്ട് ദിവസമായെന്ന് തോന്നും കണ്ടാൽ എന്നാലും ഒരു സിനിമ നടനെ വെല്ലുന്ന രൂപം നല്ല ഉയരവും അതിനനുസരിച്ചുള്ള ശരീരഘടനയും ഏത് പെണ്ണും കണ്ടാൽ ഒന്നു നോക്കി പോവും അതാണവന്റെ വിജയവും ഹോബിയും. ടൈൽസിന്റെ ജോലിയാണവന് ദിവസവും നല്ലൊരു വരുമാനവുമുണ്ട് അതെല്ലാം മദ്യം വാങ്ങിയും കള്ളുകുടിച്ചും തീർക്കും കൂടെ കൂടാൻ ഒരു പാട് ചങ്ങാതിമാരുണ്ട് എല്ലാവരും അവന്റെന്ന് ഓസിന് കിട്ടുന്ന മദ്യത്തിന് വേണ്ടി ചങ്ങാത്തം കൂടുന്നവർ.

രാഹുൽ എന്താണ് ചെയ്യേണ്ടതെന്നറിയാതെ ആടി ആടി നിൽക്കുകയായിരുന്നു. ഒന്നും തെളിയുന്നില്ല ആകെ കുഴഞ്ഞു മറിഞ്ഞ അവസ്ഥ ചിന്തകളും പ്രവർത്തികളുമെല്ലാം താളം തെറ്റി. ഇപ്പോൾ ഒരു ഉന്മാദാവസ്ഥയിലാണ് എല്ലാം ചുട്ടു ചാമ്പലാക്കുന്ന ഉന്മാദാവസ്ഥ രാവിലെ അധ്വാനിച്ചു കിട്ടുന്ന പണം യാതൊരു ഉളുപ്പുമില്ലാതെ വൈകിട്ട് മദ്യം വാങ്ങി കുടിക്കുകയാണ് അത് കഴിച്ചു കഴിഞ്ഞാൽ യാതൊന്നും അറിയണ്ട ഉന്മാദം മാത്രം ചുറ്റും.

രാഹുൽ ചുമ്മാ നടന്നു. വീടെത്തുമെങ്കിൽ അവിടെ കിടന്നുറങ്ങാം. അല്ലെങ്കിൽ വീണിടം വിഷ്ണുലോകം അവന് തെറ്റിയില്ല. നേരെ വീട്ടിൽത്തന്നെ എത്തി അവിടെ വഴികണ്ണുമായി അമ്മ കാത്തുനിൽക്കുന്നുണ്ടായിരുന്നു നിറകണ്ണുകളോടെ. അവനതൊന്നും പ്രശ്നമല്ലായിരുന്നു. അമ്മയുടെ കണ്ണുനീർ അവനെത്ര കണ്ടിരിക്കുന്നു. അവന്റെ ഉന്മാദം മാത്രമേ അവൻ നോക്കാറുള്ളു അതിനു വേണ്ടി എന്തും ചെയ്യാൻ മടിക്കാത്തവിധം അവന്റെ മനസ് മുരടിച്ചിരിക്കുന്നു. അതൊക്കെ കള്ളും കഞ്ചാവും തന്ന സൗഭാഗ്യങ്ങളാണ്.

അമ്മയുടെ നെഞ്ച് പൊട്ടിതകരുകയായിരുന്നു മകന്റെ കിടപ്പ് കണ്ട്. എന്തൊരു കോലമാണീശ്വര ഇത് എങ്ങനെ നടന്ന കുട്ടിയ അവരുടെ മനസ് ഒരു നിമിഷം പിറകോട്ടു പോയി. തന്നെയും മോനെയും പിരിഞ്ഞ് ഭർത്താവ് ആ ലോകത്തിന്നു പോയ മഴയുള്ള ആ നശിച്ച ദിവസം... കുന്നോളം സ്നേഹവും കരുതലും കിട്ടിയിരുന്ന തങ്ങൾക്ക് അദ്ദേഹത്തിന്റെ വിടവാങ്ങൽ താങ്ങാവുന്നതിലും അപ്പുറത്തായിരുന്നു. വന്നവരെല്ലാം ആശ്വസിപ്പിച്ചു. നിനക്കൊരു മോനില്ലെ പിന്നെന്തിനാ പേടിക്കുന്നെ. അത് തന്നെയായിരുന്നു തന്റെ ആശ്വാസവും. മോൻ പഠിച്ച് മിടുക്കനാകും. പിന്നെ അവളുടെ ലക്ഷ്യവും മോനെ പഠിപ്പിച്ച് ഒരു നിലയിലാക്കുക എന്നതായിരുന്നു. അതിനവൾ ജോലിക്ക് പോവാൻ തുടങ്ങി. മറ്റുള്ളവരുടെ വീട്ടിലെ അടുക്കളജോലി ചെയ്ത് പണം സമ്പാദിച്ചു. പത്താം ക്ലാസിൽ അവൻ നല്ല മാർക്കോടെ പാസായി ഡിഗ്രിയാണവനെ മാറ്റിയത്. സ്നേഹിക്കാൻ മാത്രം അറിയുന്ന കുട്ടിയായിരുന്നു തന്റെ മോൻ. അതായിരുന്നു അവന്റെ പരാജയവും. കൗമാരപ്രായത്തിൽ മനസിൽ തോന്നിയ ചാപല്യം കൂടെ പഠിച്ച കുട്ടിയോടു തോന്നിയ കൗതുകം പ്രണയത്തിനു വഴി മാറി. അവന്റെ സ്നേഹം ആത്മാർത്ഥമായിരുന്നു. നല്ലൊരു ജോലി കിട്ടി അവളെ തന്റെ ജീവിതത്തിലേക്കു കയറ്റാനുള്ള അത്രയും ആത്മാത്ഥത. പക്ഷേ അവൾക്കത് നേരംമ്പോക്കായിരുന്നു. അവന്റെ ജീവിത സാഹചര്യം അറിഞ്ഞ അവൾ അവനെ യാതൊരു മടിയും കൂടാതെ തള്ളിപറഞ്ഞു. വീട് പണിക്കു പോവുന്ന അമ്മയും ചെറിയ വീടും അവൾക്കു നാണക്കേടായി. ഇങ്ങനെ ഒരു ബന്ധമാണ് അവൾക്കുള്ളതെന്നറിഞ്ഞാൽ അവളുടെ വീട്ടുകാർ എതിർക്കുമെന്ന് പറഞ്ഞ് അവൾ ഭാവി സുരക്ഷിതമാക്കി. പക്ഷെ തന്റെ മോൻ അതോടെ തകർന്നുപോയി. ആത്മാർത്ഥ സ്നേഹത്തിനു യാതൊരുവിലയും ഇല്ലെന്നു മനസിലാക്കിയ തന്റെ മോൻ അതോടെ നശിക്കാൻ തുടങ്ങുകയായിരുന്നു.

പെണ്ണെന്നു കേട്ടാൽ അവനു വെറുപ്പായി, പകരം മദ്യത്തിനേയും മയക്കുമരുന്നിനേയും സ്നേഹിക്കാൻ തുടങ്ങി. പഠിപ്പ് നിർത്തി. പണത്തിന് വേണ്ടി കൂലിപണിക്ക് പോവാൻ തുടങ്ങി.

പെണ്ണിനോടുള്ള പക തീർക്കാൻ അവൻ കണ്ടെത്തിയ മാർഗ്ഗം പെൺകുട്ടികളെ സ്നേഹം നടിച്ച് ചതിക്കുകയായിരുന്നു. അവന്റെ സൗന്ദര്യത്തിൽ മയങ്ങി വീഴുന്ന പെൺകുട്ടികളെ അവൻ

(ശേഷം 36 -ാം പേജിൽ)

# New Style Dresses





Gents & Ladies
Sastha Complex
**Golden Bazar**
Mananthalathazham, Kozhikode
Mob: Mohandas 9387966863

# NAKSHATHRA SILKES & SAREES

P.S.C. BANK BUILDING
Pantheerankave, Mob: 9400931425



SilkDesigner Sarees
Churidar Materials Kids Wears



ESTD 1979

# SHOBA CLINICAL LABORTORY

**Pavangad, Calicut - 21 2392584**
**Mob: HARIDAS 9447462050**
ഞങ്ങളുടെ സഹോദര സ്ഥാപനം
ന്യൂകൃപ എക്സ്റെ & ലബോറട്ടറി, വയനാട് റോഡ്
Op. ഫാത്തിമ ഹോസ്പിറ്റൽ, കോഴിക്കോട്

# T. Kumaran Vaidyar's JAYAPRAKASH PHARMACY

**Malapparamba, Kozhikode - 9,**



**Kerala, India**
**Jayaprasad P.K.**
**Mob : 9447059880**





# DHANA LAKSHMI JEWELLERY





**P.V.S. Shopping Complex,**
**Cheriya Mankave, Kozhikode - 7**
**Prop : M.C. Vinodkumar : Mob : 9847070204**
**Shop : 2331737, Resi : 2324410**

# MANAMKULAM TIMBERS

Chalappuram P.O., Calicut 673 002, Kerala
Whole Sale and Retail Dealer of all Types of Timber logs & Sizes, Nilotika Sizes Available
Ph: Abdul mNazer - 9847010745
Mohemed Faizel - 9847133878

# P.V. ENTERPRISES

DEALERS IN ELECTRICAL & PLUMBING MATERIALS

17/1894/A6, Abba Arcade, East Kottaparamba
G.H. Road, Kozhikode- 1
Ph : 0495 2724100, 9387338100

# MANAMKULAM ENTER PRISES

Chalappuram P.O., Calicut 673 002, Kerala
Ph: **Off: 2302884, Res: 2301916, Mohemmed Ashraf - 9847755130, Faras : 8943957157, 7012461655**
WHOLE SALE DEALER OF ANCHOR PLYWOOD & WESTERN INDIA PLYWOOD / Dealers: Plywood, Laminated Sheets, Black Boards, Aluminium Items, Hardware, Timbers etc...

# Highness Cool

Refrigeration & Air Conditioning

Near Post Office, Mankave, Calicut- 7
(Service for A/C, Fridge)
Washing Machine, Spray Painting, etc...
Mob : 9349810003

# മനോജ് ടീ സ്റ്റാൾ



**കുറ്റിയിൽതാഴം**
**കോഴിക്കോട്**



**ഫോൺ: മനോജ് 9847915793**

# ശ്രീമുത്തപ്പൻ ഓം ശ്രീ സായ്റാം

കൊളത്തായ് കോംപ്ലക്സ്, പാല
ഫോൺ: 9061434339, 9497752475

**ടൂൾസുകൾ വാടകയ്ക്ക്**

കട്ടിംഗ് മെഷീൻ,സാൻട്രിംങ്ങ് മെഷീൻ, ഡ്രിൽ, കംപ്രസ്സർ, വെൽഡിംങ്ങ് മെഷീൻ, കോൺക്രീറ്റ് കട്ടിംഗ് മെഷീൻ തുടങ്ങിയ വിവിധ ടൂൾസ് ,മെഷീനുകൾ വാടകയ്ക്ക്

# CAR TECH

**Krishnan Nair Road Junction, Karaparamba, Calicut-10 Mob: Suresh Babu 9495640243,**
**Ph: 2377017, Res: 2376189**



GOVERNMENT APPROVED

**A SERVICE CENTER FOR MECHANICHAL ENGINEERING PACH WORKS & SPRAY PAINTING FOR ALL CARS & JEEP**

**കുടുബശ്രീ**

**(പേജ് 27 ൽ ബാക്കി)**

ത്തന്നെ ആരംഭിക്കും. മഞ്ചേരിയിൽ ആരംഭിച്ചു കഴിഞ്ഞു. ഇന്ത്യൻ കോഫി ഹൗസിന്റെ മാതൃകയിലാണ് കഫേശ്രീ ഭക്ഷണ ശാലകൾ തുടങ്ങാൻ പോകുന്നത്. ഭക്ഷണസാധനങ്ങളുടെ വില പിന്നീട് നിശ്ചയിക്കും. മഞ്ചേരിയിലും മലപ്പുറത്തും കഫേശ്രീ തുടങ്ങാൻ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പൊന്നാനിയിൽ ഇതിനായി സ്ഥലം അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെനിന്നും വിദഗ്ദപരിശീലനം നൽകിയ10 പേരെ തെരഞ്ഞെടുത്തു.

**പ്രത്യേകതകൾ**

എല്ലാ കഫേശ്രീ ഭക്ഷണശാലകളിലും ഒരോ ഭക്ഷണശൈലിയിലായിരിക്കും വിഭവങ്ങൾ. സ്ഥാപനം നടത്തുന്നവരും പാചകക്കാരും സ്ത്രീകൾ. എല്ലാവർക്കും ഒരേ യൂണിഫോം. മേശ, കസേര, കർട്ടനുകൾ എല്ലാം ഒരേ രീതിയിൽ.

തിരുവനന്തപുരത്ത് ടെക്നോ പാർക്ക് ഉൾപ്പെടെ 20 സ്ഥലങ്ങളിലാണ് ആദ്യ സംരംഭമെന്ന നിലയിൽ കഫേശ്രീ തുടങ്ങുന്നത്. ഇവിടേയ്ക്ക് ആവശ്യമായ യൂട്ടെൻസിൽ ഉപകരണങ്ങൾ, സി.സി.ടി.വി. ക്യാമറ, ആവിപാചക സംവിധാനം എന്നിവയ്ക്ക് ടെൻഡർ വിളിച്ചു കഴിഞ്ഞു. ഭക്ഷണം കഴിക്കാൻ വരുന്നവർക്ക് കിച്ചൺ കാണത്തക്കവിധമായിരിക്കും കടയുടെ സംവിധാനം.

കുടുംബശ്രീ നടത്തുന്ന സംഘകൃഷിയിലൂടെ ഉല്പാദിപ്പിക്കുന്ന പച്ചക്കറികളാണ് കഫേശ്രീയിൽ ഉപയൊഗിക്കുക. അതുപോലെ കളർ കൂട്ടാത്ത മസാലകളായിരിക്കും കറികളിൽ ഉപയോഗിക്കുക. നല്ലരീതിയിൽ സ്വാദിഷ്ടമായ ഭക്ഷണരീതിയാണ് കഫേശ്രീയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് (അവലംബം: മലയാള മനോരമ 02-08-2014)

**കുറിപ്പ് :**

28നിയമങ്ങളെപ്പറ്റി കേരളസംസ്ഥാന ലീഗൽ സർവ്വീസസ് അതോറിട്ടഡി( കെൽസ) പ്രസിദ്ധീകരിച്ച "സ്ത്രീയും നിയമവും" യെന്ന ചെറുപുസ്തകത്തിൽ നിയമസാക്ഷരത വ്യക്തമാക്കിയിട്ടുണ്ട്. ലേഖകൻ മലപ്പുറം ജില്ലയിലെ 17 പഞ്ചായത്തുകളിൽ BRP(Banking Resourses Person ആയി പ്രവർത്തിച്ചിട്ടുണ്ട്. ■

**കവിത**



**ബിന്ദി കിഴിശ്ശേരി**

# നാം എങ്ങോട്ട്



സംഗീതസാന്ദ്രമാം പ്രകൃതിയെ
ഇന്നിന്റെ നെറികെട്ട നീതികൾ
തച്ചുടയ്ക്കുന്ന ബീഭത്സമാം ദൃശ്യം
എങ്ങിനെ ദർശിപ്പൂ മനുഷ്യാ !
സ്വാർത്ഥമോഹിയായ്, പരിണമിച്ച
തെങ്ങനെ എൻ പ്രിയ തോഴരേ!
വേദങ്ങളിലും മറ്റുഗ്രന്ഥങ്ങളിലും
പ്രകൃതിയെ ഉപാസിക്കുവാൻ പഠിച്ചനീ
പ്രകൃതിയെ ധ്വസനം ചെയ്തീടുന്നു.
ശാസ്ത്രം ജയിക്കുമ്പോൾ, പ്രകൃതിയെ ധ്വസിക്കാൻ
പഠിപ്പിച്ചതാരെന്ന് ചൊൽക നീ
ശാസ്ത്രവും പ്രകൃതിയും ഒന്നിച്ചുയരുന്ന
കാഴ്ച്ചകൾ, വെറുമൊരു കിനാവു മാത്രം.
കുന്നും, മലയും, വനവും, യന്ത്രത്തിൻ
കരാളഹസ്തത്തിൽ വീണുപിടയുമ്പോൾ,
നിൻ നേത്രങ്ങൾ തിമിരത്തിൻ മുങ്ങിടുന്നോ
ധരിത്രി തൻ രോദനം കേട്ടിടാതെ,
ധരണി തൻ നിണം പാനം ചെയ്തു
ദാഹമകറ്റുന്ന നിൻ കരം
പെറ്റമ്മയെ ധ്വസിക്കാൻ മടിയ്ക്കുമോ?
അന്ധകാരത്തിൽ കയത്തിലേക്കു നീങ്ങവേ,
ഇനിയും വൈകിയിട്ടില്ലെന്ന സത്യമരിക
പ്രകൃതിയെ, സ്നേഹിച്ചിടുവാൻ, കാത്തുക്കൊള്ളാൻ
ഇല്ലെങ്കിൽ,
പ്രകൃതിതൻ ക്രൂരമാം നടനത്തിൽ
ബലിയാടുകളായ് കുരുതിയർപ്പിക്കും
വരും ജന്മങ്ങൾ ദർശിച്ച്
ശാപമോക്ഷത്തിനായ് കേഴുക.





# അക്ഷര
## സ്കൂൾ ഓഫ് ആർട്സ്
P.V.M. ബിൽഡിംഗ്, ബസ് സ്റ്റാന്റ്, പറമ്പിൽ ബസാർ
Mob : 9895041758, 8113041758

| ഡ്രോയിങ്, കളറിംഗ് വിത്ത് പേസ്റ്റൽസ്, പെൻസിൽ ഷെയ്ഡിംഗ്, വാട്ടർ കളർ പെയ്ന്റിംഗ്, ഓയിൽ പെയിന്റിംഗ് | ശാസ്ത്രീയ സംഗീതം, തബല, ഗിറ്റാർ, വയലിൻ, കീബോർഡ്, ABACUS, Computer Courses |
|---|---|

വയലിനിലും, കീബോർഡിലും ട്രിനിറ്റി കോളേജ് ഓഫ് ലണ്ടന്റെ ഗ്രേഡിംഗ് എക്സാമിനു വേണ്ടി പ്രത്യേകം പരിശിലിപ്പിക്കുന്നു

SPOKEN ENGLISH CLASS - STUDENTS, ADULTS

HANDWRITING ENG - , MAL - ,
ഒരു മാസത്തെ പരിശീലനം കൊണ്ട് കൈയ്യക്ഷരം ഭംഗിയാക്കാം

NATA, NID, NIFT Entrance Coaching
VACATION CLASSES FOR ALL COURSES




# GURUKULAM
## SCHOOL OF FINE ARTS
5/2310-A, "ZION", P.R. Nambiar Road
Ashokapuram, Calicut - 673001
sherin_deeps@rediffmail.com, www.gurukulamfinearts.in
Mob : 9745 849 429, 9895 835 863

| ഡ്രോയിങ്, കളറിംഗ് വിത്ത് പേസ്റ്റൽസ്, പെൻസിൽ ഷെയ്ഡിംഗ്, വാട്ടർ കളർ പെയ്ന്റിംഗ്, ഓയിൽ പെയിന്റിംഗ് | ശാസ്ത്രീയ സംഗീതം, തബല, ഗിറ്റാർ, വയലിൻ, കീബോർഡ്, ABACUS |
|---|---|

വയലിനിലും, കീബോർഡിലും ട്രിനിറ്റി കോളേജ് ഓഫ് ലണ്ടന്റെ ഗ്രേഡിംഗ് എക്സാമിനു വേണ്ടി പ്രത്യേകം പരിശിലിപ്പിക്കുന്നു

ഡാൻസ് - ഭരതനാട്യം, കുച്ചുപ്പുടി

HANDWRITING ENG - , MAL - ,
ഒരു മാസത്തെ പരിശീലനം കൊണ്ട് കൈയ്യക്ഷരം ഭംഗിയാക്കാം

NATA, NID, NIFT Entrance Coaching
VACATION CLASSES FOR ALL COURSES

## പുതുക്കി പണിത ജീവിതം

(33-ാംപേജ് തുടർച്ച)

യാതൊരു ദാക്ഷിണ്യവും കൂടാതെ ചതിച്ചു. ചതി മനസിലാക്കി കരഞ്ഞുവരുന്ന പെൺകുട്ടികളെ ചീത്തവിളിച്ചു. ഇനി തന്നെ തേടിവന്നാൽ കൊന്നുകളയുമെന്ന് ഭീഷണിപ്പെടുത്തി. പെണ്ണിന്റെ കണ്ണുനീർ അവനു ഹരമായി മാറി...

എന്തൊക്കെയോ ഓർമ്മയിൽ ആ പാവം അമ്മ എപ്പോഴോ ഉറങ്ങിപ്പോയി. നേരം നന്നായി വെളുത്തിരുന്നു ഉറങ്ങി എണീക്കുമ്പോൾ. അപ്പോഴേക്കും രാഹുൽ പോയിരുന്നു. അവർ ദീർഘശ്വാസംചെയ്തു. ഭഗവാനെ എന്റെ പൊന്നുമോനെ കാത്തോളണെ.

രാഹുൽ ചായക്കട ലക്ഷ്യമാക്കി നടന്നു. ഒരു കട്ടൻ കുടിച്ചിട്ട് വേണം പണിക്ക് പോവാൻ. അപ്പോഴാണ് ദൂരെനിന്ന് ഒരു ലോറി നിയന്ത്രണംവിട്ട് അവന്റെ നേർക്ക് പാഞ്ഞു കയറിയത്.

ബോധം വന്നത് മൂന്നാം നാൾ. പാതി കണ്ണു തുറന്നപ്പോൾ കണ്ടു അമ്മ തന്റെ മുഖത്തേക്കും നോക്കി നിസഹായതയോടെ ഇരിക്കുന്നു. എന്ത് കോലമാണ് അമ്മയുടേത് ആകെ ഉണങ്ങി പോയിരിക്കുന്നു. എന്തൊരു ഐശ്വര്യമായിരുന്നു താൻ കാണുമ്പോഴൊക്കെ. പിന്നെ താൻ ശ്രദ്ധിക്കാറെ ഇല്ലായിരുന്നു. അമ്മ ഉണ്ടോ ഉറങ്ങിയോ ഒന്നും തന്റെ വിഷയമല്ലായിരുന്നു. ഏതോ ഒരു പീറപെണ്ണിനു വേണ്ടി അമ്മയേയും താൻ മറന്നു. അമ്മയുടെ മുഖം സന്തോഷം കൊണ്ട് വിടരുന്നത് അവൻ കണ്ടു. എന്റെ മോൻ കണ്ണു തുറന്നല്ലോ ഭഗവാനെ അങ്ങ് എന്റെ പ്രർത്ഥന കേട്ടു. എന്റെ മോനെ എനിക്ക് തന്നെ തിരിച്ചു തന്നല്ലോ! ആ അമ്മയുടെ കണ്ണിൽ നിന്നും കണ്ണീർ ധാരധാരയായി ഒഴുകി.

പിന്നേയും രണ്ട് മാസമെടുത്തുആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജ് ആവാൻ. അതിനിടയ്ക്ക് അവൻ പലതും പഠിക്കുകയായിരുന്നു. പൈസയ്ക്ക് വേണ്ടി നെട്ടോട്ടം ഓടുന്ന അമ്മയെ കണ്ടപ്പോൾ അവന്റെ നെഞ്ച് നീറി. തന്റെ ആരോഗ്യം വീണ്ടെടുക്കാൻ പെടാപാട് പെടുന്ന പാവം അമ്മ. ഒന്നിനും വേണ്ടിയല്ല ആ അമ്മ മോനെ സ്നേഹിക്കുന്നത്. ഇനിയും തന്നെ നോക്കുമെന്ന് പ്രതീക്ഷയുമില്ല. അവർക്കതൊന്നും വേണ്ടായിരുന്നു. തന്റെ മോൻ ജീവിച്ചിരുന്നാൽ മാത്രം മതി. അപ്പോഴേക്കും സുഹൃത്തുക്കളെല്ലാം അവനെ കയ്യൊഴിഞ്ഞിരുന്നു. അമ്മയെ കാണുമ്പോഴൊക്കെ അവർ ഒളിക്കാൻ തുടങ്ങി. പണം കടം ചോദിക്കുമെന്ന പേടിയുണ്ടായിരുന്നു അവർക്ക്. അതൊക്കെ അമ്മ ഒരു ചെറുചിരിയോടെ പറയുമ്പോൾ അവൻ ചുമ്മാ ആശുപത്രി കെട്ടിടം നോക്കി കിടന്നു.

ആശുപത്രിയിൽ നിന്നും പുറത്തിറങ്ങുമ്പോൾ പുതിയൊരാളാവുകയായിരുന്നു. ഇനിയെങ്കിലും നന്നായി ജീവിക്കണം. അമ്മയെ പണിക്ക് വിടാതെ അന്തസ്സായി നോക്കണം. കാഴ്ചപ്പാട് മാറിയപ്പോൾ അവന്റെ കാഴ്ചയും മനോഹരമായി. ഈ നാട് കാണാൻ എന്തൊരു മനോഹരമാണ്. ഇതിനെയൊക്കെയാണല്ലോ താൻ വെറുത്തത്. അവന്റെ കണ്ണിൽ പുതിയ പ്രതീക്ഷയുടെ പുഞ്ചിരി വിരിഞ്ഞു. ■



# പുസ്തക പ്രകാശനം

**അനീസ സുബൈദയുടെ പ്രഥമ കവിതാ സമാഹാരം "സൂര്യശില" 2019 ഏപ്രിൽ 25 – വ്യാഴം വൈകു. 4 മണിക്ക് കോഴിക്കോട് അളകാപുരിയിൽ വെച്ച് ആദ്യപ്രതി പ്രശസ്ത കവി ശ്രീ. പി.പി. ശ്രീധരനുണ്ണിക്ക് സമർപ്പിച്ചുകൊണ്ട് പ്രൊഫ. എം. എൻ കാരശ്ശേരി നിർവ്വഹിച്ചു.**



ടി.പി. മമ്മു മാസ്റ്റർ, ഡോ. എൻ.എം. സണ്ണി, പി. എൽ. ശ്രീധരൻ, അമിത് ചക്കാലക്കൽ, മെജോ ജോസഫ്, ഭാസി മലാപ്പറമ്പ്, റംസി ഇസ്മായിൽ, എം.എസ്. ബാലകൃഷ്ണൻ, കെ.എം.കെ. വെള്ളയിൽ തുടങ്ങിയ പ്രഗൽഭ വ്യക്തിത്വങ്ങൾ പുസ്തക പ്രകാശന വേദിയിൽ പങ്കെടുത്തു സൂര്യശില കവിതാ സമാഹാരത്തെക്കുറിച്ചും അനീസ സുബൈദയുടെ കവിതാരചനാ വൈഭവത്തെക്കുറിച്ചും സംസാരിച്ചു.

പ്രതിസ്പന്ദം : അനീസ സുബൈദ
കൃതജ്ഢത : പ്രഭാ രാജവല്ലി

യശോദ നിർമ്മല്ലൂർ, മുരളീധരൻ കൊല്ലത്ത്, ശ്രീജ ചേളന്നൂർ, നവീന സുഭാഷ്, അജിത മാധവ്, മുണ്ട്യാടി മാമോദരൻ തുടങ്ങിയ പ്രശസ്ത കവികൾ കവി സമ്മേളനത്തിൽ പങ്കെടുത്തു കവിതകൾ അവതരിപ്പിച്ചു.

അനീസ സുബൈദക്ക് ആൾ കേരള മാപ്പിള സംഗീത അക്കാദമി, ഗാന്ധിയൻ സാഹിത്യ വേദി,




കാമരാജ് ഫൗണ്ടേഷൻ ഓഫ് ഇന്ത്യ എന്നിവയുടെ ആദരവും പുരസ്ക്കാരങ്ങളും ലഭിച്ചിട്ടുണ്ട്.


എഴുത്തിൽ വേറിട്ട ശബ്ദം എന്നു വിശേഷിപ്പിക്കുന്ന കവയിത്രിയാണ് ശ്രീമതി അനീസ സുബൈദ.

നക്ഷത്രരാജ്യം ലേഖകൻ

## സി.എം.എസ്. ഗ്ലാസ്സ്, പ്ലൈവുഡ് & ഫർണീച്ചർ

**അർപ്പണ സെന്റർ, കോവൂർ, കോഴിക്കോട്**

**ഫോൺ: 0495 2353022, സി.എം. സുന്ദരൻ - 9388412430**


ഗ്ലാസ്സ്, പ്ലൈവുഡ്, ഫർണീച്ചർ, ഫൈബർ ഡോർ,
*ഗ്ലാസ്സ് ബെന്റിങ്ങ്, കളറിംഗ്, ബവലിംഗ്, എച്ചിംങ് വർക്സ്*
ഹാർഡ് വേർ, കിച്ചൻ ക്യാബിനറ്റ്, *അക്വേറിയം,*

## സി.എം.എസ്. ഫർണീച്ചർ

**തൊടിയിൽ ബിൽഡിംഗ്, പൊറ്റമ്മൽ , കോഴിക്കോട് 673 017**

**ഫോൺ: സി.എം. സുന്ദരൻ 7592 056 056, 7592 058 058, 99950 36 186**



BAJAJ FINSERV

**0% - Intrest Bajaj Finance**

പലിശ രഹിത വായ്പാ സൗകര്യം



സോഫസെറ്റ് - 14500 രൂപ മുതൽ
കട്ടിൽ & ബെഡ് - 16000 രൂപ മുതൽ
ബെഡ്റൂം സെറ്റ് - 33900 രൂപ മുതൽ
ഡൈനിംഗ് ടേബിൾ &
6 Nos ചെയർ (Wooden) 21900 രൂപ മുതൽ






**ചികിത്സക്കും ആയുർവ്വേദ ഔഷധങ്ങൾക്കും**

## Agency : KACOPS, KOTTOOLI

**Mob : 9747868041**

**29/1552 A2, KOTTOOLI CENTERE**

**KOZHIKODE - 16**






**എല്ലാവിധ ഇൻഡസ്ട്രിയൽ ജോലികൾക്കും സമീപിക്കുക**




## ശാരദ ഇൻഡസ്ട്രിയൽസ്

**കാളൂർറോഡ് , മാങ്കാവ്**

കോഴിക്കോട് - 673 007

**Mob:9846412070**





# ഐശ്വര്യ സ്വയം സഹായ സംഘം

**മുക്കണ്ണിപറമ്പ്, കൊമ്മേരി IDC Reg No 224/04**

**കോഴിക്കോട 673 007**

ഐശ്വര്യ സ്വയംസഹായ സംഘത്തിന്റെ ആഭിമുഖ്യത്തിൽ 15–ാം വർഷവും ഫെനോയിൽ, ബ്ലീച്ചിങ്ങ് പൗഡർ, തുണിസഞ്ചി എന്നിവ സൗജന്യമായി വിതരണം ചെയ്തു. അന്നേ ദിവസം 07/07/2019 ന് ശുചിത്വത്തെ കുറിച്ചും ഫ്ളാസ്റ്റിക്ക് ഉപയോഗം കുറക്കേണ്ടതായ ആവശ്യകതയെക്കുറിച്ചും ബോധവൽക്കരിക്കുന്നതിനായി ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. രാജേഷ് പേരാമ്പ്ര ക്ലാസ്സിന് നേതൃത്വം കൊടുത്തു. തുടർന്ന് ശ്രീ. ബാബുരാജൻ ചമ്പയിൽ, ഹെൽത്ത് ഇൻസ്പക്ടർ (30–ാം വാർഡ്) തുടങ്ങിയവർ ബോധവൽക്കരണ ക്ലാസ്സിൽ പ്രസംഗിച്ചു.

## കാര്യപരിപാടി

| | |
|---|---|
| സ്വാഗതം: | നിശാന്ത് വി.പി (സെക്രട്ടറി) |
| അദ്ധ്യക്ഷൻ: | ബാബുരാജ് ചമ്പയിൽ (പ്രസിഡണ്ട്) |
| ഉദ്ഘാടനം: | ഹെൽത്ത് ഇൻസ്പക്ടർ (30–ാം വാർഡ്) |
| മുഖ്യാതിഥി: | ബുൾസിയ നാസർ (അയൽമിത്രം റസിഡന്റ്സ് അസോസിയേഷൻ പ്രസിഡണ്ട് |
| ആശംസകൾ: | ഇ.രാധാകൃഷ്ണൻ (മാനേജിംഗ് എഡിറ്റർ, നക്ഷത്രരാജ്യം ത്രൈ മാസിക) |
| | ബിൻസി ഷിജിത്ത് (സൂര്യ വനിതാ സ്വയം സഹായ സംഘം |
| നന്ദി: | ശ്രീഷാന്ത് എടോളി എന്നിവർ നിർവ്വഹിച്ചു. |

**വ്യക്തികൾ തുണി സഞ്ചി ശീലമാക്കുക സംഘടനകൾ ഫ്ളക്സ് ഉപേക്ഷിക്കുക.**

# ദേവികൃഷ്ണ ട്രാവൽസ്

**കരുവിശ്ശേരി, കോഴിക്കോട്**

**ഫോൺ: 9539170505, 9387920470**





സോമൻ സ്വാമി–കരുവിശ്ശേരി–കോഴിക്കോട്

ഫോൺ: 9539170505, 9387920470

2019 സെപ്തംബർ 12 ന് രാമേശ്വരം തിരുപ്രംകുണ്ടം – ധനുഷ്കോടി, മധുര – പഴനി യാത്ര : ഭക്ഷണം, താമസം ഉൾപ്പെടെ ഒരാൾക്ക് RS - 3000

## 2019 സെപ്തംബർ – 20ന് ദ്വാരകയാത്ര.


ദ്വാരക സോമനാഥ് ഫോർബന്തർ സർദാർ വല്ലഭായ് പട്ടേൽ ബേട്ട് ദ്വാരക.

## 2020– ഫിബ്രവരി 15ന് കാശീ. ഹരിദ്വാർ

ഋഷികേഷ്, ആര്യ– ഡൽഹി യാത്ര

**തിരുപ്പതി യാത്ര : 2020 ഏപ്രിൽ–15 ന് തിരുപ്പതി, കാളഹസ്തി, ഗോൾഡൻ ടെമ്പിൾ, പത്മാവതി ക്ഷേത്ര ദർശനം** RS - 3500

അഭിമുഖം



ചിത്രാപാട്ട് നീലകണ്ഠൻ

# വിനോദ് എന്ന മൂസ്സക്കായി

**ഹാസ്യത്തിന്റെ തമ്പുരാൻ ജഗതി ശ്രീകുമാറിന്നും, കോഴിക്കോടൻ ഭാഷയിൽ നർമ്മം കൊണ്ട് ചിരിപ്പിക്കുന്ന കുതിരവട്ടം പപ്പുവിന്നും മാമുകോയക്കും ശേഷം, കോഴിക്കോടൻ ഭാഷയിലൂടെ പ്രേക്ഷകരെ ചിരിപ്പിക്കുന്ന മറ്റൊരു മുഖമാണ് വിനോദ് കോവൂർ. 18 വർഷമായി വിനോദ് കോവൂർ ഇവിടെയുണ്ട്., വിനോദിന്റെ കലാജീവിതത്തിലേക്ക് കടന്നു ചെല്ലുകയാണ് ശ്രീചിത്രാപാട്ട് നീലകണ്ഠൻ.**





വളർന്നു വരുന്ന നടന്മാരുടെ കൂട്ടത്തിൽ ശ്രദ്ധേയനായ നടനാണ് ശ്രീ.വിനോദ് കോവൂർ. കഴിഞ്ഞ 18 വർഷമായി വിനോദ് കോവൂർ എന്ന കലാകാരൻ ഇവിടെയുണ്ട്. നാടകവും, ഹോം സിനിമയും, മിമിക്രിയും, വിവിധ ചാനലുകളിലെ ഷോകളുമായും, തന്റെ കലാപ്രവർത്തനങ്ങളുമായി സജീവമായിരുന്നെങ്കിലും, വിനോദിന്റെ കലാജീവിതത്തിൽ മറിമായങ്ങൾ സംഭവിക്കാൻ തുടങ്ങിയത് ഏകദേശം 5 വർഷം മുതലാണ്. കൃത്യമായിപ്പറഞ്ഞാൽ മഴവിൽ മനോരമയിലെ മറിമായം എന്ന ഹാസ്യപരിപാടിയിൽ മൊയ്തു എന്ന കോഴിക്കോടൻ കഥാപാത്രത്തെ അവതരിപ്പിച്ചതു മുതൽ വിനോദിന്റെ കലാജീവിതത്തിലും സംഭവിച്ചത് മറിമായമാണ്.

ഏതൊരു മിമിക്രിക്കാരന്റേയും സ്വപ്നതട്ടകമായ സിനിമയിൽ ഒരു നടനായി മാറിക്കൊണ്ടിരിക്കുകയാണ് വിനോദ്. സത്യൻ അന്തിക്കാടിന്റെ പുതിയ തീരങ്ങൾ, വി.എം. വിനുവിന്റെ Face to Face എന്നി സിനിമകളിൽ ശ്രദ്ധേയമായ വേഷങ്ങൾ അഭിനയിച്ചു. ആനുകാലിക സിനിമകളിൽ മുഴുനീള കഥാപാത്രമായി അഭിനയിച്ചുകൊണ്ടിരിക്കുകയുമാണ്.

കോഴിക്കോടൻ ഭാഷ സംസാരിക്കുന്ന മൊയ്തുവാണ് ശ്രദ്ധിക്കപ്പെട്ട കഥാപാത്രം. വി.എം. വിനുവിന്റെ മമ്മൂട്ടി നായകനായ Face to Face എന്ന സിനിമയിലേക്ക് വിനോദിനെ ശുപാർശ ചെയ്തത് മമ്മൂട്ടിയാണ്. പപ്പുവിനും മാമുക്കോയക്കും ശേഷം കോഴിക്കോടൻ ശൈലിയിൽ തന്റേതായ ഒരിടം കണ്ടെത്താനുള്ള ശ്രമത്തിലാണ് വിനോദ്.

കോഴിക്കോട് മെഡിക്കൽ കോളേജിനടുത്തുള്ള കോവൂരിൽ വിനോദിന്റെ വീട്ടിലേക്ക് ഞാനും ഫോട്ടോഗ്രാഫർ ഉണ്ണിയും കടന്നു ചെല്ലുമ്പോൾ സമയം വൈകിട്ട് 4 മണി.

മീഡിയവണ്ണിൽ ആഴ്ചയിൽ 2 പ്രാവശ്യം പ്രക്ഷേപണം ചെയ്യുന്ന ആനുകാലിക പ്രസക്തിയുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന M 80 മൂസ്സയുടെ അടുത്തദിവസത്തേക്കുള്ള ഡബ്ബിങ്ങിനു പോകാനുള്ള തിരക്കിലായിരുന്നു വിനോദ്. എങ്കിലും ഞങ്ങൾ നക്ഷത്രരാജ്യം പ്രവർത്തകരാണെന്ന് പറഞ്ഞപ്പോൾ അദ്ദേഹം അഭിമുഖത്തിനു തയ്യാറായി.

അഭിമുഖത്തിന്റെ പ്രസക്തഭാഗങ്ങളിലേക്ക്.

<> മറിമായത്തിലെ മൊയ്തുവും M 80 മൂസ്സക്കായിയും എങ്ങനെ വിലയിരുത്തുന്നു?

M 80 സീരിയലിലെ ആശയം ആദ്യമായി ശ്രദ്ധയിൽ പെടുത്തിയത് ഗാനരചയിതാവ് ഷിബുചക്രവർത്തിയാണ്. തിരക്കഥാകൃത്ത് സജീഷിനോട് ഇക്കാര്യം പറഞ്ഞു മറിമായത്തിലെ അഭിനയം കണ്ടിട്ടാണ് M 80 യിലേക്ക് വിളിക്കുന്നത്. Episode director ഷാജിയാണ്. മമ്മൂട്ടിയുടെ സഹോദരൻ ഇബ്രാഹിംകുട്ടിയാണ് നിർമ്മാതാവ്. ഭാര്യയായി അഭിനയിക്കുന്നത് എനിക്ക് പരിചയമുള്ള നരിക്കുനിയിലെ സുരഭിലക്ഷ്മിയാണ്. അങ്ങനെ എല്ലാ കൂട്ടുകെട്ടു



കളും ചേർന്നപ്പോൾ M 80 മൂസ്സ എന്ന സീരിയൽ ഉടലെടുത്തു. ഗൾഫ് മലയാളികളാണ് കൂടുതലും ആസ്വദിക്കുന്നത്.

<> കോഴിക്കോടൻ ഭാഷാശൈലി തെരഞ്ഞെടുക്കാൻ കാരണം?

M 80. മൂസ്സയിൽ അഭിനയിക്കുന്നവരെല്ലാം കോഴിക്കോട്ടുകാരാണ്. കോഴിക്കോട് മെഡിക്കൽകോളേജിലെ ജീവനക്കാരായിരുന്നു എന്റെ അച്ഛനും അമ്മയും. കൂടാതെ എന്റെ അടുത്ത സുഹൃത്തുക്കളെല്ലാം തന്നെ മുസ്ലീംങ്ങളാണ് സൂക്ഷ്മനിരീക്ഷത്തിലൂടെ അവരുടെ മാനറിസം ഞാൻ കൃത്യമായി മനസ്സിലാക്കി. നിസ്കാരം പോലും. ഒരിക്കൽ ഞാൻ മലപ്പുറത്ത് ഒരുൽഘാടനത്തിനു പോയപ്പോൾ ഒരു പയ്യൻ വന്നു പറഞ്ഞു എന്റെ ഉമ്മയുടെ പേര് പാത്തുമ്മ എന്നാണ് ബാപ്പയുടെ പേര് മൂസ്സ എന്നുമാണ്. ഇരുവരും എന്നും കച്ചറയുമാണ് അതുപോലെതന്നെയാണ് M 80 മൂസ്സയിലെ നിങ്ങളുടെ കുടുംബവും. കോഴിക്കോടൻ ഭാഷ തെരെഞ്ഞെടുക്കാൻ കാരണമെന്തെന്ന് പലരും ചോദിക്കുന്നുണ്ട്. കോഴിക്കോടൻഭാഷയിൽ ഒരു നിഷ്കളങ്കതയുണ്ട്. സാധാരണ ജീവിതത്തിൽ തനി കോഴിക്കോടൻഭാഷ സംസാരിക്കാറില്ല. യാത്ര ചെയ്യുമ്പോൾ ദേ, മൂസ്സാക്ക എന്ന് കുട്ടികളൊക്കെ വിളിച്ചുപറയും. കോഴിക്കോടൻ ഭാഷയാണ് എന്റെ ജീവിതത്തിൽ വഴിത്തിരിവായത്.

<> ഗൾഫ് പ്രോഗ്രാമൊക്കെ വലിയ വിജയമാണെന്ന് കേട്ടിട്ടുണ്ടല്ലോ?

ഗൾഫ് മലയാളികളുടെ പ്രോഗ്രാം നടക്കുന്നതിനിടയിൽ കൊണ്ടോട്ടിക്കാരനായ ഒരു പ്രേക്ഷകൻ വന്നിട്ടു പറഞ്ഞു താങ്കളെ എന്റെ ഉമ്മക്കൊന്ന് കാണണം പക്ഷേ ഇങ്ങോട്ട് നടന്നു വരാൻ പറ്റില്ല വയസ്സായതല്ലെ. അതിനെന്താ ഞാൻ അങ്ങോട്ട് വരാമല്ലോ. പ്രോഗ്രാം കഴിഞ്ഞ വിനോദും അയാളുടെ കൂടെ ഉമ്മയുടെ അടുത്തെത്തി. വന്ദ്യവയോധികയായ ഉമ്മ അദ്ദേഹത്തെ കെട്ടിപ്പിടിച്ച് തന്റെ സന്തോഷം അറിയിച്ചു. നാട്ടിൽ വരുമ്പോൾ കൊണ്ടോട്ടിയിൽ ഞങ്ങളുടെ വീട്ടിൽ വരണം, പിന്നെ വരാലോ എന്നു പറഞ്ഞു പിരിഞ്ഞു. സമയം കിട്ടിയിപ്പോൾ ഉമ്മയുടെ വീട്ടിൽ ഞാൻ പോയി. പോരുമ്പോൾ ഉമ്മ എന്നെ കെട്ടിപ്പിടിച്ച് ന്റെ റബ്ബേ മോനെ നേരിൽ കാണാൻ പറ്റിയല്ലോ അതെനിക്ക് ജീവിതത്തിൽ ഒരിക്കലും മറക്കാൻ പറ്റാത്ത മുഹൂർത്തമായിരുന്നു.


## <> പഠനം

കോവൂർ ഹൈസ്ക്കൂളിൽ നിന്നും 10ാം ക്ലാസ് കഴിഞ്ഞശേഷം, ഗുരുവായൂരപ്പൻ കോളേജിൽ നിന്ന് ബിരുദമെടുത്തു. ഒരു നടനായി തിരിച്ചറിയുന്നത് കോളേജിൽ വെച്ചാണ്.

<> സിനിമാ നടനാകണമെന്ന് ആഗ്രഹിച്ചിരുന്നുവോ?

ഏതൊരു കലാകാരന്റേയും ആഗ്രഹവും, ലക്ഷ്യവും സിനിമാ നടനാവുക എന്നാണല്ലോ. ചെറിയ ചെറിയ വേഷങ്ങൾ, പല വേഷങ്ങൾ പല സിനിമകളായി അഭിനയിച്ചിട്ടുണ്ട്. നാടകത്തിലുള്ള എന്റെ പരിജ്ഞാനമാണ് സിനിമയിലും, സീരിയലിലും എന്നെ സഹായിച്ചത്. കുട്ടികളെ നാടകം പഠിപ്പിക്കുക എന്ന ഒരു ജോലിയും എനി






ക്കുണ്ട്. (ട്രൈനർ). അത്കൊണ്ട് മാത്രമായി മുന്നോട്ടു പോകാൻ കഴിയില്ല. എന്ന് മനസ്സിലായത്കൊണ്ടാണ് ടോം & ജെറി എന്ന ഒരു നാടക ട്രൂപ്പിന് രൂപം കൊടുത്തത്. ടി.വി ചാനലുകളിൽ മറിമായം പോലുള്ള വേഷങ്ങളാണ് എനിക്ക് സിനിമയിലേക്കുള്ള വഴി തുറന്ന് തന്നത്.

<> പുതിയ സിനിമകൾ

രഞ്ജിത്ത് ശങ്കർ സംവിധാനം ചെയ്ത വേഷത്തിൽ വ്യത്യസ്തവും സീരിയസ്സുമായ കഥാപാത്രം ശ്രദ്ധിക്കപ്പെട്ടതോടെ, മറ്റു സിനിമയിലേക്കും വിളിക്കാൻ തുടങ്ങി. മിഖായിലിന്റെ അക്കൽദാമ, അവരറിയാതെ എന്നീ സിനിമകളിൽ അഭിനയിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ തിയേറ്ററുകളിൽ ഓടിക്കൊണ്ടിരിക്കുന്ന സിനിമ ഷിബുവാണ്. അഭിമുഖത്തിനു ശേഷം പുരസ്കാരങ്ങളെപ്പറ്റിയായി ഞങ്ങളുടെ സംസാരം. ഏറെ വാചാലനായി വിനോദ് പുരസ്കാരത്തിലേക്ക് കടന്നു.

അതേ കാരണത്താൽ എന്ന ഹ്രസ്വചിത്രത്തിന് ദേശീയ അവാർഡ്, 28 ഓളം മറ്റു അവാർഡുകൾ, ഷോകെയ്സിൽ ചെറുതും വലുതുമായ നൂറോളം അവാർഡുകൾ, അദ്ദേഹത്തിന്റെ കലാസപര്യക്ക് നേർക്കാഴ്ചയായി ഇരിപ്പുണ്ടായിരുന്നു. ഈ അവാർഡുകൾ എല്ലാം തന്നെ ഈ ചെറിയ, വലിയ കലാകാരന്റെ കലാപാഠവം തെളിയിക്കുന്ന അടയാളങ്ങളാണ്.

<> വിനോദിന്റെ കുടുംബജീവിതം

ഭാര്യ ദേവു രണ്ടു സഹോദരങ്ങൾ കുടുംബത്തിന്റേയും ഭാര്യയുടെയും പിന്തുണയാണ് എന്നെ ഇവിടം വരെ എത്തിച്ചത്. ആളുകൾ തിരിച്ചറിയുന്നതും, കുടുംബത്തെപ്പോലെ കാണുന്നതും വലിയ കാര്യമല്ലെ.?

അഭിമുഖം കഴിഞ്ഞ് വിടപറയുന്നതിനു മുമ്പ്, ഭാര്യയും വിനോദും മാത്രം താമസിക്കുന്ന തറവാട് വീടിന്റെ ചുമരിൽ മനോഹരമായൊരു Land Scape ശ്രദ്ധയിൽ പെട്ടു. ഞാൻ വിനോദിനോട് ചോദിച്ചു. ഇതാരാണ് വരച്ചത്. ഉടനെ വിനോദിന്റെ മറുപടി എനിക്ക് വരക്കാനറിയില്ല എന്റെ അച്ഛന്റെ ജ്യേഷ്ഠൻ വരച്ചതാണ്. ഏതാണ്ട് 50 കൊല്ലത്തെ പഴക്കമുള്ള ഓയിൽ പെയിന്റിംഗിൽ തീർത്ത ചിത്രം. കുറച്ചൊക്കെ നിറം മങ്ങിയിട്ടുണ്ടെങ്കിലും ജീവസ്സുറ്റതായി തോന്നി. തണുക്കാറായ ചായയും കുടിച്ച് വീടിന്റെ പടികളിറങ്ങുമ്പോൾ സായാഹ്ന സൂര്യൻ ഇരുളിൽ മറയുന്നുണ്ടായിരുന്നു. ■

**ചെറുകഥ**



# മാലിന്യം

**ഇബ്രാഹിം മൂർക്കനാട്**



നഗരത്തിലെ മാലിന്യങ്ങൾ, അന്യസംസ്ഥാന മാലിന്യസംസ്ക്കരണ ശാലയിലേക്ക് കൊണ്ടുപോകുന്ന കരാറുകാരനാണ് ഗോകുൽദാസ്. നഗരത്തിന്റെ ഒരൊഴിഞ്ഞ വിശാലമായ പ്രദേശത്താണ് കൊണ്ടുപോകാനുള്ള മാലിന്യങ്ങൾ തള്ളുന്നത്. മാലിന്യത്തിന്റെ അളവ് തിട്ടപ്പെടുത്തുന്നതിനായി അയാൾ ഒരു ദിവസം മാലിന്യം തള്ളുന്ന സ്ഥലം സന്ദർശിച്ചു. എന്നിട്ടുവേണം അയാൾക്ക് മാലിന്യം കൊണ്ടുപോകാനുള്ള വാഹനങ്ങൾ ഏർപ്പാട് ചെയ്യാൻ.

അയാൾ മാലിന്യകൂമ്പാരത്തിലേക്ക് കണ്ണുകൾ പായിച്ചു. കാക്കകളും കഴുകന്മാരും മാലിന്യകൂമ്പാരത്തിന്റെ മുകളിലൂടെ വട്ടമിട്ടു പറക്കുന്നു. അപ്പോഴാണ് മാലിന്യകൂമ്പാരങ്ങൾക്കിടയിൽ ഭദ്രമായി കെട്ടിവെച്ച ഒരു പ്ലാസ്റ്റിക്ക് ചാക്ക് അയാളുടെ ദൃഷ്ടിയിൽപ്പെട്ടത്. ചാക്കിന് ജീവനുള്ളത്പോലെ അയാൾക്ക് തോന്നി. അയാൾ സംശയം തീർക്കാൻ അടുത്തു ചെന്നു അതിനെ സസൂക്ഷ്മം വീക്ഷിച്ചു. ശരിയാണല്ലോ ... ചാക്ക് മെല്ലെ മെല്ലെ ചലിച്ചുകൊണ്ടിരിക്കുന്നു. അയാൾക്ക് അത്ഭുതമായി. ആരെങ്കിലും വല്ല കൂടോത്രം ചെയ്തു വെച്ചതാണോ?... എന്തായാലും ചാക്കിന്റെ കെട്ടഴിക്കുക തന്നെ. അയാൾ ചാക്കിന്റെ കെട്ടഴിക്കാൻ തുടങ്ങി. വളരെ ഭദ്രമായാണ് പ്ലാസ്റ്റിക് കയർകൊണ്ട് ചാക്കിന്റെ വായ മൂടിക്കെട്ടിയിരിക്കുന്നത്.

തന്റെ കൈവശമുണ്ടായിരുന്ന കത്തികൊണ്ടയാൾ കയർ അറുത്തുമാറ്റി. ചാക്ക് തുറന്നു നോക്കിയപ്പോൾ അയാൾ ഞെട്ടി. അയാൾ സ്തംഭിച്ചു നിന്നു. മാളത്തിൽ നിന്നും പാമ്പ് തല നീട്ടുന്നതുപോലെ എല്ലും തോലുമായ ഒരസ്ഥിപഞ്ജരം തലനീട്ടി. ഒരു പടുവൃദ്ധ. ചാക്കിൽ നിന്നും വൃദ്ധ പതുക്കെ എഴുന്നേല്ക്കാൻ ശ്രമിച്ചു. പിന്നെ നോക്കി അവ്യക്തമായി പറഞ്ഞു "ആരാ എന്നെ ഇവിടെ കൊണ്ട് വിട്ടത് ?... ഞാൻ എവിടെയാണ്. എന്റെ മക്കളെവിടെ, എന്റെ കൊച്ചു മോനെവിടെ, കൊച്ചു മോളെവിടെ. അങ്ങനെ പലരേയും തിരക്കി പലതും പറയാൻ തുടങ്ങി.

അയാൾ ഒന്നും പറഞ്ഞില്ല. ഒന്നും ചോദിച്ചില്ല. ആരാണാവോ ഈ വൃദ്ധയെ ഈ മാലിന്യ കൂമ്പാരത്തിൽ തള്ളിയത്. ക്രൂരന്മാർ, കണ്ണിൽ ചോരയില്ലാത്തവർ, പകലിൽ നിന്നും രാത്രിയിലേക്ക് വലിച്ചെറിയപ്പെടുന്ന മാലിന്യങ്ങളായി ആർക്കും വേണ്ടാത്ത വാർധക്യം ഇന്നൊരു ശാപമായി മാറുകയാണോ?

ഈ മാലിന്യം ഇനി എവിടെ കൊണ്ടുപോയിതള്ളും?... ■

Printed, Published and owned by E. Radhakrishnan on behalf of E. Radhakrishnan (name of owner) Edoli House, Kommeri, P.B. 1205, Mankave P O, Kozhikode District in Kerala state, India Pin: 673007 and printed at Geethanjali web offsets, Geethanjali building, NH 17, Kundayithode, Kolathara P O, Kozhikode - 673055 and published at Kozhikode- Editor E. Radhakrishnan.

# നടന ശ്രീ കലാക്ഷേത്ര

Reg. No. 935/2011

## ശാസ്ത്രീയ നൃത്ത ക്ലാസുകളിൽ പരിശീലനം നൽകുന്നു

നൃത്തഗുരു : ടി.എസ്. അനിയൻ

നൃത്തോന്നതി പുരസ്ക്കാര ജേതാവ്

കേരള എക്സലന്റ് അവാർഡ് ജേതാവ്

ബ്രാഞ്ചുകൾ: കോട്ടൂളി, എരഞ്ഞിപ്പാലം

(തായാട്ട് ഭഗവതി ക്ഷേത്രം)

പ്രധാന ശാഖ : ചെന്നൈ തിരുവാൻമിയൂർ

ഫോൺ: 9447312930, 9074600981




# VP FURNITURE & PLYWOODS

Near Jyothi Bus Stop, Pantheerankavu, Kozhikode - 19

PH: 0495 2434860, 2330501

MOB: 7510 136 666







T.V. STAND, CUSHION CHAIR, DINING CHAIR, PLYWOODS, SUNMICA, MDF BOARD, PARTICAL BOARD, HARD BOARD, GUM ETC.

Vol : 2, Issue : 5 NAKSHATRARAJYAM 2019 ആഗസ്ത്, സെപ്റ്റംബർ, ഒക്ടോബർ
RNI Reg. No:KERMAL16195 TRI-MONTHLY(QUARTERLY)












Printed, published and owned by E.Radhakrishnan on behalf of E.Radhakrishnan (name of owner) Edoli House, Kommeri, P B No.1205,Mankavu P O, Kozhikode District in Kerala State, India Pin:673007 and printed at Geethanjali Web Offsets, Geethanjali Building, NH 17, Kundayithode, Kolathara P O, Kozhikode – 673 055 and Published at Kozhikode, Editor E.Radhakrishnan.